# സ്റ്റാൻഡേർഡ് X

# സാമൂഹിക ശാസ്ത്രം

# ആമുഖം

കൊല്ലം ജില്ലാ പഞ്ചായത്തും പൊതുവിദ്യാഭ്യാസ വകുപ്പും കൊല്ലം ഡയറ്റിന്റെ അക്കാദമിക പിന്തുണയോടെ പത്താം ക്ലാസ്സിലെ വിദ്യാർത്ഥികൾക്ക് വേണ്ടി തയ്യാറാക്കിയിട്ടുള്ള പഠനസാമഗ്രിയാണ് **'ഉജ്ജ്വലം'**. എസ്.എസ്.എൽ.സി. പരീക്ഷ എഴുതുന്ന കൊല്ലം ജില്ലയിലെ മുഴുവൻ വിദ്യാർത്ഥികൾക്കും പഠനനേട്ടങ്ങൾ ഉറപ്പാക്കി പരീക്ഷാഫലം മെച്ചപ്പെടുത്തുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. കോവിഡ് കാലഘട്ടത്തിൽ സ്വാഭാവിക ക്ലാസ്സന്തരീക്ഷം സാധ്യമല്ലാതിരുന്ന സാഹചര്യത്തിലുണ്ടായ പഠനവിടവ് പരിഹരിക്കുന്നതിനും വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് ശക്തിപകരുന്നതിനും വേണ്ടി നൂതന സാങ്കേതികവിദ്യയുടെ കൂടി സഹായത്തോടെ തയ്യാറാക്കിയ പഠനസാമഗ്രിയാണിത്. കഴിഞ്ഞ വിദ്യാലയ വർഷം എസ്.എസ്.എൽ.സി പരീക്ഷയിൽ 'A+' കളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് ഉജ്ജ്വലത്തിലൂടെ സാധിച്ചിട്ടുണ്ട്. ഈ പഠനസഹായി ഉപയോഗിച്ചുകൊണ്ട് 60% പരീക്ഷാചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താൻ കുട്ടികൾക്ക് കഴിഞ്ഞു. എസ്.എസ്.എൽ.സി. പരീക്ഷയെ സ്വാഭാവിക സന്ദർഭത്തിൽ ആത്മവിശ്വാസത്തോടെ ഏറ്റെടുക്കുന്നതിന് വിദ്യാർത്ഥികളെ സഹായിക്കുന്ന വിധത്തിലാണ് ഇതിലെ ഓരോ യൂണിറ്റും ക്രമീകരിച്ചിരിക്കുന്നത്. ഒപ്പം മാതൃകാചോദ്യങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. കുട്ടികൾക്ക് സ്വന്തമായും അദ്ധ്യാപകരുടെ ഇടപെടലോടെയും പഠനം ഉറപ്പാക്കുന്ന രീതിയിലാണ് ഇത് രൂപകല്പന ചെയ്തിരിക്കുന്നത്. ക്ലാസ്റൂം പഠന പ്രവർത്തനങ്ങളോടൊപ്പം സ്വാഭാവിക സന്ദർഭം കൂടി ഒരുക്കി കുട്ടികളെ ആത്മവിശ്വാസത്തോടെ പരീക്ഷ എഴുതാൻ പ്രാപ്തരാക്കുന്നതിന് അദ്ധ്യാപകർ ശ്രദ്ധിക്കേണ്ടതാണ്. **'ഉജ്ജ്വലം'** പഠനസാമഗ്രി പരമാവധി പ്രയോജനപ്പെടുത്തി പ്രതിജ്ഞാബദ്ധതയോടുകൂടി അക്കാദമിക പ്രവർത്തനങ്ങളിലേർപ്പെട്ട് ജില്ലയിലെ എസ്.എസ്.എൽ.സി വിജയം 100% ഉറപ്പാക്കുന്നതിന് എല്ലാവിധ ആശംസകളും നേർന്നുകൊള്ളുന്നു.

വിജയാശംസകളോടെ...

**സാം കെ. ഡാനിയേൽ**
പ്രസിഡന്റ്, കൊല്ലം ജില്ലാ പഞ്ചായത്ത്

**ഡോ. പി.കെ. ഗോപൻ**
ചെയർപേഴ്സൺ, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി,
ജില്ലാ പഞ്ചായത്ത്, കൊല്ലം.

**ലാൽ കെ.ഐ**
വിദ്യാഭ്യാസ ഉപഡയറക്ടർ, കൊല്ലം.

**ഡോ. എസ്. ഷീജ**
പ്രിൻസിപ്പാൾ - ഇൻ - ചാർജ്, ഡയറ്റ്, കൊല്ലം.

# തയ്യാറാക്കിയവർ

1. **ജയകുമാരി. എസ്**
   ജി. വി. എച്ച്. എസ്. എസ്., ചാത്തന്നൂർ

2. **മധുസൂദനൻ പിള്ള. എസ്**
   ജി. എച്ച്. എസ്. എസ്., പൂയപ്പള്ളി

3. **ജയശ്രീ. കെ**
   ജി. വി. എച്ച്. എസ്. എസ്., കൊറ്റംകുളങ്ങര

4. **ജയകുമാരി അമ്മ. എസ്**
   ബോയ്സ് എച്ച്. എസ്., തേവലക്കര

5. **റെജി വർഗ്ഗീസ്**
   ജെ. എം. എച്ച്. എസ്., ശാസ്താംകോട്ട

6. **ഗോപകുമാർ. വി**
   ഗേൾസ് എച്ച്. എസ്., കരുനാഗപ്പള്ളി

7. **പ്രദീപ്. ബി**
   ജി. വി. എച്ച്. എസ്. എസ്., ചാത്തന്നൂർ

8. **ഷിനു വി. രാജ്**
   ഇ. വി. എച്ച്. എസ്. എസ്., നെടുവത്തൂർ

9. **ഡയാന. എസ്**
   ജി. എം. ബി. എച്ച്. എസ്. എസ്., കൊല്ലം

10. **ജയചന്ദ്രൻ പിള്ള**
    എസ്. ബി. വി. എസ്. ജി. എച്ച്. എസ്. എസ്., പത്മന മനയിൽ

## സൂക്ഷ്മപരിശോധന

**ഗോപകുമാർ ജി. പി**

(സീനിയർ ലക്ചറർ, ഡയറ്റ് കൊട്ടാരക്കര)

# <u>ഉള്ളടക്കം</u>

## പാർട്ട് 1


1. ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ
2. ലോകം ഇരുപതാം നൂറ്റാണ്ടിൽ
3. പൊതുഭരണം
4. ബ്രിട്ടീഷ് ചൂഷണവും ചെറുത്തു നിൽപും
5. സംസ്കാരവും ദേശീയതയും
6. സമരവും സ്വാതന്ത്ര്യവും
7. സ്വാതന്ത്ര്യാനന്തര ഇന്ത്യ
8. കേരളം ആധുനികതയിലേക്ക്
9. രാഷ്ട്രവും രാഷ്ട്രതന്ത്രവും
10. പൗരബോധം
10. സാമൂഹ്യശാസ്ത്രം എന്ത്? എന്തിന്?
11. ഋതുഭേദങ്ങളും സമയവും


## പാർട്ട് 2


1. ഋതുഭേദങ്ങളും സമയവും
2. കാറ്റിന്റെ ഉറവിടം തേടി
3. മാനവശേഷി വികസനം
4. ഭൂതല വിശകലനം ഭൂപടങ്ങളിലൂടെ
5. പൊതുചെലവും പൊതുവരുമാനവും
6. ആകാശകണ്ണുകളും അറിവിന്റെ വിശകലനവും
7. വൈവിധ്യങ്ങളുടെ ഇന്ത്യ
8. ഇന്ത്യ : സാമ്പത്തിക ഭൂമിശാസ്ത്രം
9. ധനകാര്യ സ്ഥാപനങ്ങളും സേവനങ്ങളും
10. ഉപഭോക്താവ് - സംതൃപ്തിയും സംരക്ഷണവും

**യൂണിറ്റ് 1**

# ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ

## ആമുഖം


പതിനെട്ടും, പത്തൊൻപതും, ഇരുപതും നൂറ്റാണ്ടുകളിൽ ലോകത്തിന്റെ പല ഭാഗങ്ങളിലും രാജവാഴ്ചയ്ക്കും വിദേശിയാധിപത്യത്തിനും എതിരെ നിരവധി വിപ്ലവങ്ങൾ നടന്നിട്ടുണ്ട്. സ്വാതന്ത്ര്യവും, അവകാശവും നിഷേധിക്കുന്ന വ്യവസ്ഥിതിയെ മാറ്റി പുതിയ ലോകം സൃഷ്ടിക്കുക എന്നതായിരുന്നു ഇതിന്റെ ലക്ഷ്യം. ലോകത്തിന്റെ പല ഭാഗങ്ങളിലും നടന്ന വ്യത്യസ്ത വിപ്ലവങ്ങളെ പഠന വിധേയമാക്കുകയാണ് ഈ യൂണിറ്റിലൂടെ..

## ആശയങ്ങൾ

- അമേരിക്കൻ സ്വാതന്ത്ര്യസമരം - മെർക്കന്റലിസം - സ്വാതന്ത്ര്യ പ്രഖ്യാപനം
- ഫ്രഞ്ച് വിപ്ലവം - മധ്യവർഗ്ഗത്തിന്റെ ഉയർച്ച - റൂസ്സോ, വോൾട്ടയർ, മൊണ്ടസ്ക്യൂ - കാരണങ്ങൾ - നെപ്പോളിയൻ ഭരണപരിഷ്ക്കാരങ്ങൾ
- ലാറ്റിൻ അമേരിക്കൻ വിമോചനം - കാരണങ്ങൾ
- മിരാൻഡാ, സൈമൺ ബൊളിവർ - സാൻ മാർട്ടിൻ
- റഷ്യൻ വിപ്ലവം - ഫെബ്രുവരി വിപ്ലവം - ഒക്ടോബർ വിപ്ലവം
- ചൈനയുടെ വിമോചനം - വിദേശിയ ആധിപത്യം - മഞ്ചുഭരണം - സൻയാത് സെൻ - ലോങ് മാർച്ച്

**ചോദ്യങ്ങൾ**

1. (2)



2. അമേരിക്കൻ സ്വാതന്ത്ര്യ സമരത്തിനു പ്രചോദനം നൽകിയ രണ്ടു ചിന്തകൻമാരുടെ പേര് എഴുതുക? (2)
3. നവോത്ഥാനത്തിന്റെ സവിശേഷതകൾ വിലയിരുത്തുക? (2)
4. ജ്ഞാനോദയ ചിന്തകന്മാർ മുന്നോട്ട് വെച്ച ആശയങ്ങൾ എഴുതുക. (2)
5. ലാറ്റിൻ അമേരിക്കൻ വിപ്ലവത്തിന് നേതൃത്വം നൽകിയ വ്യക്തികൾ ആരെല്ലാം? (2)
6. "ബോക്സർ കലാപത്തെ" കുറിച്ച് ഒരു ലഘുവിവരണം തയ്യാറാക്കുക. (3)
7. "ലോങ്ങ് മാർച്ച്" എന്തെന്ന് എഴുതുക? (3)
8. സൺയാത് സെന്നിന്റെ ആശയങ്ങൾ ഏവ? (3)
9. മെർക്കന്റലിസ്റ്റ് നിയമങ്ങൾ എഴുതുക. (3)
10. "ടെന്നീസ് കോർട്ട് പ്രതിജ്ഞ" എന്ത്? (3)
11. ഫെബ്രുവരി വിപ്ലവം, ഒക്ടോബർ വിപ്ലവം എന്നിവ താരതമ്യം ചെയ്യുക. (4)
12. ചേരുംപടി ചേർക്കുക (4)


| | | |
|---|---|---|
| 1. | തോമസ്പെയിൻ | - ബൂർബോൺ രാജവംശം |
| 2. | തോമസ് ജെഫേഴ്സൺ | - അമേരിക്കൻ ഭരണഘടന തയ്യാർ ആക്കി |
| 3. | ലൂയി പതിനാലാമൻ | - കോമൺസെൻസ് |
| 4. | ജെയിംസ് മാഡിസൺ | - സ്വാതന്ത്ര്യ പ്രഖ്യാപനം |

13. യൂറോപ്യൻ രാജ്യങ്ങൾ ലാറ്റിൻ അമേരിക്കയെ കൊള്ളയടിച്ചത് ഏതെല്ലാം രീതിയിലാണ്? (4)
14. നെപ്പോളിയന്റെ ഭരണപരിഷ്ക്കാരങ്ങൾ എഴുതുക. (4)
15. അമേരിക്കൻ സ്വാതന്ത്ര്യ സമരത്തിന്റെ സ്വാധീനം വിലയിരുത്തുക. (4)
16. തന്നിരിക്കുന്ന സൂചനകളുടെ അടിസ്ഥാനത്തിൽ ഫ്രഞ്ച് വിപ്ലവത്തെ വിശദമാക്കുക. (6)

എ) ഫ്രഞ്ച് വിപ്ലവത്തിലേക്ക് നയിച്ച കാരണങ്ങൾ

ബി) ഫ്രഞ്ച് വിപ്ലവത്തിന്റെ സ്വാധീനം.

**17. പട്ടിക പൂർത്തിയാക്കുക**




**18. റഷ്യൻ വിപ്ലവത്തിന്റെ കാരണങ്ങളും ഫലങ്ങളും വിലയിരുത്തുക.**

# ഉത്തരങ്ങൾ

1. (2)

- സോഷ്യൽ ഡെമോക്രാറ്റിക് വർക്കേഴ്സ് പാർട്ടി
  - ബോൾഷെവിക്കുകൾ
    - ലെനിൻ, ട്രോട്സ്കി
  - മെൻഷവിക്കുകൾ
    - അലക്സാണ്ടർ കെരൻസ്കി

2. ജോൺ ലോക്ക്, തോമസ്പെയിൻ
3. 
   - മാനവികത
   - ശാസ്ത്രബോധം
   - അന്വേഷണ കൗതുകം
   - യുക്തിചിന്ത
   - വിമർശനബുദ്ധി
4. സ്വാതന്ത്ര്യം, ജനാധിപത്യം, സമത്വം, ദേശീയത തുടങ്ങിയ ആശയങ്ങൾ ജ്ഞാനോദയ ചിന്തകർ പ്രചരിപ്പിച്ചു.
5. ജോസേഡി സാൻ മാർട്ടിൻ, ഫ്രാൻസിസ്കോ മിരാൻഡാ, സൈമൺ ബോളിവർ.
6. ചൈന ഭരിച്ചിരുന്ന മഞ്ചു രാജവംശം വിദേശ ഇടപെടലിനും ആധിപത്യത്തിനും അനുകൂലമായ നിലപാടാണ് സ്വീകരിച്ചത്. ചൈനയിൽ പ്രവർത്തിച്ചിരുന്ന ചില രഹസ്യ സംഘടനകൾ ഇതിനെതിരെ 1900ൽ കലാപം സംഘടിപ്പിച്ചു. ബോക്സർമാരുടെ മുഷ്ടിയായിരുന്നു അവരുടെ മുദ്ര. ഇത് 'ബോക്സർ കലാപം' എന്നറിയപ്പെടുന്നു.
7. 1934ൽ കമ്മ്യൂണിസ്റ്റുകൾ മാവോയുടെ നേതൃത്വത്തിൽ തെക്കൻ ചൈനയിലെ കിയാങ്സിയിൽ നിന്ന് ഒരു യാത്ര ആരംഭിച്ചു. നിരവധി പ്രതിബന്ധങ്ങൾ തരണം ചെയ്തുകൊണ്ടുള്ള അതിസാഹസികമായ ഈ യാത്ര വടക്കുപടിഞ്ഞാറ് യെനാനിൽ അവസാനിച്ചു. യാത്രയിലുടനീളം ധാരാളം കൃഷിഭൂമിയും അനേകം ഗ്രാമങ്ങളും പ്രഭുക്കന്മാരിൽനിന്ന് പിടിച്ചെടുത്ത് കർഷകർക്കു നൽകി. ഏകദേശം 12000 കിലോമീറ്റർ സഞ്ചരിച്ച ഈ യാത്ര 'ലോങ് മാർച്ച്'എന്നറയിപ്പെടുന്നു.
8. സൺയാത് സെൻ ദേശീയത, ജനാധിപത്യം, സോഷ്യലിസം എന്നീ മൂന്ന് ആശയങ്ങൾക്ക് പ്രാധാന്യം നൽകി.
   - ദേശീയത – മഞ്ചു രാജവംശത്തെയും സാമ്രാജ്യശക്തികളെയും പുറത്താക്കുക.
   - ജനാധിപത്യം – ജനാധിപത്യം സ്ഥാപിക്കുക.
   - സോഷ്യലിസം – മൂലധനത്തെ നിയന്ത്രിക്കുകയും ഭൂമി തുല്യമായി വിതരണം നടത്തുകയും ചെയ്യുക.
9. 
   - കോളനികളിൽ നിന്നോ കോളനികളിലേക്കോ സാധനങ്ങൾ കൊണ്ടുപോകുന്നത് ഇംഗ്ലീഷ് കപ്പലുകളിലോ കോളനികളിൽ നിർമ്മിച്ച കപ്പലുകളിലോ മാത്രമായിരിക്കും.
   - കോളനികളിൽ ഉത്പ്പാദിപ്പിച്ചിരുന്ന പഞ്ചസാര, കമ്പിളി, പരുത്തി, പുകയില തുടങ്ങിയവ ഇംഗ്ലണ്ടിലേക്ക് മാത്രമേ കയറ്റി അയയ്ക്കാവൂ.

- കോളനികളിലെ നിയമപരമായ പ്രമാണങ്ങൾ, വർത്തമാന പത്രങ്ങൾ, ലഘുലേഖകൾ, ലൈസൻസുകൾ തുടങ്ങിയവയിലെല്ലാം ഇംഗ്ലണ്ടിന്റെ മുദ്ര പതിക്കണം.
- കോളനികളിൽ നിലനിർത്തിയിട്ടുള്ള ഇംഗ്ലീഷുകാരുടെ സൈന്യത്തിനുള്ള താമസസ്ഥലവും അത്യാവശ്യ സൗകര്യങ്ങളും കോളനിക്കാർ നൽകണം.
- കോളനികളിലേക്ക് ഇറക്കുമതി ചെയ്യുന്ന തേയില, ഗ്ലാസ്, കടലാസ് എന്നിവയ്ക്ക് ഇറക്കുമതി ചുങ്കം നൽകണം.

10. ഫ്രഞ്ച് സമൂഹത്തെപ്പോലെ സ്റ്റേറ്റ്സ് ജനറലിനും മൂന്ന് എസ്റ്റേറ്റുകൾ ഉണ്ടായിരുന്നു. ഓരോ എസ്റ്റേറ്റിനും ഓരോ വോട്ട് എന്ന സമ്പ്രദായം മതിയെന്നും ഓരോ അംഗത്തിനും ഓരോ വോട്ട് വേണ്ട എന്നും രാജാവിനെ അനുകൂലിക്കുന്ന ആദ്യത്തെ രണ്ട് എസ്റ്റേറ്റുകൾ വാദിച്ചു. എന്നാൽ മൂന്ന് എസ്റ്റേറ്റുകളിലെയും ഓരോ അംഗത്തിനും ഓരോ വോട്ട് വേണമെന്നായിരുന്നു. 'കോമൺസ്' എന്നറിയപ്പെട്ട മൂന്നാമത്തെ എസ്റ്റേറ്റിന്റെ ആവശ്യം. വോട്ട് ചെയ്യുന്നതിലെ തർക്കം തുടരവേ മൂന്നാമത്തെ എസ്റ്റേറ്റിലെ അംഗങ്ങൾ തങ്ങളാണ് ഫ്രാൻസിലെ ദേശീയ അസംബ്ലി എന്നു പ്രഖ്യാപിച്ചു. അവർ അടുത്തുള്ള ഒരു ടെന്നീസ് കോർട്ടിൽ സമ്മേളിച്ചു. ഫ്രാൻസിനായി ഒരു ഭരണഘടന തയ്യാറാക്കിയശേഷം മാത്രമേ പിരിയുകയുള്ളൂ എന്ന് അവർ പ്രതിജ്ഞ ചെയ്തു. ഇത് 'ടെന്നിസ് കോർട്ട് പ്രതിജ്ഞ' എന്നറിയപ്പെടുന്നു.

11.

| ഫെബ്രുവരി വിപ്ലവം | ഒക്ടോബർ വിപ്ലവം |
|---|---|
| • മെൻഷെവിക്കുകൾ | • ബോൾഷെവിക്കുകൾ |
| • ഒന്നാം ലോകമഹായുദ്ധത്തിൽ നിന്ന് പിൻമാറിയില്ല | • ഒന്നാം ലോകമഹായുദ്ധത്തിൽ നിന്ന് പിൻമാറി |
| • സാർ ഭരണം അവസാനിച്ചു | • മെൻഷെവിക്ക് ഭരണം അവസാനിച്ചു. |
| • പ്രഭുക്കന്മാർ ഭൂവുടമകളായി തുടരുന്നു | • ഭൂമി കർഷകർക്ക് വീതിച്ചുകൊടുത്തു. |
| • പൊതു ഉടമസ്ഥതയ്ക്ക് പ്രാധാന്യം നൽകിയില്ല | • ഫാക്ടറികൾ, ബാങ്കുകൾ എന്നിവ പൊതു ഉടമസ്ഥതയിലാക്കി |

12.

| A | | B |
|---|---|---|
| • തോമസ്പെയിൻ | – | കോമൺസെൻസ് |
| • തോമസ് ജെഫേഴ്സൺ | – | സ്വാതന്ത്ര്യപ്രഖ്യാപനം |
| • ലൂയി പതിനാലാമൻ | – | ബൂർബോൺ രാജവംശം |
| • ജെയിംസ് മാഡിസൺ | – | അമേരിക്കൻ ഭരണഘടന തയ്യാറാക്കി |

13. സ്പെയിൻകാരും പോർച്ചുഗീസുകാരും തങ്ങളുടെ ഭാഷയും മതവും ആചാരവും അവിടെ പ്രചരിപ്പിച്ചു. സ്പാനിഷ് ശൈലിയിൽ വീടുകളും ദേവാലയങ്ങളും നിർമ്മിക്കുകയും വിദ്യാലയങ്ങൾ സ്ഥാപിക്കുകയും ചെയ്തു. സ്പാനിഷ് കൃഷിരീതികളും കാർഷികവിളകളും കോളനികളിൽ നടപ്പിലാക്കി. യൂറോപ്യരിൽ നിന്നു പുതിയ രോഗങ്ങൾ ലാറ്റിനമേരിക്കൻ ജനതയിലേക്കു പകർന്നു. എല്ലാ രംഗങ്ങളിലും വംശീയവിവേചനം പുലർത്തി. ലാറ്റിനമേരിക്കൻ ജനതയുടെ സമ്പത്തും വിഭവങ്ങളും കൊള്ളയടിച്ചു. കോളനിക്കാരെ അടിമകളെപോലെ പണിയെടുപ്പിച്ചു.

14.
- കർഷകരെ കൃഷിഭൂമിയുടെ ഉടമകളാക്കി.
- പുരോഹിതന്മാരുടെമേൽ രാജ്യത്തിന്റെ നിയന്ത്രണം ഏർപ്പെടുത്തി.
- പൊതുകടം ഇല്ലാതാക്കാൻ സിങ്കിങ് ഫണ്ട് എന്ന പേരിൽ ഒരു പ്രത്യേക ഫണ്ട് രൂപീകരിച്ചു.
- സാമ്പത്തിക പ്രവർത്തനങ്ങൾക്കായി ബാങ്ക് ഓഫ് ഫ്രാൻസ് സ്ഥാപിച്ചു.
- ഗതാഗത പുരോഗതിയ്ക്കായി നിരവധി റോഡുകൾ നിർമ്മിച്ചു.
- നിലവിലുള്ള നിയമങ്ങൾ ക്രോഡീകരിച്ച് ഒരു പുതിയ നിയമസംഹിതയുണ്ടാക്കി.

15.
- പിൽക്കാല സ്വാതന്ത്ര്യസമരങ്ങൾക്കും വിപ്ലവങ്ങൾക്കും പ്രചോദനവും ലക്ഷ്യബോധവും നൽകി.
- റിപ്പബ്ലിക്കൻ ഭരണരീതി എന്ന ആശയം മുന്നോട്ടുവച്ചു.
- ആദ്യത്തെ എഴുതപ്പെട്ട ഭരണഘടന തയ്യാറാക്കി.
- സംസ്ഥാനങ്ങൾക്ക് സ്വാതന്ത്ര്യവും, അധികാരവും നൽകുന്ന ഫെഡറൽ സംവിധാനം എന്ന ആശയം ലോകത്തിനു നൽകി.

16

## ഫ്രഞ്ച് സമൂഹം

**ഒന്നാമത്തെ എസ്റ്റേറ്റ് (പുരോഹിതന്മാർ)**

- ധാരാളം ഭൂപ്രദേശം കൈവശം വച്ചു.
- കർഷകരിൽ നിന്നു 'തിഥെ' എന്ന പേരിലുള്ള നികുതി പിരിച്ചു.

**രണ്ടാമത്തെ എസ്റ്റേറ്റ് (പ്രഭുക്കന്മാർ)**

- സൈനിക സേവനം നടത്തി.
- കർഷകരിൽ നിന്ന് പലതരം നികുതികൾ പിരിച്ചു.
- വേതനം നൽകാതെ കർഷകരെക്കൊണ്ട് പണിയെടുപ്പിച്ചു.

**മൂന്നാമത്തെ എസ്റ്റേറ്റ് (കച്ചവടക്കാർ, എഴുത്തുകാർ, അഭിഭാഷകർ എന്നിവരടങ്ങിയ മധ്യവർഗം)**

- ഭരണത്തിൽ ഒരവകാശവുമില്ല.
- തൈലെ എന്ന പേരിലുള്ള ഭൂനികുതി സർക്കാരിന് നൽകണം.

## <u>ചിന്തകന്മാർ</u>

**വോൾട്ടയർ**

- പുരോഹിതന്മാരുടെ ചൂഷണത്തെ പരിഹസിച്ചു.
- യുക്തിചിന്ത, സമത്വം, മനുഷ്യസ്നേഹം എന്നിവ പ്രോത്സാഹിപ്പിച്ചു.

**റൂസ്സോ**

- സ്വതന്ത്രനായി ജനിക്കുന്ന മനുഷ്യൻ എവിടെയും ചങ്ങലയിലാണ് എന്ന പ്രസ്താവനയിലൂടെ സ്വാതന്ത്ര്യത്തിന്റെ പ്രാധാന്യം വ്യക്തമാക്കി.
- ജനങ്ങളാണ് പരമാധികാരിയെന്ന് പ്രഖ്യാപിച്ചു.

**മൊണ്ടസ്ക്യൂ**

- ജനാധിപത്യത്തെയും റിപ്പബ്ലിക്കിനെയും പ്രോത്സാഹിപ്പിച്ചു.
- ഗവൺമെന്റിനെ നിയമനിർമ്മാണം, കാര്യനിർവ്വഹണം, നീതിന്യായം എന്നീ വിഭവങ്ങളായി തിരിക്കണമെന്ന് വാദിച്ചു.

ഫ്രാൻസിലെ ബൂർബൺ രാജാക്കന്മാർ, പുരോഹിതർ, പ്രഭുക്കന്മാർ തുടങ്ങിയവർ നയിച്ച ആഡംബര ജീവിതം, ധൂർത്ത്, യുദ്ധങ്ങൾ എന്നിവയും തുടർച്ചയായ വരൾച്ചയും കൃഷിനാശവും ഫ്രാൻസിന്റെ സാമ്പത്തിക സ്ഥിതി അതീവ ഗുരുതരമാക്കി. അമേരിക്കൻ സ്വാതന്ത്ര്യസമരത്തിൽ കോളനികളെ സമ്പത്തും സൈന്യവും നൽകി ഫ്രാൻസിലെ ഭരണാധികാരികൾ സഹായിച്ചതും സാമ്പത്തിക പ്രതിസന്ധിയെ രൂക്ഷമാക്കി. ജനങ്ങളുടെമേൽ പുതിയ നികുതികൾ ചുമത്തുന്നതിനായി 1789ൽ ചക്രവർത്തി ലൂയി പതിനാറാമൻ ജനപ്രതിനിധിസഭയായ സ്റ്റേറ്റ്സ് ജനറൽ വിളിച്ചു ചേർത്തു. ഫ്രഞ്ച് സമൂഹത്തെപ്പോലെ സ്റ്റേറ്റ്സ് ജനറലിനും മൂന്ന് എസ്റ്റേറ്റുകൾ ഉണ്ടായിരുന്നു. ഓരോ എസ്റ്റേറ്റിനും ഓരോ വോട്ട് എന്ന സമ്പ്രദായം മതിയെന്നും ഓരോ അംഗത്തിനും ഓരോ വോട്ട് വേണ്ട എന്നും രാജാവിനെ അനുകൂലിക്കുന്ന ആദ്യത്തെ രണ്ട് എസ്റ്റേറ്റുകൾ വാദിച്ചു. എന്നാൽ മൂന്ന് എസ്റ്റേറ്റുകളിലേയും ഓരോ അംഗത്തിനും ഓരോ വോട്ട് വേണമെന്നായിരുന്നു 'കോമൺസ്' എന്നറിയപ്പെട്ട മൂന്നാമത്തെ എസ്റ്റേറ്റിന്റെ ആവശ്യം.

വോട്ട് ചെയ്യുന്നതിലെ തർക്കം തുടരവേ മൂന്നാമത്തെ എസ്റ്റേറ്റിലെ അംഗങ്ങൾ തങ്ങളാണ് ഫ്രാൻസിലെ ദേശീയ അസംബ്ലി എന്നു പ്രഖ്യാപിച്ചു. അവർ അടുത്തുള്ള ഒരു ടെന്നീസ് കോർട്ടിൽ സമ്മേളിച്ചു. ഫ്രാൻസിനായി ഒരു ഭരണഘടന തയ്യാറാക്കിയശേഷം മാത്രമേ പിരിയുകയുള്ളൂ എന്ന് അവർ പ്രതിജ്ഞ ചെയ്തു. ഇത് 'ടെന്നീസ് കോർട്ട് പ്രതിജ്ഞ' എന്നറിയപ്പെടുന്നു.

789 ജൂലൈ 14 – ബാസ്റ്റിൻ ജയിൽ തകർത്തു

1789 ആഗസ്റ്റ് 12 – മനുഷ്യാവകാശ പ്രഖ്യാപനം

1789 ഒക്ടോബർ – സ്ത്രീകൾ ഭക്ഷണം വേണം എന്ന ആവശ്യം ഉന്നയിച്ചുകൊണ്ട് വേഴ്സായ് കൊട്ടാരത്തിലേക്ക് പ്രകടനം നടത്തി.

1792 സെപ്തംബർ– ഫ്രാൻസ് റിപ്പബ്ലിക്ക് ആയി.

**സ്വാധീനം :** സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്ന ആശയം

- മധ്യവർഗ്ഗത്തിന്റെ ഉയർച്ച
- ദേശീയതയുടെ ആവിർഭാവം
- പരമാധികാരം എന്ന ആശയം
- ഫ്യൂഡൽ വ്യവസ്ഥയ്ക്ക് അന്ത്യം കുറിച്ചു.
- പിൽക്കാല വിപ്ലവങ്ങൾക്ക് മാതൃക
- രാജ്യം എന്നാൽ പ്രദേശമല്ല ജനങ്ങളാണെന്ന് പ്രഖ്യാപിച്ചു.

18. എ) ഫ്രഞ്ചു വിപ്ലവം ബി) അമേരിക്കൻ സ്വാതന്ത്ര്യസമരം

**18. കാരണങ്ങൾ:**
- ഭരണാധികാരികളുടെ ഏകാധിപത്യം.
- ദുരിതപൂർണ്ണമായ കർഷകരുടെയും തൊഴിലാളികളുടെയും ജീവിതം.
- ചിന്തകൻമാരുടെയും എഴുത്തുകാരുടെയും സ്വാധീനം.
- 1905ലെ റഷ്യ-ജപ്പാൻ യുദ്ധത്തിൽ റഷ്യയ്ക്ക് ഏറ്റ പരാജയം

**ഫലങ്ങൾ:**
- ഒന്നാം ലോകയുദ്ധത്തിൽ നിന്നു റഷ്യ പിൻമാറി.
- ഭൂമി പിടിച്ചെടുത്ത് കർഷകർക്ക് വിതരണം ചെയ്തു.
- പൊതു ഉടമസ്ഥതയ്ക്ക് പ്രാധാന്യം കൊടുത്തു.
- കേന്ദ്രീകൃത-ആസൂത്രണം നടപ്പിലാക്കി
- സാമ്പത്തിക-ശാസ്ത്ര-സാങ്കേതിക രംഗങ്ങളിൽ പുരോഗതി കൈവരിച്ചു.
- 1924ൽ പുതിയ ഭരണഘടന നിലവിൽ വന്നു.

യൂണിറ്റ് 2

# ലോകം ഇരുപതാം നൂറ്റാണ്ടിൽ

## ആമുഖം

യൂറോപ്യൻ ശക്തികളും അവരുടെ പ്രവർത്തനങ്ങളും ലോകമെമ്പാടും സ്വാധീനിച്ചതിന്റെ പ്രകടിത രൂപമായാണ് ഇരുപതാം നൂറ്റാണ്ടിന്റെ ചരിത്രം വിശേഷിപ്പിക്കുന്നത്. ലോകത്തിന്റെ രാഷ്ട്രീയ സാമ്പത്തിക സ്ഥിതികളെ മാറ്റിമറിച്ച രണ്ട് മഹായുദ്ധങ്ങൾ. ഫാസിസം, നാസിസം സമാധാന സംഘടകളുടെ രൂപീകരണം. സോവിയറ്റ് യൂണിയന്റെ തകർച്ച, ഏകധ്രുവലോകം ആഗോള വത്ക്കരണം തുടങ്ങി അനേകം സംഭവങ്ങൾക്ക് ഈ നൂറ്റാണ്ട് സാക്ഷ്യം വഹിച്ചു. സാമ്രാജ്യത്വശക്തികളുടെ അന്യായ ഇടപെടലുകളേയും അവരുടെ ആധുനിക വികസന തന്ത്രങ്ങളെയും തിരിച്ചറിഞ്ഞ് അവയെപ്പറ്റി ശരിയായ രീതിയിൽ ചിന്തിക്കുവാനും പ്രതിരോധം സൃഷ്ടിക്കുവാനും കുട്ടികളെ പ്രാപ്തരാക്കുന്ന രീതിയിലാണ് ഈ പാഠഭാഗത്തിലെ പ്രക്രിയകളെ ആസൂത്രണം ചെയ്തിട്ടുള്ളത്.


## ആശയങ്ങൾ

- മുതലാളിത്തത്തിൽ നിന്ന് സാമ്രാജ്യത്വത്തിലേക്ക്
- ഒന്നാം ലോകയുദ്ധം
- ഫാസിസവും നാസിസവും
- രണ്ടാം ലോകയുദ്ധം
- സമാധാനശ്രമങ്ങൾ
- ശീതസമരം
- പശ്ചിമേഷ്യ
- സോവിയറ്റ് യൂണിയന്റെ തകർച്ച
- ഏകധ്രുവലോകം
- ആഗോള വൽക്കരണം

## ചോദ്യങ്ങൾ

1. 18ാം നൂറ്റാണ്ടിൽ ഇംഗ്ലണ്ടിൽ ഉടലെടുത്ത വ്യാവസായിക വിപ്ലവത്തിന്റെ പരിണിതഫലങ്ങൾ എന്തെല്ലാം. (4)
2. സാമ്രാജ്യത്വം കോളനി രാജ്യങ്ങളെ എങ്ങനെയെല്ലാം ബാധിച്ചു. (4)
3. കോളനികളിൽ വൻതോതിൽ മൂലധനനിക്ഷേപം നടത്താൻ മുതലാളിത്ത രാജ്യങ്ങളെ പ്രേരിപ്പിച്ച ഘടകങ്ങൾ എന്തെല്ലാം?
4. ഒന്നാം ലോകയുദ്ധത്തിന്റെ കാരണങ്ങൾ പട്ടികപ്പെടുത്തുക. (3)
5. പട്ടിക പൂർത്തിയാക്കുക (2)




6. തീവ്രദേശീയതയുമായി ബന്ധപ്പെട്ട് രൂപംകൊണ്ട പ്രസ്ഥാനങ്ങൾ എന്തെല്ലാം (4)
7. സാമ്രാജ്യത്വകിടമത്സരങ്ങൾ പിൽക്കാലത്ത് ഒന്നാം ലോകയുദ്ധത്തിന് കാരണമായതെങ്ങനെ എന്ന് വിശദീകരിക്കുക. (4)
8. ഒന്നാം ലോകയുദ്ധത്തിന്റെ ഫലങ്ങൾ എന്തെല്ലാം? (4)
9. ഫാസിസ്റ്റ് പാർട്ടി ഇറ്റലിയിൽ ആധികാരത്തിലെത്താൻ ഇടയാക്കിയ സാഹചര്യങ്ങൾ വിലയിരുത്തുക. (3)

10. ഇറ്റലിയുടെ സാമ്രാജ്യത്വമോഹം ലോകരാജ്യങ്ങളെ മറ്റൊരു ലോകയുദ്ധത്തിലേക്ക് നയിച്ചു വിശദീകരിക്കുക (2)

11. അഡോൾഫ് ഹിറ്റ്ലറെ ജർമ്മനിയിൽ അധികാരത്തിലെത്തിക്കാൻ സഹായിച്ച ഘടകങ്ങൾ ഏവ (2)

12. ഫാസിസത്തിന്റെ ജർമ്മൻ രൂപമാണ് നാസിസം. ഫാസിസത്തിന്റെയും നാസിസത്തിന്റെയും സമാനതകൾ വിശദീകരിക്കുക. (5)

13. രണ്ടാംലോക യുദ്ധത്തിന്റെ കാരണങ്ങൾ വിശദീകരിക്കുക (5)

14. രാജ്യങ്ങളെ അച്ചുതണ്ട് ശക്തികൾ സഖ്യശക്തികൾ എന്നിങ്ങനെ പട്ടികപ്പെടുത്തുക (4)

ഇംഗ്ലണ്ട്, ജർമ്മിനി, ഇറ്റലി, ജപ്പാൻ, ഫ്രാൻസ്, ചൈന

15. ഐക്യരാഷ്ട്രസംഘടനയുടെ ലക്ഷ്യങ്ങൾ വിശദീകരിക്കുക (2)

16. അപകോളനീകരണത്തിന്റെ കാരണങ്ങൾ എന്തെല്ലാം (2)

17. ശീതസമരം എന്നാൽ എന്ത് (2)

18. സാമ്രാജ്യത്വ താൽപര്യങ്ങൾ പശ്ചിമേഷ്യയിലെ സംഘർഷങ്ങൾക്ക് കാരണമായോ ? പരിശോധിക്കുക. (4)

19. ചേരിചേരാ പ്രസ്ഥാനത്തിന്റെ രൂപീകരണത്തിന് വഴിതെളിച്ച കാരണങ്ങൾഎന്തെല്ലാം ? നേതാക്കൾ ആരെല്ലാം? ലക്ഷ്യങ്ങൾ എന്തെല്ലാം (6)

20. സോവിയറ്റ് യൂണിയന്റെ തകർച്ച 20-ാം നൂറ്റാണ്ടിന്റെ സുപ്രധാന സംഭവങ്ങളിൽ ഒന്നാണ് വിശദമാക്കുക? (4)

21. നവസാമ്രാജ്യത്വത്തിന്റെ ആശയങ്ങളുമായിരുന്ന ആഗോളവൽക്കരണം, സ്വകാര്യവൽക്കരണം ഉദാരവൽക്കരണം എന്നിവ വിശദീകരിക്കുക. (4)

22. ആഗോളവൽക്കരണം വികസ്വരരാജ്യങ്ങളെ ദോഷകരമായി ബാധിച്ചു സമർത്ഥിക്കുക. (4)

## ഉത്തരങ്ങൾ

1.
- ഫാക്ടറികളിൽ മൂലധന നിക്ഷേപം നടത്തി മുതലാളിമാർ ഉൽപാദനം കൂട്ടി.
- ഇത് അവരുടെ ലാഭത്തിൽ വർദ്ധനവുണ്ടാക്കി
- ആഭ്യന്തര ആവശ്യത്തിന് വേണ്ടതിനെക്കാൾ കൂടുതൽ ഉൽപന്നങ്ങൾ ഓരോ രാജ്യവും ഉൽപാദിപ്പിച്ചിരുന്നു.
- ഇത് യൂറോപ്പിലെ വ്യാവസായിക രാജ്യങ്ങൾ തമ്മിലുള്ള മത്സരത്തിന് കാരണമായി

2.
- കോളനികളുടെ പരമ്പരാഗത സമ്പത്ത് വ്യവസ്ഥ തകർന്നു.


- ഭരണ വ്യവസ്ഥയും നിയമവ്യവസ്ഥയും മാറ്റിമറിക്കപ്പെട്ടു.
- ഭക്ഷ്യവിളകൾക്ക് പകരം നാണ്യവിളകൾകൃഷിചെയ്യാൻ നിർബന്ധിതരായി
- ദാരിദ്ര്യവും തൊഴിലില്ലായ്മയും വർധിച്ചു.
- തദ്ദേശീയമായ കല, സാഹിത്യം, സംസ്കാരം, വിദ്യാഭ്യാസം എന്നിവ തകർക്കപ്പെട്ടു.

3.
- തൊഴിലാളികളുടെ കുറഞ്ഞകൂലി
- അസംസ്കൃത വസ്തുക്കളുടെ ലഭ്യത
- കോളനികളിൽ ഉത്പ്പാദിപ്പിച്ച് കോളനികളിൽ തന്നെ വിതരണം ചെയ്യുമ്പോഴുള്ള കുറഞ്ഞ ചെലവ്

4.
- സാമ്രാജ്യത്വകിടമത്സരങ്ങൾ
- തീവ്രദേശീയത
- സൈനിക സഖ്യങ്ങളുടെ രൂപീകരണം
- ആസ്ട്രിയൻ കിരീടാവകാശിയായ ആർച്ച് ഡ്യൂക്ക് ഫ്രാൻസിസ് ഫെർഡിനന്റിന്റെ കൊലപാതകം

5.




6.
- പാൻസ്ലാവ് പ്രസ്ഥാനം
- പാൻജർമ്മൻ പ്രസ്ഥാനം
- പ്രതികാര പ്രസ്ഥാനം

7. മൊറോക്കൻ പ്രതിനിധി

- 1904-ൽ ബ്രിട്ടനും ഫ്രാൻസും തമ്മിൽ ഒപ്പിട്ട സന്ധിയനുസരിച്ച് ആഫ്രിക്കൻ രാജ്യമായ മൊറോക്കോയിൽ ഫ്രാൻസിന്റെ ആധിപത്യം ബ്രിട്ടൻ അംഗീകരിച്ചു.
- ജർമ്മനി ഇത് അംഗീകരിച്ചില്ല.
- അനുരഞ്ജന ചർച്ചയിൽ തങ്ങളുടെ കോളനിയായ ഫ്രഞ്ച് കോംഗോയുടെ ചില ഭാഗങ്ങൾ ജർമ്മനിക്ക് നൽകി ഫ്രാൻസ് ഈ പ്രശ്നം പരിഹരിച്ചു.

ബാൾക്കൻ പ്രതിസന്ധി

- 1912-ൽ ബാൽക്കൺ സഖ്യം തുർക്കിയെ പരാജയപ്പെടുത്തിഎന്നാൽ യുദ്ധത്തിന്റെ നേട്ടങ്ങൾ പങ്കിട്ടെടുക്കുന്നതിൽ ബാൽക്കൺസഖ്യത്തിലെ രാഷ്ട്രങ്ങൾ തമ്മിൽ അഭിപ്രായവ്യത്യാസം ഉണ്ടായി.

  ഇത് ബാൽക്കൺ രാഷ്ട്രങ്ങൾ തമ്മിലുള്ള യുദ്ധത്തിന് കാരണമായി.

8. 
- ദശലക്ഷക്കണക്കിന് ആളുകൾക്ക് ജീവഹാനി സംഭവിച്ചു.

  യൂറോപ്പിന്റെ സാമ്പത്തിക മേധാവിത്വം അസ്തമിച്ചു.

  ദാരിദ്ര്യം, തൊഴിലില്ലായ്മ, നാണയപ്പെരുപ്പം എന്നിവ വർധിച്ചു.
- ഏഷ്യയിലെയും ആഫ്രിക്കയിലെയും സ്വാതന്ത്ര്യസമരങ്ങൾ ശക്തിപ്പെട്ടു.
- കൃഷി വ്യവസായം, വാർത്താവിനിമയം തുടങ്ങിയ മേഖലകൾ തകർന്നു.

9. 
- ഒന്നാം ലോകയുദ്ധത്തിൽ വിജയിച്ചവരുടെ കൂട്ടത്തിൽ ഉൾപ്പെട്ടിട്ടും ഇറ്റലിക്ക് ഒന്നുംതന്നെ ലഭിക്കാത്തത്.
- വ്യവസായങ്ങളുടെ തകർച്ച, തൊഴില്ലായ്മ, നികുതി വർധനവ്, പണപ്പെരുപ്പം തുടങ്ങിയവ ജനങ്ങളെ ഭരണകൂടത്തിൽ നിന്നും അകറ്റിയത്.
- സോഷ്യലിസത്തോടുള്ള ഭയം

10. 
- ഹിംസയുടെ മാർഗമാണ് ഫാസിസ്റ്റുകൾ സ്വീകരിച്ചത്.
- സോഷ്യലിസ്റ്റുകൾ തൊഴിലാളി കർഷക നേതാക്കൾ എന്നിവരെ രാഷ്ട്രത്തിന്റെ ശത്രുക്കളായി പ്രഖ്യാപിച്ചു.
- ഫാസിസ്റ്റ് പാർട്ടിയെ എതിർത്തവരെ വധശിക്ഷയ്ക്ക് വിധേയമാക്കി.
- പ്രാചീന റോമസാമ്രാജ്യത്തിന്റെ പുനഃസ്ഥാപനമായിരുന്നു മുസ്സോളിനിയുടെ ലക്ഷ്യം.

11. 
- ഒന്നാം ലോകമഹായുദ്ധാനന്തരം ജർമ്മനിയുടെമേൽ അടിച്ചേല്പിച്ച വേഴ്സായിസന്ധി.

- സാമ്പത്തിക തകർച്ചയും പണപ്പെരുപ്പവും
- ജർമ്മൻ ഭരണകൂടത്തിന്റെ പരാജയവും രാഷ്ട്രീയ അസ്ഥിരതയും

12. **ഫാസിസം**


- സ്വേച്ഛാധിപത്യ നടപടികൾ, അക്രമത്തിന്റെയും ഹിംസയുടെയും മാർഗം, റോമാ സാമ്രാജ്യത്തിന്റെ പുനഃസ്ഥാപനം.
- സോഷ്യലിസ്റ്റുകൾ, തൊഴിലാളി കർഷകനേതാക്കൾ എന്നിവരെ രാഷ്ട്രീയ ശത്രുവായി പ്രഖ്യാപിച്ചു.
- ഫാസിസത്തെ എതിർത്തവരെ വധശിക്ഷയ്ക്ക് വിധേയരാക്കി കരിങ്കുപ്പായക്കാർ എന്ന സൈനിക വിഭാഗത്തിന്റെ രൂപീകരണം.


**നാസിസം**

- ജനങ്ങളിൽ പ്രതികാരമനോഭാവം വളർത്തി
- കമ്മ്യൂണിസ്റ്റുകൾ, ജൂതന്മാർ, സോഷ്യലിസ്റ്റുകൾ എന്നിവരെ ശത്രുക്കളായി കൊണ്ടാടുക്കി
- തവിട്ടു കുപ്പായക്കാർ എന്ന സൈനിക വിഭാഗത്തെയും ഗസ്റ്റപ്പോ എന്ന രഹസ്യ.സംഘത്തെയും രൂപീകരിച്ചു.
- ആര്യന്മാരാണ് ലോകത്തിലെ പരിശുദ്ധവംശമെന്ന് പ്രചരിപ്പിച്ചു.

13.
- വേഴ്സായി സന്ധി
- സർവരാഷ്ട്ര സഖ്യത്തിന്റെ രൂപീകരണം
- ഫാസിസത്തിന്റെയും നാസിസത്തിന്റെയും ആവിർഭാവം

14



15. • ഭാവിതലമുറയെ യുദ്ധ ഭീതിയിൽ നിന്നു സംരക്ഷിക്കുക.
- അന്താരാഷ്ട്ര ഉടമ്പടികളും നിയമങ്ങളും സംരക്ഷിക്കുക.
- ലോകരാഷ്ട്രങ്ങളുടെ പുരോഗതിക്കായുള്ള പ്രവർത്തനങ്ങൾ ഏകോപ്പിപ്പിക്കുക.

16 • സാമ്രാജ്യത്വ രാഷ്ട്രങ്ങളുടെ പരമാധികാരം ക്ഷയിച്ചു.
- കോളനികളിലെ സ്വാതന്ത്ര്യസമരങ്ങൾ ശക്തിപ്പെട്ടു
- USA, USSR തുടങ്ങിയ രാജ്യങ്ങൾ കോളനികളെ പിന്തുണച്ചു.

17. • ആശയപരമായ സംഘർഷങ്ങളും നയതന്ത്രയുദ്ധങ്ങളുമാണ് ശീതസമരം എന്നറിയപ്പെട്ടത്.
- ആശയപരമായ ഭിന്നതയും നയതന്ത്രയുദ്ധങ്ങളുമാണ് ശീതസമരത്തിന്റെ അടിസ്ഥാനം

18. • ഒന്നാം ലോകയുദ്ധത്തിൽ തുർക്കി പരാജയപ്പെട്ടതോടെ പാലസ്തീൻ ഉൾക്കൊള്ളുന്ന പ്രദേശം ബ്രിട്ടണിന്റെ നിയന്ത്രണത്തിലായി.
- ജൂതന്മാർക്ക് വേണ്ടി 1948-ൽ ഇസ്രായേൽ എന്ന രാഷ്ട്രം രൂപീകരിക്കപ്പെട്ടു.
- ഇതിനെ തുടർന്ന് ഇസ്രായേലും അറബ് രാഷ്ട്രങ്ങളും തമ്മിൽ നിരവധിയുദ്ധങ്ങൾ ഉണ്ടായി.

19. • മുതലാളിത്ത ചേരിയിലോ സോഷ്യലിസ്റ്റ് ചേരിയില്ലോ ചേരാതെ നിലകൊണ്ട രാജ്യങ്ങളുടെ ഐക്യമാണ് ചേരിചേരാ പ്രസ്ഥാനം.
- നേതാക്കന്മാർ

ജവഹർലാൽ നെഹ്റു (ഇന്ത്യ)

അഹമ്മദ് സുക്കാർണോ (ഇന്തോനേഷ്യ)

ഗമാൽ അബ്ദുൾനാസർ (ഇന്തോനേഷ്യ)

മാർഷൽടിറ്റോ (ഇന്തോനേഷ്യ)

20. • ഗ്ലാസ്നോസ്റ്റ്, പെരിസ്ട്രോയിക്ക എന്നീ ഗോർബച്ചേവിന്റെ ഭരണപരിഷ്കരങ്ങൾ
- സോഷ്യലിസത്തിന്റെ അടിസ്ഥാന തത്വങ്ങളിൽ നിന്നുള്ള വ്യതിചലനം
- ഉദ്യോഗസ്ഥരുടെ കെടുകാര്യസ്ഥതയും അഴിമതിയും
- സാമ്പത്തിക രംഗത്തെ മാറ്റങ്ങൾ ഉൾക്കൊള്ളുന്നതിലുണ്ടായ പരാജയം

21. ഉദാരവൽക്കരണം
- ബഹുരാഷ്ട്ര കമ്പിനികളുടെ ഉൾപ്പന്നങ്ങൾക്കും മൂലധനത്തിനും നിയന്ത്രണങ്ങളില്ലാതെ കടന്നു വരാനായി

- ഇറക്കുമതി നിയമങ്ങളും നികുതിയും ഉദാരമാക്കി.

**സ്വകാര്യവൽക്കരണം**

- സ്വകാര്യമേഖലയെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പൊതുമേഖലാ സ്ഥാപനങ്ങളെ സ്വകാര്യവൽക്കരിച്ചു.

**ആഗോളവൽക്കരണം**

- രാഷ്ട്രത്തിന്റെ സമ്പദ്‌വ്യവസ്ഥയെ ആഗോളമാക്കി.
- ബഹുരാഷ്ട്ര കമ്പനികളുടെ താല്പര്യങ്ങൾ സംരക്ഷിച്ചു.
- മത്സരങ്ങളിലൂന്നിയ കമ്പോളം നിലവിൽ വന്നു
- ഉൽപന്നങ്ങൾ, സേവനങ്ങൾ, വിഭവങ്ങൾ, മൂലധനം, മനുഷ്യവിഭവശേഷി എന്നിവയുടെ ഒഴുക്ക് സൃഷ്ടിച്ചു

22.
- ദേശരാഷ്ട്രമെന്ന ആശയത്തിന് ബഹുരാഷ്ട്ര കമ്പനികളുടെ കടന്നുകയറ്റം വെല്ലുവിളിയായി
- തദ്ദേശീയ സംസ്കാരങ്ങളുടെ തകർച്ചയ്ക്ക് വഴിയൊരുക്കി
- പൊതുമേഖലാ സ്ഥാപനങ്ങൾ തകർന്നു
- കാർഷികോൽപന്നങ്ങളുടെ വിലയിടിഞ്ഞു
- പ്രകൃതി വിഭവങ്ങൾ കൊള്ളയടിച്ചു

യൂണിറ്റ് 3

# പൊതുഭരണം

## ആമുഖം

ആധുനിക ഭരണരീതികളിൽ പൊതുഭരണത്തിന്റെ പ്രാധാന്യം കുട്ടികളിൽ എത്തിക്കുന്നതിനും അതോടൊപ്പം നിത്യജീവിതവുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്നും മനസിലാക്കുവാൻ സാധിക്കുന്നു. ഉദ്യോഗസ്ഥവൃന്ദത്തിന്റെ പ്രവർത്തനങ്ങൾ മനസിലാക്കുന്നതോടൊപ്പം പൊതുഭരണ സംവിധാനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുവാൻ സ്വീകരിച്ച നടപടികളെക്കുറിച്ചുള്ള ധാരണയും ഈ പാഠഭാഗത്തിലൂടെ വിനിമയം ചെയ്യുന്നു. ഇഗവേണൻസ്, വിവരവകാശ നിയമം, സേവനാവകാശം എന്നിവയെക്കുറിച്ചും ധാരണ ലഭിക്കുന്നു.

## ആശയങ്ങൾ

1. പൊതുഭരണത്തിന്റെ പ്രാധാന്യം
2. പൊതു ഭരണം രൂപപ്പെട്ട പശ്ചാത്തലം
3. പൊതുഭരണം നിർവ്വഹണം
4. ഉദ്യോഗസ്ഥ വൃന്ദവും പ്രാധാന്യവും
5. ഉദ്യോഗസ്ഥവൃന്ദം ഇന്ത്യയിൽ
6. ഇന്ത്യൻ സിവിൽ സർവ്വീസ്
7. ഇഗവേണൻസ്
8. അറിയാനുള്ള അവകാശം
9. വിവരാവകാശ നിയമം
10. സേവനാവകാശ നിയമം
11. ലോക്പാൽ ലോകായുക്ത
12. സെൻട്രൽ വിജിലൻസ് കമ്മീഷൻ
13. ഓംബുഡ്സ്മാൻ

# ചോദ്യങ്ങൾ

1. പൊതുഭരണത്തിന്റെ പ്രാധാന്യം വ്യക്തമാക്കുക (2)
2. ഇന്ത്യയിലെ പൊതുഭരണ കാഴ്ചപ്പാടിനെ സ്വാധീനിച്ച ഗാന്ധിയൻ ആശയം (1)
3. പൊതുഭരണമെന്നാൽ ഗവൺമെന്റ് ഭരണത്തെ സംബന്ധിക്കുന്നതാണ്. എന്ന് പറഞ്ഞതാര് (1)
4. ഉദ്യോഗസ്ഥവൃന്ദം എന്നതിന്റെ നിർവചനം എന്ത് (2)
5. പൊതുഭരണത്തിൽ ഉദ്യോഗസ്ഥ വൃന്ദത്തിന്റെ പ്രാധാന്യം വിലയിരുത്തുക (3)
6. ഉദ്യോഗസ്ഥ വൃന്ദത്തിന്റെ സവിശേഷതകൾ എന്തെല്ലാം ? (4)
7. ഇന്ത്യൻ സിവിൽ സർവ്വീസിന്റെ ഘടന പട്ടികപ്പെടുത്തുക? (4)
8. ഭരണ നവീകരണം എന്നാൽ എന്ത്? (2)
9. ഇഗവേണൻസിന്റെ നേട്ടങ്ങൾ എന്തെല്ലാം ? (4)
10. വിവരാവകാശ നിയമ നിർമ്മാണത്തിലേക്ക് നയിച്ച സംഘടന ഏത് (1)
11. ഭരണതലങ്ങളിൽ അഴിമതി തടയുന്നതിനുള്ള നടപടികൾ എന്തെല്ലാം? (3)
12. സർക്കാർ സേവനം കൃത്യമായും ഉറപ്പായും ജനങ്ങൾക്ക് ലഭ്യമാക്കാൻ അവസരമൊരുക്കുന്ന നിയമം ഏതാണ് (1)
13. സേവനാവകാശ നിയമം കുറിപ്പ് തയ്യാറാക്കുക? (4)
14. 2005 ലെ വിവരാവകാശ നിയമത്തിന്റെ നേട്ടങ്ങൾ എന്തെല്ലാം (3)
15. ലോക്പാൽ ലോകായുക്ത ഇവയുടെ ചുമതലകൾ താരതമ്യം ചെയ്യുക (4)
16. അഴിമതി തടയുന്നതിന് ദേശീയതലത്തിൽ 1964 ൽ നിലവിൽ വന്ന സ്ഥാപനം ഏത് ? (1)
17. സെൻട്രൽ വിജിലൻസ് കമ്മീഷന്റെ ഘടന വ്യക്തമാക്കുക (4)
18. ഓംബുഡ്സ്മാൻ എന്ന സംവിധാനം പൊതുജനങ്ങൾക്ക് ഉപകാരപ്രദമാകുന്നതെങ്ങനെ (4)
19. ഫ്ളോചാർട്ട് പൂർത്തീകരിക്കുക (3)

ഉദ്യോഗസ്ഥവൃന്ദം

...................................

വൈദഗ്ധ്യം

...................................

സ്ഥിരത

...................................

## ഉത്തരങ്ങൾ

1.
- ഗവൺമെന്റ് നയങ്ങൾ രൂപപ്പെടുത്തുന്നു
- ജനക്ഷേമ ഉറപ്പാക്കുന്നു
- ജനകീയ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നു
- സാധനങ്ങളും സേവനങ്ങളും ലഭ്യമാക്കുന്നു

2. ഗ്രാമസ്വരാജ്

3. എൻ ഗ്ലാഡർ

4.
- ജനക്ഷേമം ലക്ഷ്യമിട്ട് ഗവൺമെന്റ് തീരുമാനം എടുക്കുന്നു ഈ സേവനങ്ങൾ ജനങ്ങൾക്കായി ലഭ്യമാക്കുന്നത് ഉദ്യോഗസ്ഥരാണ്.
- ജനപ്രതിനിധികളെ ഭരണ നിർവ്വഹണത്തിൽ സഹായിക്കുന്നതിനും ഉപദേശിക്കുന്നതിനുമായി ഉദ്യോഗസ്ഥ വൃന്ദത്തിന് രൂപം നല്കിയിരിക്കുന്നു

5. പൊതുഭരണ ശൃംഖലയെ ചലനാത്മകമാക്കുന്നത് ഉദ്യോഗസ്ഥരാണ്
- ഗവൺമെന്റിന്റെ എല്ലാ സേവനങ്ങളും ജനങ്ങളിലെത്തിക്കുന്നത് ഉദ്യോഗസ്ഥരാണ്
- രാജ്യത്തിന്റെ ദൈനംദിന ഭരണകാര്യങ്ങൾ നിർവ്വഹിക്കുന്നു

6. ശ്രേണീപരമായ സംഘാടനം
- സ്ഥിരത
- യോഗ്യത അടിസ്ഥാനമാക്കി നിയമനം
- രാഷ്ട്രീയ നിഷ്പക്ഷത
- വൈദഗ്ദ്ധ്യം

7.

| അഖിലേന്ത്യാ സർവ്വീസ് | കേന്ദ്ര സർവ്വീസ് | സംസ്ഥാന സർവ്വീസ് |
|---|---|---|
| • ദേശീയതലത്തിൽ തെരഞ്ഞെടുക്കുന്നു<br>• കേന്ദ്ര സർവ്വീസിലൊ സംസ്ഥാന സർവ്വീസിലൊ നിയമിക്കപ്പെടുന്നു<br>ഉദാ: ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്<br>ഇന്ത്യൻ പോലീസ് സർവ്വീസ് | • ദേശീയതലത്തിൽ തെരഞ്ഞെടുക്കുന്നു<br>• കേന്ദ്രഗവൺമെന്റിന് അധികാരമുള്ള ഭരണവകുപ്പുകളിൽ നിയമിക്കപ്പെടുന്നു<br>ഉദാ: ഇന്ത്യൻ ഫോറിൻ സർവ്വീസ്<br>ഇന്ത്യൻ റയിൽവേ സർവ്വീസ് | • സംസ്ഥാനതലത്തിൽ തെരഞ്ഞെടുക്കപ്പെടുന്നു<br>• സംസ്ഥാന ഗവൺമെന്റിന് കീഴിൽ വരുന്ന വകുപ്പുകളിൽ നിയമിക്കപ്പെടുന്നു<br>ഉദാ: സെയിൽ ടാക്സ് സർവ്വീസ് |

8. ഭരണനിർവ്വഹണത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാനും കാലവിളംബരം കൂടാതെ സേവനങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കാനും ഗവൺമെന്റുകൾ പല നടപടികളും സ്വീകരിച്ചിട്ടുണ്ട് ഇവ ഭരണ നവീകരണം എന്നറിയപ്പെടുന്നു.

9. 
- സേവനത്തിനായി സർക്കാർ ഓഫീസുകളിൽ കാത്ത് നില്ക്കേണ്ടതില്ല
- വിവരസാങ്കേതിക വിദ്യയുടെ സഹായത്താൽ സേവനം നേടാം
- സർക്കാർ സേവനം കുറഞ്ഞ ചെലവിലും വേഗത്തിലും ലഭിക്കുന്നു

10. രാജസ്ഥാനിലെ മസ്ദൂർ കിസാൻ ശക്തി സംഘാതൻ

11. 
- ഇഗവേണൻസ്
- അറിയാനുള്ള അവകാശം
- സേവനാവകാശം
- ലോക്പാൽ (ദേശീയതലം)
- ലോകായുക്ത (സംസ്ഥാനതലം)
- സെൻട്രൽ വിജിലൻസ് കമ്മീഷൻ
- ഓംബുഡ്സ്മാൻ

12. സേവനാവകാശ നിയമം

13 സർക്കാർ സേവനങ്ങൾ കൃത്യമായും ഉറപ്പായും ജനങ്ങൾക്ക് ലഭ്യമാക്കാൻ അവസരമൊരുക്കുന്ന നിയമമാണ് സേവനാവകാശ നിയമം.

- ഓരോ സർക്കാർ ഓഫീസും നല്കുന്ന സേവനങ്ങൾ എത്ര കാലാവധിക്കുള്ളിൽ നൽകണമെന്നും ഈ നിയമം അനുശാസിക്കുന്നു
- സേവനം നിശ്ചിതകാലാവധിക്കകം പൗരന് നല്കിയില്ലെങ്കിൽ ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥന് പിഴ ഒടുക്കണമെന്നും വ്യവസ്ഥയുണ്ട്
- സേവനാവകാശ നിയമപ്രകാരം എല്ലാ ഓഫീസുകളിലും അപേക്ഷകർക്ക് മാർഗ്ഗനിർദ്ദേശം നല്കുന്നതിനും സഹായിക്കുന്നതിനുമായി ഒരു ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ട്.

14. 
- അഴിമതി നിയന്ത്രിച്ചു
- ഉദ്യോഗസ്ഥരുടെ ചുമതലകൾ വർദ്ധിച്ചു
- ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ സുതാര്യമായി

15. 
- ഭരണതലത്തിലും ഉദ്യോഗസ്ഥതലത്തിലും രാഷ്ട്രീയതലത്തിലുമുള്ള അഴിമതി തടയുന്നതിന് രൂപം നല്കിയിരിക്കുന്ന സ്ഥാപനങ്ങളാണ് ലോക്പാലും ലോകായുക്തയും

- ദേശീയതലത്തിൽ അഴിമതി തടയുന്നതിന് രൂപം നല്കിയ സ്ഥാപനമാണ് ലോക്പാൽ സംസ്ഥാനതലത്തിൽ അഴിമതികേസുകൾ പരിശോധിക്കുന്നതിന് രൂപം നല്കിയ സ്ഥാപനമാണ് ലോകായുക്ത
- കോടതി നടപടികളുടെ രീതിയാണ് ഇവയ്ക്കുള്ളത്

16. സെൻട്രൽ വിജിലൻസ് കമ്മീഷൻ

17. അഴിമതി തടയുന്നതിന് ദേശീയതലത്തിൽ രൂപം നല്കിയ സ്ഥാപനമാണ് സെൻട്രൽ വിജിലൻസ് കമ്മീഷൻ

- സെൻട്രൽ വിജിലൻസ് കമ്മീഷന്റെ തലപ്പത്ത് വിജിലൻസ് കമ്മീഷണർ ഉണ്ടാകും എല്ലാ ഓഫീസിലും മുഖ്യവിജിലൻസ് കമ്മീഷണർ ഓഫീസറും പ്രവർത്തിച്ചു വരുന്നു
- വിജിലൻസ് കേസുകളിൽ അന്വേഷണം നടത്തി ആവശ്യമായ നടപടികൾ കൈക്കൊള്ളുകയാണ് കമ്മീഷന്റെ ചുമതല
- സംസ്ഥാന ഗവൺമെന്റ് ഓഫീസുകളിലെ അഴിമതിയെകുറിച്ച് അന്വേഷിക്കാൻ എല്ലാ സംസ്ഥാനങ്ങളിലും, സംസ്ഥാന വിജിലൻസ് കമ്മീഷനും രൂപീകരിച്ചിട്ടുണ്ട്.
- വിജിലൻസ് കേസുകളിൽ തീർപ്പ് കല്പിക്കാൻ വിജിലൻസ് കോടതികളും നിലവിലുണ്ട്

18. ജനപ്രതിനിധികളോ ഉദ്യോഗസ്ഥരോ അഴിമതി നടത്തുകയാണെങ്കിൽ ഓംബുഡ്സ്മാന് പരാതി നല്കാം.

- ജനങ്ങൾക്ക് നേരിട്ട് ഓംബുഡ്സ്മാന് പരാതി നല്കാം
- അന്വേഷണം നടത്താനും നടപടി ശുപാർശ ചെയ്യാനും ഓംബുഡ്സ്മാന് അധികാരമുണ്ട്

19.

ഉദ്യോഗസ്ഥവൃന്ദം
ശ്രേണീപരമായ സംഘാടനം
വൈദഗ്ധ്യം
സ്ഥിരത
രാഷ്ട്രീയ നിഷ്പക്ഷത
യോഗ്യതയുടെ അടിസ്ഥാനത്തിൽ നിയമനം

യൂണിറ്റ് 4

# ബ്രിട്ടീഷ് ചൂഷണവും ചെറുത്തു നിൽപും

## ആമുഖം

ഇന്ത്യയുടെ സമ്പത്ത് കൊള്ളയടിക്കുകയും ഇന്ത്യയെ ദാരിദ്ര്യത്തിലേക്ക് തള്ളിവിടുകയും ചെയ്ത ബ്രിട്ടീഷ് നയങ്ങൾക്കെതിരായ പ്രതിഷേധങ്ങൾ ഒരു സംഘടിതരൂപം പ്രാപിച്ചതെങ്ങനെയെന്ന് വിശദീകരിക്കുകയാണ് ഈ അധ്യായത്തിൽ . ബ്രിട്ടീഷ് ആധിപത്യവും അവർ ഇന്ത്യയിലെ വിവിധ വിഭാഗം ജനങ്ങളുടെ ജീവിതത്തിൽ സൃഷ്ടിച്ച പ്രത്യാഘാതങ്ങളും അവർ നടത്തിയ ചെറുത്തുനിൽപുകളെയും പറ്റി ഈ അധ്യായത്തിൽ വിശദീകരിക്കുന്നു . ഇത്തരം ചെറുത്തുനിൽപുകളാണ് ഇന്ത്യൻ ദേശീയതയായി പരിണമിച്ചത്. ബ്രിട്ടീഷ് വിരുദ്ധ സമരങ്ങളിലെ മൂർച്ചയേറിയ ആയുധമാ യിരുന്നു വിദേശവസ്തുക്കളുടെ ബഹിഷ്കരണവും സ്വദേശിനിർമിത വസ്തുക്കളുടെ ഉപയോഗവും. പിൽക്കാലത്ത് ഗാന്ധിജി ഈ സമരത്തെ കൂടുതൽ ശക്തവും ജനകീയവുമായ ഒന്നാക്കി മാറ്റി.

## പ്രധാന ആശയങ്ങൾ

1. ബ്രിട്ടീഷ് നയങ്ങളുടെ പ്രത്യാഘാതങ്ങൾ
2. നികുതി വ്യവസ്ഥകൾ- ശാശ്വത ഭൂനികുതി വ്യവസ്ഥ, റയട്ട് വാരി സമ്പ്രദായം, മഹൽവാരി സമ്പ്രദായം.
3. കൃഷിയുടെ വാണിജ്യവൽക്കരണം
4. നീലം കർഷകരുടെ പ്രശ്നങ്ങൾ
5. നീലം കലാപം
6. മാപ്പിള കലാപങ്ങൾ
7. ഗോത്രകലാപങ്ങൾ
8. സാന്താൾ, കുറിച്യ കലാപങ്ങൾ-കാരണങ്ങൾ
9. പരമ്പരാഗത വ്യവസായങ്ങളുടെ തകർച്ച
10. ആധുനിക വ്യവസായ തൊഴിലാളികളുടെ പ്രശ്നങ്ങൾ
11. 1857ലെ കലാപം, ബ്രിട്ടീഷ് ചൂഷണം
12. ചോർച്ച സിദ്ധാന്തം
13. സ്വദേശി പ്രസ്ഥാനം

## ചോദ്യങ്ങൾ

**ചുവടെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് 2 മാർക്കിൽ ഉത്തരം എഴുതുക !**

1. തന്നിരിക്കുന്ന പട്ടിക ഉചിതമായി പൂർത്തിയാക്കുക.

| | |
|---|---|
| നികുതിവ്യവസ്ഥ | ഭൂമിയുടെ ഉടമ |
| റയട്ട് വാരി വ്യവസ്ഥ | കർഷകർ |
| ശാശ്വതഭൂനികുതിവ്യവസ്ഥ | |
| ഗ്രാമത്തലവൻ | |

2. ചുവടെ കൊടുത്തിരിക്കുന്ന സവിശേഷതകളുടെ അടിസ്ഥാനത്തിൽ ഭൂനികുതിവ്യവസ്ഥകൾ തിരിച്ചറിഞ്ഞെഴുതുക?

a) വിളവിന്റെ 60 % നികുതിയായി നൽകണമായിരുന്നു

b) ഗ്രാമത്തലവൻ ആയിരുന്നു നികുതി പിരിച്ചിരുന്നത്

3. പത്തൊമ്പതാം നൂറ്റാണ്ടിൽ തെക്കേ മലബാറിലുണ്ടായ കർഷകകലാപങ്ങൾ പൊതുവെ ഏതു പേരിൽ അറിയപ്പെടുന്നു? . ഈ കലാപങ്ങളെ പറ്റി പഠിക്കാൻ ബ്രിട്ടീഷ് ഗവൺമെൻറ് നിയോഗിച്ച കമ്മീഷന്റെ പേരെന്ത്?

4. 1857-ലെ ഒന്നാംസ്വാതന്ത്ര്യസമരം ഇന്ത്യയിലെ ബ്രിട്ടീഷ് ഭരണത്തിലെ ഒരു വഴിത്തിരിവാണെന്നു പറയുന്നതെന്തുകൊണ്ട് ?

5. 1905-ലെ ബംഗാൾ വിഭജനത്തിനെതിരായി നടന്ന പ്രക്ഷോഭത്തിൽ ഇന്ത്യൻ നേതാക്കൾ സ്വീകരിച്ച സമരരീതിയെന്ത്?

6. ബ്രിട്ടീഷ് കാലഘട്ടത്തിൽ ഇന്ത്യൻ സമ്പത്ത് വ്യവസ്ഥയിൽ ഉണ്ടായ തകർച്ചയെ കുറിച്ച് സ്ഥിതി വിവര കണക്കുകൾ ശേഖരിച്ച് പഠനം നടത്തിയ വ്യക്തി ആരായിരുന്നു .അദ്ദേഹത്തിന്റെ നിഗമനങ്ങൾ പ്രതിപാദിക്കുന്ന പുസ്തകം ഏത്

7. ബ്രിട്ടീഷുകാർ ഇന്ത്യയിൽ നടപ്പിലാക്കിയ വിവിധ ഭൂനികുതി നയങ്ങളിലെ സമാനതകൾ എന്തെല്ലാം? (2)

**ചുവടെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് 3 മാർക്കിൽ ഉത്തരം എഴുതുക ?**

8. പത്തൊമ്പതാം നൂറ്റാണ്ടിൽ സന്താൾ-കുറിച്യ കലാപങ്ങൾക്കു പുറമെ നിരവധി ഗോത്രകലാപങ്ങൾ ഇന്ത്യയുടെ വിവിധ പ്രദേശങ്ങളിൽ നടന്നു. ഏതെങ്കിലും മൂന്നെണ്ണം എഴുതുക.

9. ബ്രിട്ടീഷുകാർ ഇന്ത്യയിൽ ആരംഭിച്ച വ്യവസായശാലകളിലെ തൊഴിലാളികളുടെ അവസ്ഥ ശോചനീയമായിരുന്നതിന്റെ കാരണങ്ങൾ എന്തൊക്കെയായിരുന്നു?

10) പത്തൊമ്പതാം നൂറ്റാണ്ടിൽ ബ്രിട്ടീഷ് വ്യവസായികൾ ഇന്ത്യയിൽ ആധുനിക വ്യവസായങ്ങൾ ആരംഭിച്ചത് പ്രധാനമായും ഏതെല്ലാം മേഖലകളിലാണ്. പട്ടിക വിപുലമാക്കുക.

- തോട്ടം വ്യവസായം
- തുണി
-
-
-

11. 'ബ്രിട്ടീഷ് വിരുദ്ധ സമരങ്ങളിൽ വിദേശ വസ്തുക്കളുടെ ബഹിഷ്കരണവും സ്വദേശി നിർമിത വസ്തുക്കളുടെ ഉപയോഗവും ഇന്ത്യൻ വ്യവസായങ്ങൾക്ക് പുതുജീവൻ നൽകി സമർത്ഥിക്കുക . പ്രസ്താവന സാധൂകരിക്കുക.

12. ബ്രിട്ടീഷ് ഭരണം ഇന്ത്യയിലെ പരമ്പരാഗത വ്യവസായങ്ങളുടെ തകർച്ചയ്ക് ഇടയാക്കി. അതിന്റെ പരമ്പരാഗത വ്യവസായങ്ങൾ തകർച്ചയുടെ കാരണങ്ങൾ ഉൾപ്പെടുത്തി പട്ടിക പൂർത്തിയാക്കുക.

| പരമ്പരാഗത വ്യവസായങ്ങൾ | തകർച്ചയുടെ കാരണം |
|---|---|
| | ആലുമിനിയം പാത്രങ്ങളുടെ ഇറക്കുമതി |
| തുകൽപ്പണി | |
| | ലോഹനിർമിതയന്ത്രങ്ങളുടെ ഉപയോഗം |

13. ബ്രിട്ടീഷുകാർ നടപ്പിലാക്കിയ വന നിയമങ്ങൾ ഗോത്ര ജീവിതത്തെ ദുരിതമാക്കി സമർത്ഥിക്കുക

14. പട്ടിക പൂർത്തിയാക്കുക.

| ഭൂനികുതി വ്യവസ്ഥ | നടപ്പിലാക്കിയപ്രധാന പ്രദേശങ്ങൾ |
|---|---|
| a | ബംഗാൾ, ബീഹാർ, ഒറീസ |
| റയട്ട് വാരിവ്യവസ്ഥ | b |
| c | വടക്ക് പടിഞ്ഞാറൻ പ്രദേശങ്ങൾ |

15. കൃഷിയുടെ വാണിജ്യവൽക്കരണം എന്ത് ? ഇന്ത്യൻ കർഷകരെ വാണിജ്യവിളകൾ കൃഷി ചെയ്യാൻ പ്രേരിപ്പിച്ച സാഹചര്യം എന്ത്?

**ചുവടെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് 4 മാർക്കിൽ ഉത്തരം എഴുതുക ?**

16. 'ബ്രിട്ടീഷുകാരുടെ ചൂഷണത്തിനെതിരെ നടന്ന ഗോത്ര കലാപമാണ് വയനാട്ടിലെ കുറിച്യ കലാപം'

- ഈ കലാപത്തിന് നേതൃത്വം കൊടുത്തതാര് ?
- അതിന്റെ കാരണങ്ങൾ എന്തെല്ലാമായിരുന്നു? (4)

17) എ കോളത്തിലുള്ളവയ്ക്ക് അനുയോജ്യമായി ബി കോളങ്ങൾ ക്രമീകരിക്കുക

| A | B |
|---|---|
| വില്യം ലോഗൻ | ഒന്നാം സ്വാതന്ത്ര്യ സമരം |
| റാണി ലക്ഷ്മി ഭായി | ചോർച്ചാ സിദ്ധാന്തം |
| ദാദാഭായ് നവ്റോജി | മലബാർ മാന്വൽ |
| മംഗൾപാണ്ഡേ | ഝാൻസി |

18. ചുവടെ കൊടുത്തിരിക്കുന്ന പട്ടികയിൽ 1857-ലെ ഒന്നാംസ്വാതന്ത്ര്യ സമരത്തിന്റെ പ്രധാന കേന്ദ്രങ്ങൾ നൽകിയിരിക്കുന്നു. ഓരോ പ്രദേശത്തും സമരത്തിന് നേതൃത്വം നൽകിയവരുടെ പേരുകൾ ബ്രാക്കറ്റിൽ നിന്ന് തെരഞ്ഞെടുത്ത് പട്ടിക പൂർത്തീകരിക്കുക

(ബീഗം ഹസ്രത്ത് മഹൽ, മൗലവി അഹമ്മദുള്ള, ബഹദൂർഷാ, നാനാ സാഹിബ്)

ഡൽഹി - ...............

ലഖ്നൗ - ...............

കാൺപൂർ - ...............

ഫൈസാബാദ് - ..................

19. ചോർച്ചാസിദ്ധാന്തപ്രകാരം ഇന്ത്യയുടെ സമ്പത്ത് ബ്രിട്ടനിലേക്ക് ചോർന്നതെങ്ങനെ?

20. പരമ്പരാഗത വ്യവസായങ്ങളുടെ തകർച്ച ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയിൽ എന്തെല്ലാം മാറ്റങ്ങൾ ഉണ്ടാക്കി?

21. ബ്രിട്ടീഷുകാരുടെ നയങ്ങൾ ഇന്ത്യൻ തുണിവ്യവസായത്തിന്റെ തകർച്ചയ്ക്കു കാരണമായതെങ്ങനെ?

22. താഴെ തന്നിരിക്കുന്നവ കാലഗണനാക്രമത്തിൽ എഴുതുക.

- ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ രൂപീകരണം
- ബംഗാൾ വിഭജനം
- കുറിച്യ കലാപം
- ഒന്നാം സ്വാതന്ത്ര്യ സമരം

**ചുവടെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് 6 മാർക്കിൽ ഉത്തരം എഴുതുക !**

23. ബ്രിട്ടീഷുകാരുടെ സാമ്പത്തികചൂഷണം ഇന്ത്യയിലെ വിവിധ ജനവിഭാഗങ്ങളെ പ്രതികൂലമായി ബാധിച്ചതെങ്ങനെയെന്ന് വിശദീകരിക്കുക.

    **സൂചന:**
    - ഇന്ത്യയിലെ കർഷകർ,
    - കരകൗശലത്തൊഴിലാളികൾ,
    - ഗോത്രജനവിഭാഗങ്ങൾ

24. ബ്രിട്ടീഷ് ഭരണകാലത്ത് ഇന്ത്യൻ തുണിവ്യവസായത്തിനുണ്ടായ തകർച്ചയുടെ കാരണങ്ങളും നെയ്ത്തുകാരുടെ ദുരവസ്ഥയും വിശദമാക്കുക.

25. 1857ലെ കലാപത്തിന്റെ കാരണങ്ങൾ സൂചനകളുടെ അടിസ്ഥാനത്തിൽ വിവരിക്കുക

    - കർഷകരുടെ ദുരിതങ്ങൾ
    - കരകൗശല തൊഴിലാളികളുടെ ദാരിദ്ര്യം
    - ശിപായിമാരുടെ ദുരിതങ്ങൾ

26. 'ബ്രിട്ടീഷുകാർ ഇന്ത്യയിൽ നടപ്പിലാക്കിയ ഭൂനികുതിനയങ്ങൾ ഇന്ത്യയിലെ കാർഷികരംഗത്ത് ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കി.' സമർഥിക്കുക.

## ഉത്തരങ്ങൾ

1. a) കർഷകർ

   b) മഹൽവാരി വ്യവസ്ഥ

2. 
   - ശാശ്വതഭൂനികുതിവ്യവസ്ഥ
   - മഹൽവാരി വ്യവസ്ഥ

3. • മാപ്പിള കലാപങ്ങൾ
   • വില്യം ലോഗൻ കമ്മീഷൻ
4. • 1857-ലെ കലാപം ഇന്ത്യയിലെ ബ്രിട്ടീഷ് ഭരണത്തിലും നയത്തിലും വലിയ മാറ്റങ്ങളുണ്ടാക്കി.
   • ഇന്ത്യയുടെ ഭരണം ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യ കമ്പനിയിൽനിന്ന് ബ്രിട്ടീഷ് പാർലമെന്റ് ഏറ്റെടുത്തു
5. • വിദേശവസ്തുക്കളുടെ ബഹിഷ്കരണം
   • തദ്ദേശീയ വസ്തുക്കളുടെ ഉപയോഗം
6. • ദാദാഭായ് നവ്റോജി
   • പോവർട്ടി ആന്റ് അൺബ്രിട്ടീഷ് റൂൾ ഇൻ ഇന്ത്യ
7. • നികുതി പണമായി നൽകണം
   • നികുതി വളരെ ഉയർന്നതായിരുന്നു
8. • പഹാരിയ കലാപം, കോൾ കലാപം, ഖാസി കലാപം, ഭീൽ കലാപം, മുണ്ട കലാപം
9. • മണിക്കൂറുകളോളം നീണ്ട ജോലി സമയം
   • കുറഞ്ഞ കൂലി
   • അനാരോഗ്യകരമായ താമസസൗകര്യങ്ങൾ

10) a) ചണം

ഇരുമ്പുരുക്ക്

പേപ്പർ

11. • നിരവധി തുണിമില്ലുകൾ, സോപ്പ് ഫാക്ടറികൾ, തീപ്പെട്ടിക്കമ്പനികൾ, ദേശീയബാങ്കുകൾ, ഇൻഷുറൻസ് - കമ്പനികൾ എന്നിവ ആരംഭിച്ചു.
    • ഇന്ത്യയിലേക്കുള്ള ബ്രിട്ടീഷ് ഉൽപ്പന്നങ്ങളുടെ ഇറക്കുമതിയിൽ അക്കാലത്ത് വലിയ കുറവുണ്ടായി.
12. • മൺപാത്രനിർമാണം
    • അസംസ്കൃതവസ്തുവായ തുകലിന്റെ യൂറോപ്പിലേക്കുള്ള കയറ്റുമതി
    • മരപ്പണി
13. • വനങ്ങളിലേക്ക് ഉള്ള പ്രവേശനം നിഷേധിച്ചു
    • ഗോത്ര ജനത ശേഖരിച്ചിരുന്ന വന വിഭവങ്ങളുടെ മേൽ ബ്രിട്ടീഷുകാർ ഉയർന്ന നികുതി ചുമത്തി

- തോട്ടം വ്യവസായങ്ങൾ ആരംഭിക്കാൻ വേണ്ടി വനങ്ങൾ വ്യാപകമായി നശിപ്പിച്ചു

14. a) ശാശ്വത ഭൂനികുതിവ്യവസ്ഥ

  b) ദക്ഷിണേന്ത്യൻ പ്രദേശങ്ങൾ

  c) മഹൽവാരി വ്യവസ്ഥ

15
- ഭക്ഷ്യവിളകൾക്കു പകരം വിപണി ലക്ഷ്യമാക്കി വൻതോതിൽ നാണ്യവിളകൾ കൃഷി ചെയ്യുക
- ബ്രിട്ടീഷുകാരുടെ ഉയർന്ന ഭൂനികുതി നിരക്ക്
- നികുതി പണമായി നിശ്ചയിക്കപ്പെട്ട തീയതികളിൽ തന്നെ നൽകണമെന്ന നിബന്ധന
- യൂറോപ്യൻ വിപണി ലക്ഷ്യമാക്കിയുള്ള കാർഷികോൽപ്പാദനം

16.
- രാമൻ നമ്പി
- ബ്രിട്ടീഷുകാർ അമിത നികുതി ചുമത്തി.
- നികുതി പണമായി അടയ്ക്കാൻ നിർബന്ധിച്ചു
- നികുതി അടയ്ക്കാൻ കഴിയാത്തവരുടെ കൃഷിഭൂമി ബ്രിട്ടീഷുകാർ പിടിച്ചെടുത്തു.

17. ഉത്തരസൂചിക

| | | |
|---|---|---|
| വില്യം ലോഗൻ | – | മലബാർ മാന്വൽ |
| റാണി ലക്ഷ്മി ഭായി | – | ഝാൻസി |
| ദാദാഭായ് നവ്റോജി | – | ചോർച്ചാ സിദ്ധാന്തം |
| മംഗൾപാണ്ഡെ | – | ഒന്നാം സ്വാതന്ത്ര്യ സമരം |

18 ബഹദൂർഷാ II

ബീഗം ഹസ്രത്ത് മഹൽ

നാനാ സാഹിബ്

മൗലവി അഹമ്മദുള്ള

19.
- ഇന്ത്യയിൽനിന്നുള്ള അസംസ്കൃത വസ്തുക്കളുടെ കയറ്റുമതി
- ഇന്ത്യയിലെ ബ്രിട്ടീഷ് ഉദ്യോഗസ്ഥർക്ക് നൽകുന്ന ശമ്പളവും പെൻഷനും
- ഇന്ത്യയിൽ ബ്രിട്ടീഷ് ഉൽപ്പന്നങ്ങൾ വിറ്റഴിക്കുകവഴി അവർക്ക് ലഭിച്ച ലാഭം
- ഇന്ത്യയിൽനിന്നും പിരിച്ചെടുക്കുന്ന നികുതി.

20. • നഗരങ്ങൾ ജനവാസരഹിതമായി
    • വിവിധ പരമ്പരാഗത വ്യവസായങ്ങളിലേർപ്പെട്ടവർ കൃഷിപ്പണിയിലേക്ക് തിരിഞ്ഞു
    • കൃഷിയെ ആശ്രയിച്ചു ജീവിക്കുന്നവരുടെ എണ്ണത്തിൽ വർധനവുണ്ടായി
    • കൃഷിഭൂമി ചെറുതുണ്ടുകളായി.
    • ഉൽപ്പാദന മുരടിപ്പ്

21. • യന്ത്രനിർമിത ബ്രിട്ടീഷ് തുണിത്തരങ്ങൾ വൻതോതിൽ ഇറക്കുമതി ചെയ്തു
    • റെയിൽവേ വ്യാപകമായത്
    • ബ്രിട്ടീഷ് ഗവൺമെന്റ് കയറ്റുമതിക്ക് ചുമത്തിയ ഉയർന്ന നികുതി
    • ബ്രിട്ടീഷ് ഉദ്യോഗസ്ഥരുടെ ചൂഷണവും പീഡനവും

22. • കുറിച്യ കലാപം
    • ഒന്നാം സ്വാതന്ത്ര്യ സമരം
    • ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ രൂപീകരണം
    • ബംഗാൾ വിഭജനം

23 • കർഷകരുടെ ദുരിതങ്ങൾ - ഉയർന്ന നികുതി, സെമീന്ദാർമാരുടെയും കൊള്ളപ്പലിശക്കാരുടെയും ചൂഷണം, കൃഷിയിടം നഷ്ടമായി
    • കരകൗശലത്തൊഴിലാളികളുടെ ദാരിദ്ര്യം, പരമ്പരാഗതവ്യവസായങ്ങളുടെ തകർച്ച
    • ബ്രിട്ടീഷുകാർ നടത്തുന്ന സാമ്പത്തികചൂഷണം സംബന്ധിച്ച് ആദ്യകാല ദേശീയ നേതാക്കന്മാരുടെ പഠനങ്ങൾ - ജനങ്ങളെ ബോധവാന്മാരാക്കിയ പ്രവർത്തനങ്ങൾ
    • ഗോത്രജനവിഭാഗങ്ങളുടെ ദുരിതങ്ങൾ - വനനിയമങ്ങൾ, ഉയർന്ന നികുതി, നികുതി പണമായി

24. • യന്ത്രനിർമിത ബ്രിട്ടീഷ് തുണിത്തരങ്ങളുടെ വൻതോതിലുള്ള ഇറക്കുമതി
    • യന്ത്രനിർമിത തുണിത്തരങ്ങളുടെ വിലക്കുറവ്
    • റെയിൽവേയുടെ വ്യാപനം
    • ഇന്ത്യൻ നെയ്ത്തുകാർക്ക് ഗ്രാമങ്ങളിലെ വിപണി നഷ്ടമായി
    • തുണിത്തരങ്ങളുടെ കയറ്റുമതിക്ക് മേൽ ചുമത്തിയ ഉയർന്ന നികുതി
    • ബ്രിട്ടീഷ് ഉദ്യോഗസ്ഥരുടെ ചൂഷണവും പീഡനവും

- നെയ്ത്തുകാർ തൊഴിൽ ഉപേക്ഷിച്ച് - കാർഷിക മേഖലയിലേക്ക് തിരിഞ്ഞു
- എണ്ണത്തിലെ വർധനവും - ഉൽപ്പാദനമുരടിപ്പും

25. കർഷകർ : ഉയർന്ന ഭൂനികുതി,കൊള്ളപലിശക്കാരുടെ ചൂഷണം, കൃഷിയിടം നഷ്ടമായി

ശിപായി : തുച്ഛമായ ശമ്പളം, ബ്രിട്ടീഷ് ഉദ്യോഗസ്ഥരുടെ അവഹേളനം, പശുവിന്റെയും പന്നിയുടെയും കൊഴുപ്പു പുരട്ടിയ തിരകൾ

കരകൗശലത്തൊഴിലാളികൾ : വിദേശവസ്തുക്കളുടെ ഇറക്കുമതി, കരകൗശലക്കാർ, തൊഴിൽരഹിതരായി, പരമ്പരാഗത വ്യവസങ്ങളുടെ തകർച്ച

രാജാക്കന്മാർ : സൈനികസഹായ വ്യവസ്ഥ,ദത്തവകാശ നിരോധനനിയമം, നാട്ടുരാജ്യങ്ങൾ പിടിച്ചടക്കി

26.
- ഭൂമി കൊള്ളപ്പലിശക്കാർക്ക് പണയപ്പെടുത്തി
- കടവും ഉയർന്ന പലിശയും അടയ്ക്കാൻ കഴിയാതെവന്ന കർഷകരുടെ ഭൂമി കൊള്ളപ്പലിശക്കാർ കൈയ്ക്കലാക്കി
- കൃഷിയുടെ വാണിജ്യവൽക്കരണം
- ഭക്ഷ്യദൗർലഭ്യം - ക്ഷാമം - പട്ടിണി മരണങ്ങൾ
- കർഷകപ്രക്ഷോഭങ്ങൾ
- ബ്രിട്ടീഷുകാരുടെ ഭൂനികുതി നയം
- കടക്കെണിയിലായ കർഷകർ
- ഭൂമി കൈവശപ്പെടുത്തിയ കൊള്ളപ്പലിശക്കാർ

**യൂണിറ്റ് 5**

# സംസ്ക്കാരവും ദേശീയതയും

## ആമുഖം

ബ്രിട്ടീഷ് സാമ്രാജ്യത്വ ചൂഷണവും അതിനോടുള്ള പ്രതികരണമെന്ന നിലയിൽ വളർന്നുവന്ന ദേശീയതയുമാണ് ആധുനിക ഇന്ത്യയുടെ ചരിത്രം രൂപപ്പെടുത്തിയത്. ബ്രിട്ടീഷ് ചൂഷണം വിവിധ ജനവിഭാഗങ്ങളെ സാമ്രാജ്യവിരുദ്ധ ബോധത്തിലേക്ക് നയിച്ചതെങ്ങനെ എന്ന് ഈ അധ്യായത്തിൽ വ്യക്തമാക്കുന്നു. ജാതി, മത, വർഗ്ഗ, പ്രദേശിക വ്യത്യാസങ്ങൾക്ക് ഉപരിയായി ഒരു രാജ്യത്തെ ജനതയുടെ മാനസിക ഐക്യമാണ് ദേശീയത. സാമൂഹിക-സാംസ്കാരിക രംഗത്തുണ്ടായ നിരവധി മാറ്റങ്ങളും വൈവിധ്യങ്ങളുടെ ഇടയിലും ഇന്ത്യയിൽ നിലനിൽക്കുന്ന ഐക്യവും മറ്റ് നിരവധി കാരണങ്ങളും ഇന്ത്യൻ ദേശീയ ഐക്യത്തിന് വഴിതെളിച്ചു ഇവയെല്ലാം തന്നെ ഈ അധ്യായത്തിൽ ചർച്ചയ്ക്ക് വിധേയമാക്കുന്നു.

## ആശയങ്ങൾ

- കോളനി ഭരണവും ദേശീയതയും
- സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങളും പരിഷ്കർത്താക്കളും
- വിദ്യാഭ്യാസം ദേശത്തിന്
- സാഹിത്യവും ദേശീയതയും
- ദേശീയത കലയിൽ

## ചോദ്യങ്ങൾ

1. പത്തൊൻപതാം നൂറ്റാണ്ടിൽ ഇന്ത്യയിൽ സംസ്കാരിക രംഗത്തും ആശയതലങ്ങളിലും ഉയർന്നുവന്ന രണ്ടുതരം പ്രതിഷേധങ്ങൾ ഏതൊക്കെ? (2)
2. പത്തൊൻപതാം നൂറ്റാണ്ടിൽ ഇന്ത്യയിലെ സാമൂഹ്യപരിഷ്കരണ പ്രസ്ഥാനങ്ങളുടെ ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു (2)

3. ബ്രിട്ടീഷ് ഭരണകർത്താകൾ ഇന്ത്യയിൽ അവരുടെ ഭരണം മെച്ചപ്പെടുത്തുന്നതിനുവേണ്ടി സ്വീകരിച്ച നടപടികൾ എന്തെല്ലാം?

4. ഇന്ത്യയിൽ ബ്രിട്ടീഷുകാർ ഇംഗ്ലീഷ് വിദ്യാഭ്യാസം നടപ്പിലാക്കിയതിന്റെ ലക്ഷ്യങ്ങൾ ഏവ? (2)

5. വിവിധ സാമൂഹ്യപരിഷ്കരണ പ്രസ്ഥാനങ്ങളുടെ ആവിർഭാവത്തിന് വഴിതെളിച്ച സാഹചര്യങ്ങൾ എന്തെല്ലാം? (2)

6. ഇന്ത്യൻ അസോസിയേഷനെപ്പോലെ ഇന്ത്യയിൽ രൂപീകൃതമായ മറ്റ് രണ്ട് അസോസിയേഷനുകൾ എതെല്ലാം? (2)

7. വാർധാ പദ്ധതിയുടെ രൂപീകരണത്തിലേക്ക് ഗാന്ധിജിയെ പ്രേരിപ്പിച്ച ഘടകങ്ങൾ ഏവ? (2)

8. ഇന്ത്യൻ ദേശീയതയുടെ വളർച്ചയിൽ അബനിന്ദ്രാനാഥ ടാഗോറിന്റെ പങ്ക് നിസ്തുലമാണ് സമർത്ഥിക്കുക? (3)

9. ഇന്ത്യൻ സംസ്കാരത്തെക്കുറിച്ച് പഠനം നടത്താൻ സ്ഥാപിച്ച ബ്രിട്ടീഷ് സ്ഥാപനങ്ങളുടെയും സ്ഥാപകരുടെയും പട്ടിക രേഖപ്പെടുത്തുക. (3)

10. സാമൂഹിക പരിഷ്കരണമേഖലയിൽ ഈശ്വരചന്ദ്ര വിദ്യാസാഗറിന്റെ പങ്കെന്ത്.

11. വിദ്യാഭ്യാസം ഇന്ത്യൻദേശിയതയുടെ വളർച്ചയിൽ വഹിച്ച പങ്ക് വിലയിരുത്തുക.

12. ഇന്ത്യൻ ദേശിയതയുടെ വളർച്ചയിൽ ചിത്രങ്ങളും ചിത്രകാരൻമാരും നൽകിയ സേവനങ്ങൾ ഏവ? (3)

13. രാജാറാംമോഹൻ റോയിയെ ആധുനികവൽകരണത്തിന്റെ മുൻഗാമി എന്നറിയപ്പെടാൻ കാരണം എന്ത്? (4)

14. പത്രങ്ങൾ ഇന്ത്യക്കാർക്കിടയിൽ ദേശീയത വളർത്തിയതെങ്ങനെ? (4)

15. ദേശീയതയുടെ വളർച്ചയിൽ വിദ്യാഭ്യാസത്തിനുള്ള പങ്ക് വ്യക്തമാക്കുക? (4)

16. നീൽദർപ്പൺ എന്ന നാടകത്തെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക? (4)

17. **ചേരുംപടി ചേർക്കുക**

| | |
|---|---|
| ആനന്ദമഠം | ദിനബന്ധുമിത്ര |
| നീൽദർപ്പൺ | രവിന്ദ്രനാഥടാഗോർ |
| ഇന്ത്യയുടെ കരച്ചിൽ | ബങ്കിംചന്ദ്രചാറ്റർജി |
| ഗോര | വള്ളത്തോൾ നാരായണമേനോൻ |

18.

| | |
|---|---|
| ഡെക്കാൺ എജ്യുക്കേഷൻ സൊസൈറ്റി | രവീന്ദ്രനാഥ ടാഗോർ |
| വിശ്വഭാരതി സർവകലാശാല | മൗലാനാ മുഹമ്മദലി |
| വാർധാ വിദ്യാഭ്യാസ പദ്ധതി | ബാലഗംഗാധരതിലക് |
| ജാമിയ മിലിയ ഇസ്ലാമിയ | മഹാത്മാഗാന്ധി |

19.

| | |
|---|---|
| ഇന്ത്യൻ സൊസൈറ്റി ഓഫ് ഓറിയന്റൽആർട്ട്സ് | നന്ദലാൽബോസ് |
| ഇന്ത്യൻ പുരാണങ്ങളിലെ സന്ദർഭങ്ങൾ ചിത്രീകരിച്ചു | അമൃതാഷേർഗിൽ |
| ഗ്രാമത്തിലെ ജീവിതദുരന്തങ്ങൾ വെളിച്ചം കുറഞ്ഞ വർണങ്ങളിൽ ചിത്രീകരിക്കുന്നു | രാജാരവിവർമ്മ |
| ഹരിപുര സമ്മേളനത്തിന്റെ പോസ്റ്റർ | അബനീന്ദ്രനാഥ് ടാഗോർ |

20. ഇന്ത്യൻ ജനതയുടെ മനസ്സിൽ ഐക്യം സൃഷ്ടിച്ച ഘടകങ്ങൾ ഏവ?

21. ഇന്ത്യൻ സമൂഹത്തിൽ അടിസ്ഥാനപരമായ മാറ്റങ്ങൾക്കായി സാമൂഹിക പരിഷ്കർത്താക്കൾ മുന്നോട്ടുവച്ച ആശയങ്ങൾ ഏവ? (6)

22. 1835 മുതൽ 1938 വരെയുള്ള പ്രധാന സംഭവങ്ങൾ കോർത്തിണക്കി ടൈം ലൈൻ തയ്യാറാക്കുക.

23. ഇന്ത്യൻ ദേശീയതയുടെ വളർച്ചയ്ക്ക് കാരണമായ ഘടകങ്ങൾ ഏവ? (6)

24. ഇന്ത്യൻ ദേശീയതയുടെ വളർച്ചയിൽ സാഹിത്യം ചെലുത്തിയ സ്വാധീനം വിലമതിക്കാനാകാത്തതാണ് വിലയിരുത്തുക. (6)

25. ദേശീയതയുടെ വളർച്ചയിൽ ചിത്രകാരൻമാർക്ക് പങ്കുണ്ടായിരുന്നു എങ്ങനെ? (6)

26



## ഉത്തരങ്ങൾ

1. • ഇന്ത്യൻ സമൂഹത്തിൽ നിലനിന്ന അസമത്വങ്ങൾക്കും തിന്മകൾക്കും അവകാശനിഷേധങ്ങൾക്കും എതിരായവ.
   • ഇന്ത്യയിൽ ആധിപത്യം സ്ഥാപിച്ചുകൊണ്ടിരിക്കുന്ന സാമ്രാജ്യത്വ ചൂഷണങ്ങൾക്കെതിരായവ.
2. • ഇന്ത്യൻ സമൂഹത്തിൽ നിലനിൽക്കുന്ന തിന്മകളെയും അന്ധവിശ്വാസങ്ങളെയും ഉൻമൂലനം ചെയ്യുക.
   • എല്ലാ പൗരൻമാർക്കും വിവേചനങ്ങളില്ലാതെ വഴിനടക്കാനും വസ്ത്രം ധരിക്കാനും വിദ്യാഭ്യാസം നേടാനും അവകാശം നേടുക.
3. • ഇന്ത്യൻ ജനതയുടെ ജീവിതത്തെയും സംസ്കാരത്തെയും കുറിച്ച് ഇന്ത്യൻ കൃതികളിൽ നിന്ന് പഠിച്ചു.
   • ഇന്ത്യൻ ജനതയിൽ ഒരു വിഭാഗത്തിന്റെ പിന്തുണ നേടാനായി ഇംഗ്ലീഷ് വിദ്യാഭ്യാസം ഏർപ്പെടുത്തി.
4. • ബ്രിട്ടീഷ് ഉദ്യോഗസ്ഥർക്ക് പരിശലനം നൽകാനും ബ്രിട്ടീഷ് സർക്കാരിനോട് വിധേയത്വമുള്ള ഒരു ജനതയെ സൃഷ്ടിക്കുക.
   • ഇന്ത്യൻ വിദ്യാഭ്യാസ രംഗത്ത് സ്വതന്ത്രമായി ഇടപെടുക.
5. ആധുനിക വത്ക്കരണത്തോടുള്ള താൽപര്യം, ഇന്ത്യൻ ജനതയിൽ വളർന്നുവന്ന യുക്തിചിന്ത
6. • ബ്രിട്ടീഷ് ഇന്ത്യൻ സൊസൈറ്റി
   • ലാന്റ് ഹോൾഡേഴ്സ് അസോസിയേഷൻ
7. വിദ്യാർത്ഥി ആയിരിക്കുമ്പോൾ ചിലതൊഴിലുകൾ പഠിച്ചാൽ അത് ഭാവിജിവീതത്തിലേക്ക് ഗുണകരമാകും എന്ന ചിന്ത.
   • ഒരു സ്വയം പര്യാപ്തമായ ജനതയ്ക്ക് മാത്രമേ ബ്രിട്ടീഷുകാരെ എതിർക്കാൻ കഴിയൂ എന്ന തിരിച്ചറിവ്.
8. • അദ്ദേഹത്തിന്റെ ഭാരതമാതാ എന്ന ജലഛായചിത്രം ഇന്ത്യൻ ജനതയിൽ ദേശസ്നേഹം വളർത്തുന്നതിൽ നിർണായക പങ്കുവഹിച്ചു.
   • ഇന്ത്യൻ ചിത്രകലയെ പാശ്ചാത്യ സ്വാധീനത്തിൽ നിന്ന് മോചിപ്പിച്ചു.
   • ഇന്ത്യൻ സൊസൈറ്റി ഓഫ് ഓറിയന്റൽ ആർട്സ് സ്ഥാപിച്ചു.
9. • കൽക്കട്ട, മദ്രാസ്സ് — വാറൻഹേസ്റ്റിംഗ്സ്
   • ഏഷ്യാറ്റിക്ക് സൊസൈറ്റി ഓഫ് ബംഗാൾ — വില്യം ജോൺസ്

- ബനാറസ് സംസ്കൃത കോളേജ് — ജൊനാഥൻ ഡങ്കൻ

10.
- വിധവകളുടെ പുനർവിവാഹത്തിനായി പ്രവർത്തിച്ചു.
- 1856-ൽ ഹിന്ദു പുനർവിവാഹനിയമം പാസായത് ഇദ്ദേഹത്തിന്റെ ശ്രമഫലമായാണ്.
- സ്ത്രീകളുടെ വിദ്യാഭ്യാസത്തിനായി വിദ്യാലയങ്ങൾ സ്ഥാപിച്ചു.

11.
- ബ്രിട്ടീഷുകാരുടെ ചൂഷണത്തിനെതിരെ പോരാടാൻ സഹായിച്ചു.
- ഇന്ത്യൻ ജനതയിൽ ദേശീയത വളർത്താൻ സഹായിച്ചു.
- ദേശീയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ മതേതര വിദ്യാഭ്യാസം ദേശീയത എന്നിവ വളർത്താൻ സഹായിച്ചു.

12.
- അബനീന്ദ്രനാഥ ടാഗോറിന്റെ ഭാരതമാത എന്ന ജലഛായാ ചിത്രം ഇന്ത്യൻ ജനതയിൽ ദേശസ്നേഹം വളർത്തുന്നതിൽ നിസ്തുല പങ്കുഹിച്ചു.
- ഇന്ത്യൻ ചിത്രകലയെ പശ്ചാത്യസ്വാധീനത്തിൽ നിന്നും മോചിപ്പിച്ച് ഭാരതീയ സംസ്കാരവും പാരമ്പര്യവും ചിത്രകലയിൽ കൊണ്ടുവന്നതുവഴി ഇന്ത്യൻ ജനതയിൽ ഐക്യം രൂപപ്പെട്ടു.
- നന്ദലാൽ ബോസിന്റെ സതി എന്ന ചിത്രം ഇന്ത്യൻ സമൂഹത്തിൽ നിലനിന്ന അനാചാരങ്ങൾക്കെതിരെ പോരാടാൻ പ്രേരിപ്പിച്ചു.

13.
- ജാതി വ്യവസ്ഥ എതിർത്തു.
- ബംഗാളിൽ ബ്രഹ്മസമാജം സ്ഥാപിച്ചു.
- വിവിധ ജാതികളായി വിഭജിക്കപ്പെട്ട ഇന്ത്യൻ സമൂഹത്തിന്റെ ഐക്യത്തിനായി പ്രയത്നിച്ചു.
- സ്ത്രീകളുടെ പദവി ഉയർത്തുന്നതിനായി അവർക്ക് സ്വത്തിനുമേൽ അവകാശം നൽകണമെന്ന് ആവശ്യപ്പെട്ടു.

14.
- ഇന്ത്യൻ സമൂഹത്തിലെ തിന്മകൾക്കും അനാചാരങ്ങൾക്കും എതിരെ പ്രവർത്തിക്കുന്ന സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങളെ ക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കി.
- ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്വാതന്ത്ര്യത്തിനും ജനാധിപത്യത്തിനും സമത്വത്തിനുമായി ജനങ്ങൾ നടത്തുന്ന പോരാട്ടങ്ങളെക്കുറിച്ച് വിവരം നൽകി.
- ബ്രിട്ടീഷ് ചൂഷണം, മർദ്ദകഭരണം, കൂട്ടക്കൊല എന്നിവയെ ക്കുറിച്ച് ജനങ്ങളെ ബോധവന്മാരാക്കി.
- പ്ലേഗ്, ക്ഷാമം എന്നിവമൂലം ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ പതിനായിരങ്ങൾ മരണപ്പെടുന്ന വിവിരങ്ങൾ ജനങ്ങളിലെത്തിച്ചു.

15.
- ഇന്ത്യൻ സമൂഹത്തിൽ നിലനിന്ന സാമൂഹിക അസമത്വങ്ങൾക്കെതിരെയും ബ്രിട്ടീഷ് ആധിപത്യത്തിനെതിരേയും പോരാടാൻ ഇന്ത്യൻ ജനതയെ പ്രാപ്തരാക്കി.

- ദേശീയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇന്ത്യക്കാർക്കിടയിൽ ദേശീയബോധം സൃഷ്ടിച്ചു.
- മതേതര വിദ്യാഭ്യാസം നൽകുകവഴി ഐക്യബോധം സൃഷ്ടിച്ചു.
- ടാഗോറിനെപ്പോലുള്ള വിദഗ്ദ്ധരുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അന്താരാഷ്ട്ര ഐക്യം ശക്തിപ്പെടുത്തി.

16.
- ദിന ബന്ധുമിത്ര രചിച്ച നാടകം
- നീലം കർഷകർ അനുഭവിക്കുന്ന കൊടിയചൂഷണത്തെ ഹൃദയഹാരിയായി ചിത്രീകരിച്ചു.
- നാടകത്തിൽ ചിത്രീകരിച്ച പ്രശ്നങ്ങൾ സുരേന്ദ്രനാഥബാനർജിയെ സ്വാധീനിച്ചു.
- ഇന്ത്യൻ അസോസിയേഷൻ ഏറ്റെടുക്കുകയും ഇന്ത്യയിൽ എമ്പാടും പ്രചരിപ്പിക്കുകയും ചെയ്തു.
- ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ കർഷകകലാപങ്ങൾക്ക് കാരണമായി.

17.

| | |
|---|---|
| • ആനന്ദമഠം | ബങ്കിംചന്ദ്രചാറ്റർജി. |
| • നീൽദർപ്പൺ | ദിനബന്ധുമിത്ര |
| • ഇന്ത്യയുടെ കരച്ചിൽ | വള്ളത്തോൾ നാരായണമേനോൻ |
| • ഗോര | രവീന്ദ്രനാഥ ടാഗോർ |

18.

| | |
|---|---|
| • ഡെക്കാൻ എഡ്യുക്കേഷൻ സൊസൈറ്റി | ബാലഗംഗാധരതിലക് |
| • വിശ്വഭാരതി സർവകലാശാല | രവീന്ദ്രനാഥ ടാഗോർ |
| • വാർധ വിദ്യാഭ്യാസ പദ്ധതി | മഹാത്മാഗാന്ധി |
| • ജാമിയ മിലിയ ഇസ്ലാമിയ | മൗലാനാ മുഹമ്മദ് അലി |

19.

| | |
|---|---|
| • ഇന്ത്യൻ സൊസൈറ്റി ഓഫ് ഓറിയന്റൽ ആർട്ട്സ് | അബനീന്ദ്രനാഥ ടാഗോർ |
| • ഇന്ത്യൻ പുരാണങ്ങളിലെ സന്ദർഭങ്ങൾ ചിത്രീകരിച്ചു | രാജാരവിവർമ്മ |
| • ഗ്രാമങ്ങളിലെ ജീവിതദുരിതങ്ങൾ വെളിച്ചം കുറഞ്ഞ വർണങ്ങളിൽ ചിത്രീകരിച്ചു | അമൃതഷേർഗിൽ |
| • ഹരിപുര സമ്മേളനത്തിന്റെ പോസ്റ്റർ | നന്ദലാൽബോസ് |

20.
- ബ്രിട്ടീഷുകാരുടെ ചൂഷണം
- ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ വ്യാപനം
- സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനങ്ങൾ
- ജനാധിപത്യ ആശയങ്ങളുടെ സ്വാധീനം

- പത്രം, സാഹിത്യം, ചിത്രകല തുടങ്ങിയ മാധ്യമങ്ങൾ
- ബ്രിട്ടീഷ് ആധിപത്യത്തിന്റെ അനന്തര ഫലങ്ങൾ

21.
- ജാതിവ്യവസ്ഥ തുടച്ചുമാറ്റുക.
- മുഴുവൻ ജനങ്ങളുടെയും അവകാശങ്ങൾ സംരക്ഷിക്കുക.
- വിധവാ പുനർവിവാഹം നിർത്തലാക്കുക, പൗരോഹിത്യ മേധാവിത്വം അവസാനിപ്പിക്കുക.
- സ്വാതന്ത്ര്യം, സമത്വം, യുക്തിചിന്ത എന്നിവ പ്രോത്സാഹിപ്പിക്കുക.
- ഇന്ത്യൻ ജനതയുടെ ഇടയിൽ ജാതി-മത-വർഗ്ഗ-വർണ ചിന്തകൾക്കതീതമായി ദേശീയ ഐക്യം വളർത്താൻ സാമൂഹ്യ പരിഷ്കർത്താക്കൾ ശ്രമിച്ചു.

22.
1835 – ഇന്ത്യയിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം ആരംഭിച്ചു.
1856 – ഹിന്ദുവിധവാ പുനർവിവാഹം നടപ്പിലാക്കി
1875 – പ്രാദേശിക ഭാഷാപത്രനിയമം നടപ്പിലാക്കി
1884 – ഡെക്കാൻ എഡ്യുക്കേഷൻ സൊസൈറ്റി സ്ഥാപിച്ചു.
1916 – മഹാരാഷ്ട്രയിൽ ആദ്യവനിതാ സർവകലാശാല സ്ഥാപിച്ചു.
1937 – വാർധാ വിദ്യാഭ്യാസ പദ്ധതി
1938 – ഇന്ത്യൻ നാഷണൽ കോൺഗ്രസ് സ്ഥാപിതമായി

23.
- സമൂഹിക, സാംസ്കാരിക രംഗത്തുണ്ടായ സമൂലമായമാറ്റം
- ഇംഗ്ലീഷ് വിദ്യാഭ്യാസം നേടിയ ഇന്ത്യക്കാർ
- സാമൂഹിക പരിഷ്കർത്താക്കളുടെ പ്രവർത്തനങ്ങൾ
- പത്രങ്ങൾ
- ദേശീയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ
- സാഹിത്യം, കല

24.
- ഇന്ത്യൻ സമൂഹത്തിൽ നിലനിന്നിരുന്ന സാമൂഹിക തിന്മകൾക്കെതിരേയും ബ്രിട്ടീഷ് ആധിപത്യത്തിനെതിരേയും നടന്ന സമരങ്ങൾ
- കഥ, കവിത, നാടകം എന്നിവയിലൂടെ എഴുത്തുകാർ ഇന്ത്യൻ ജനതയിൽ ദേശീയബോധം സൃഷ്ടിക്കുകയും ബ്രിട്ടീഷ് ആധിപത്യത്തിനെതിരെ സംഘടിക്കാൻ പ്രേരിപ്പിക്കുകയും ചെയ്തു.
- വിദ്യാഭ്യാസം നേടിയ വരേണ്യ വർഗ്ഗവും സാധാരണ ഇന്ത്യൻ ജനങ്ങളും തമ്മിലുള്ള വിടവ് നികത്താൻ പ്രാദേശിക ഭാഷകളിൽ രചിക്കപ്പെട്ട പാട്ടുകൾ സഹായിച്ചു.

- ശിശിർകുമാർ ഘോഷും സത്യേന്ദ്രനാഥ ടാഗോറും കൊണ്ടുവന്ന ഭാരതമാതാ എന്ന ആശയം ജനങ്ങളിൽ ദേശീയത വളർത്തി.
- ബങ്കിം ചന്ദ്രചാറ്റർജി ആനന്ദമഠ് എന്ന തന്റെ കൃതിയിലൂടെ ബംഗാളി കർഷകരുടെ അവസ്ഥ പ്രചരിപ്പിച്ചു.
- ദിനബന്ധുമിത്ര രചിച്ച നീൽദർപ്പൺ എന്ന നാടകം നീലം കർഷകരുടെ ദയനീയ അവസ്ഥ വെളിപ്പെടുത്തി.

25.
- അബനീന്ദ്രനാഥ ടാഗോറിന്റെ ഭാരതമാത എന്ന ജലഛായചിത്രം ദേശീയ ബോധം വളർത്താൻ സഹായിച്ചു.
- രാജാരവിവർമ്മ പുരാണങ്ങളിൽ നിന്നുള്ള സംഭവങ്ങൾ അടിസ്ഥാനപ്പെടുത്തി ചിത്രങ്ങൾ വരച്ചു.
- നന്ദലാൽ ബോസിന്റെ സതി എന്ന ചിത്രം, ഇന്ത്യൻ സ്ത്രീകൾ സതി അനുഷ്ടിക്കേണ്ടി വരുന്ന അവസ്ഥ വ്യക്തമാക്കുകയും ജനതയുടെ മനസ്സിൽ ഈ അനാചാരം ഇല്ലാതാക്കാൻ വേണ്ടി പ്രയത്നിക്കേണ്ട ആവശ്യം ബോധ്യപ്പെടുത്തുകയും ചെയ്തു.
- നന്ദലാൽ ബോസിന്റെ ഡ്രമ്മറാണ് മറ്റൊരുചിത്രം
- അമൃത ഷേർഗിൽ എന്ന ചിത്രകാരി ഇന്ത്യൻ ഗ്രാമങ്ങളുടെ ചിത്രങ്ങൾ മങ്ങിയ രീതിയിൽ ചിത്രീകരിച്ചു.
- അബനീന്ദ്രനാഥ ടാഗോർ ഇന്ത്യൻ ചിത്രകലയെ പാശ്ചാത്യ ചിത്രകലയുടെ സ്വാധീനത്തിൽ നിന്നും രക്ഷിക്കുവാൻ ഓറിയന്റൽ ആർട്സ് സ്ഥാപിച്ചു.



**യൂണിറ്റ് 6**

# സമരവും സ്വാതന്ത്ര്യവും

## ആമുഖം

1919ൽ ദേശീയ പ്രസ്ഥാനത്തിന്റെ പരമോന്നതപദവിയിലേക്കുള്ള ഗാന്ധിജിയുടെ വരവ് സാമ്രാജ്യത്വ ശക്തിയായ ബ്രിട്ടന്റെ ചൂഷണ ഭരണത്തിനെതിരായുള്ള ഇന്ത്യയുടെ പുതിയ സമരയുഗത്തിന് തുടക്കം കുറിച്ചു. സമരവും സ്വാതന്ത്ര്യവും എന്ന ഈ അദ്ധ്യായം ആദ്യ കാലഘട്ടങ്ങളിൽ വരേണ്യവർഗത്തിനിടയിൽ മാത്രം ഒരുങ്ങിനിന്നിരുന്ന ദേശീയ പ്രസ്ഥാനം എങ്ങനെ ഒരു ജനകീയ മുന്നേറ്റമായി മാറി എന്ന് വ്യക്തമാക്കുന്നു. ഒരേസമയം ക്രീയാത്മകവും, ബഹിഷ്കരണകരവുമായ. പദ്ധതികളിലൂടെ ഗാന്ധിജി ജനങ്ങളെ ദേശീയ പ്രസ്ഥനത്തിൽ സജീവമാകാൻ പ്രേരിപ്പിച്ചു. ഇതേസമയം സ്വാതന്ത്ര്യ ലബ്ധിക്കായി വേറിട്ട വഴികളിലൂടെ സഞ്ചരിച്ച വ്യക്തികളേയും പ്രസ്ഥാനങ്ങളേയും പരിചയപ്പെടുത്തുകയും ചെയ്യുന്നു ഈ അദ്ധ്യായം.

## ആശയങ്ങൾ

- ഗാന്ധിജിയുടെ ആദ്യകാലസമരങ്ങൾ
- ദേശീയ സമരത്തിലേക്ക്
- നിസ്സഹകരണവും ഖിലാഫത്ത് പ്രസ്ഥാനവും
- പൂർണ്ണ സ്വരാജും സിവിൽ നിയമലംഘനവും
- ബ്രിട്ടീഷുകാർ ഇന്ത്യവിടുക
- വേറിട്ട വഴികൾ

## ചോദ്യങ്ങൾ

1 ആദ്യകാലത്ത് ഇന്ത്യയിൽ രൂപംകൊണ്ട തൊഴിലാളി സംഘടനകൾ ഏതെല്ലാം ? (2)

2 ഖിലാഫത്ത് നേതാക്കൾ ആരെല്ലാം? (2)

3 ഗാന്ധിജി ഇന്ത്യമുഴുവൻ ഖിലാഫത്ത് നേതാക്കളോടൊപ്പം സഞ്ചരിച്ച് തന്റെ ആശയങ്ങൾ പ്രചരിപ്പിച്ചതിന്റെ ലക്ഷ്യം എന്ത്? (2)

4 ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ലാഹോർ സമ്മേളനം ചരിത്രത്തിന്റെ വഴിത്തിരിവായതെങ്ങനെ? (2)

5 നിസ്സഹകരണ സമരം നിർത്തിവയ്ക്കാൻ ഗാന്ധി നിർബന്ധിതനായതെങ്ങനെ? (2)

6 ജാലിയൻ വാലാബാഗ് സംഭവത്തെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക. (2)

7 ഏത് സമ്മേളനത്തിലാണ് പൂർണസ്വാതന്ത്ര്യമാണ് ലക്ഷ്യം എന്ന് പ്രഖ്യാപിക്കപ്പെട്ടത്? ഈ സമ്മേളനത്തിന്റെ അദ്ധ്യക്ഷൻ ആരായിരുന്നു? (2)

8 ഗാന്ധിജി ഖിലാഫത്ത് പ്രസ്ഥാനത്തെ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ അവിഭാജ്യഘടകമായി പ്രഖ്യാപിച്ചത് എന്ത്കൊണ്ട്? (3)

9 ഗാന്ധിജിയുടെ ആദ്യകാല സമരങ്ങൾ ഏതെല്ലാം? (3)

10 നിസ്സഹകരണ പ്രസ്ഥാനത്തോടൊപ്പം ഗാന്ധിജി നടത്തിവന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഏവ? (3)

11 നിസ്സഹകരണ കാലഘട്ടത്തിൽ ആരംഭിച്ച ദേശീയ വിദ്യാലയങ്ങൾ പട്ടികപ്പെടുത്തുക? (3)

12 ഗാന്ധിജിയെ ക്വിറ്റ് ഇന്ത്യാ സമരത്തിലേക്ക് നയിച്ച ഘടകങ്ങൾ എവ? (3)

13 ക്വിറ്റ് ഇന്ത്യാ സമരത്തിന്റെ ഫലങ്ങൾ എന്തെല്ലാം ? (3)

14 അഖിലേന്ത്യാ തൊഴിലാളി സംഘടനയുടെ ലക്ഷ്യങ്ങൾ എന്തെല്ലാം? (3)

15 1919ലെ റൗലറ്റ് നിയമത്തിനെക്കുറിച്ച് കുറിപ്പുതയ്യാറാക്കുക (3)

16 വിട്ടുപോയവ പൂരിപ്പിക്കുക

| | |
|---|---|
| അഭിനവ് ഭാരത് സൊസൈറ്റി | A |
| B | ബരീന്ദർ കുമാർ ഘോഷ്, പുലിൻബിഹാരിദാസ് |
| ഗദ്ദർ പാർട്ടി | C |
| D | സൂര്യസെൻ |

17 ഗാന്ധിജിയുടെ ആദ്യകാലസമരങ്ങളുടെ ഫലങ്ങൾ കണ്ടെത്തുക? (4)

18 ഇന്ത്യയിലെ സാധാരണക്കാരുടെ വിശ്വാസവും അംഗീകാരവും നേടിയെടുക്കാൻ ഗാന്ധിജിക്കുകഴിഞ്ഞു; എങ്ങനെ? (4)

19 ഗാന്ധിജി ഉപ്പിനെ ഒരു സമരായുധമായി തെരഞ്ഞെടുക്കാൻ കാരണമെന്ത്? (4)

20 മൗണ്ട്ബാറ്റൻ പദ്ധതി മുന്നോട്ടുവച്ച ആശയങ്ങൾ എന്തെല്ലാം? (4)

21 ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ സുഭാഷ്ചന്ദ്രബോസിന്റെ സ്ഥാനം ഒഴിച്ചുകൂടാനാവാത്തതാണ് സമർത്ഥിക്കുക. (6)

22 സോഷ്യലിസ്റ്റ് പാർട്ടിയുടെ രൂപീകരണത്തിലേക്ക് നയിച്ച സംഭവങ്ങൾ പട്ടികപ്പെടുത്തുക (6)

23 ജാലിയൻവാലാബാഗ് സംഭവം ദേശീയപ്രസ്ഥാനത്തെ ബാധിച്ചത് എങ്ങനെ? (6)

24 നിയമലംഘനപ്രസ്ഥാനത്തിന്റെ ഭാഗമായി ഗാന്ധിജി മുന്നോട്ടുവച്ച ആശയങ്ങൾ ഏവ? (6)

25 ഉപ്പുസത്യാഗ്രഹം ദേശീയസമരത്തിന്റെ വിജയത്തിന് ഗണ്യമായ സംഭാവന നൽകി, സമർത്ഥിക്കുക. (6)

26 നിസ്സഹകരണ സമരത്തിനായുള്ള ഗാന്ധിജിയുടെ ആഹ്വാനത്തോട് ഇന്ത്യൻ ജനത പ്രതികരിച്ചത് എങ്ങനെ? (6)

27 ക്വിറ്റ് ഇന്ത്യാസമരത്തിന്റെ ഭാഗമായി ഗാന്ധിജി നൽകിയ നിർദ്ദേശങ്ങൾ എന്തെല്ലാം? (6)

28 ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ ഇന്ത്യൻ നാഷണൽ ആർമിയുടെ പങ്ക് വിലയിരുത്തുക? (6)

29 ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം നൽകുവാൻ ബ്രിട്ടനെ പ്രേരിപ്പിച്ച ഘടകങ്ങൾ എന്തെല്ലാം? (6)

30 ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന് തൊഴിലാളി കർഷക പ്രസ്ഥാനങ്ങളുടെ പങ്ക് നിസ്തുലമാണ് സമർത്ഥിക്കുക (4)

## ഉത്തരങ്ങൾ

1 അഹമ്മദാബാദ് ടെക്സ്റ്റൈൽ അസോസിയേഷൻ മദ്രാസ് ലേബർ യൂണിയൻ

2 മുഹമ്മദ് അലി, ഷൗക്കത്ത് അലി

3 ❖ ബ്രിട്ടീഷ് വിരുദ്ധ മനോഭാവം ഇന്ത്യയുടെ മുക്കിലും മൂലയിലും എത്തിക്കുക

❖ ഹിന്ദു-മുസ്ലീം ഐക്യം ശക്തിപ്പെടുത്തുക.

4 ❖ ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ അന്തിമലക്ഷ്യം പൂർണസ്വരാജ് ആണ് എന്ന് പ്രഖ്യാപിച്ചു.

❖ ഗാന്ധിജിയുടെ നേതൃത്വത്തിൽ സിവിൽ നിയമലംഘനം ആരംഭിക്കാൻ തീരുമാനിച്ചു.

5 ❖ പോലീസ് ജനക്കൂട്ടത്തിനുനേർക്ക് നടത്തിയ ഒരു വെടിവയ്പ്പിൽ പ്രതിഷേധിച്ച് ഗ്രാമീണർ ചൗരിചൗരയിലെ പോലീസ് സ്റ്റേഷൻ ആക്രമിക്കുകയും 22 പോലീസുകാരുടെ ജീവൻ നഷ്ടപ്പെടുകയും ചെയ്തു.

❖ അഹിംസ എന്ന ആശയം പൂർണമായി ജനങ്ങൾക്ക് ഉൾക്കൊള്ളാൻ കഴിഞ്ഞിട്ടില്ല എന്ന് മനസ്സിലാക്കിയ ഗാന്ധിജി നിസ്സഹകരണസമരം പിൻവലിച്ചു.

6 ❖ റൗലറ്റ് ആക്ടിൽ പ്രതിഷേധിക്കാൻ 1919 ഏപ്രിൽ 13 ന് പഞ്ചാബിൽ ജാലിയൻ വാലാബാഗ് മൈതാനത്ത് തടിച്ചുകൂടിയ ജനങ്ങൾക്ക് നേരെ വെടിവെയ്ക്കാൻ ജനറൽ ഡയർ ആജ്ഞ നൽകി.

❖ ധാരാളം ആളുകൾ കൊല്ലപ്പെട്ടു.

7 ❖ 1929ലെ ലാഹോർ സമ്മേളനം

❖ ജവഹർലാൽ നെഹ്റു

8 ❖ ദേശീയ സമരത്തിൽ മുസ്ലീം സാന്നിദ്ധ്യം ഉറപ്പുവരുത്താൻ

❖ ബ്രിട്ടീഷ് വിരുദ്ധ മനോഭാവം ഇന്ത്യയിലെമ്പാടും എത്തിക്കാൻ

9 ❖ 1917ലെ ചമ്പാരനിലെ നീലം കർഷകരുടെ സമരം

- ❖ 1918 ലെ ഗുജറാത്തിലെ അഹമ്മദാബാദ് തുണിമിൽ സമരം
- ❖ 1918 ലെ ഗുജറാത്തിലെ ഖേഡയിലെ കർഷകസമരം

10 ❖ ചർക്കയിൽ നൂൽനൂറ്റ് ഖാദി വസ്ത്രങ്ങൾ നെയ്തു.
- ❖ ദേശീയ വിദ്യാലയങ്ങൾ ആരംഭിച്ചു.
- ❖ തദ്ദേശീയമായ ഉൽപ്പന്നങ്ങൾ നിർമ്മിച്ചു.

11 ❖ കാശി വിദ്യാപീഠം
- ❖ ഗുജറാത്ത് വിദ്യാപീഠം
- ❖ ജാമിയ മില്ലിയ ഇസ്ലാമിയ

12 ❖ ഇന്ത്യയിൽ ഭരണഘടനാ പരിഷ്കാരങ്ങൾ നടപ്പിലാക്കാൻ ബ്രിട്ടൺ കാണിച്ച വൈമനസ്യം
- ❖ വിലകയറ്റവും ക്ഷാമവും മൂലമുള്ള ജനങ്ങളുടെ അതൃപ്തി
- ❖ രണ്ടാം ലോകയുദ്ധത്തിൽ ബ്രിട്ടൺ പരാജയപ്പെടുമെന്ന തോന്നൽ

13 ❖ മഹാത്മാഗാന്ധി ഉൾപ്പെടെയുള്ള നേതാക്കൾ അറസ്റ്റ് ചെയ്യപ്പെട്ടു.
- ❖ നിയന്ത്രണം നഷ്ടപ്പെട്ട ജനം സർക്കാർ ഓഫീസികളും, വാഹനങ്ങളും ഇലക്ട്രിക്ക് ലൈനുകളും നശിപ്പിച്ചു.
- ❖ 1942 ഓടെ ഇന്ത്യ പൂർണമായും സമരത്തിന്റെ തീച്ചൂളയിൽ ആക്കപ്പെട്ടു.

14 ❖ തൊഴിലാളി വർഗ്ഗം എന്ന നിലയിൽ സംഘടിക്കുകയും പ്രവർത്തിക്കുകയും ചെയ്യുക.
- ❖ ഇന്ത്യൻ തൊഴിലാളി വർഗം രാജ്യത്തിനു പുറത്തുള്ള തൊഴിലാളി വർഗവുമായി ചേർന്ന് പ്രവർത്തിക്കുക.
- ❖ സ്വാതന്ത്ര്യത്തിന് വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ സജീവ പങ്കുവഹിക്കുക.

15 ❖ തീവ്രവാദ പ്രവർത്തനങ്ങൾ തടയാൻ എന്ന പേരിൽ 1919ൽ ബ്രിട്ടീഷ് സർക്കാർ റൗലറ്റ് നിയമം നടപ്പിലാക്കി
- ❖ സിഡ്നി റൗലറ്റ് അദ്ധ്യക്ഷനായ കമ്മിറ്റിയാണ് നിയമം പാസ്സാക്കിയത്.
- ❖ ഈ നിയമപ്രകാരം ഏതൊരു വ്യക്തിയേയും അറസ്റ്റോ, വിചാരണയോ കൂടാതെ തടവിൽ വയ്ക്കാം.

16 A വി.ഡി. സവർക്കർ  B അനുശീലൻ സമിതി
C ലാലാഹർദ്ദയാൽ  D ഇന്ത്യൻ റിപ്പബ്ലിക്കൻ ആർമി

17 ❖ ഗാന്ധിജിയുടെ സമരരീതിയിലും ആശയങ്ങളും സാധാരണക്കാർക്ക് പോലും പരിചിതമായി
- ❖ ദേശീയ പ്രസ്ഥാനം ഗ്രാമങ്ങളിലേക്കും പടർന്നു
- ❖ ദേശീയ പ്രസ്ഥാനത്തിലേക്ക് വിദ്യാസമ്പന്നരോടൊപ്പം സാധാരണക്കാരും ആകർഷിക്കപ്പെട്ടു.
- ❖ ഗാന്ധിജിയെ ദേശീയ നേതാവായി എല്ലാവിഭാഗം ജനതയും അംഗീകരിച്ചു.

18 ❖ സൗത്ത് ആഫ്രിക്കയിൽ അദ്ദേഹം നയിച്ച സമരങ്ങൾ നേടിയ വിജയം

- ❖ സാധാരണക്കാരുടെ ജീവിതരീതി
- ❖ അഹിംസയിൽ അധിഷ്ഠിതമായ സമരരീതി
- ❖ തങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുന്ന രക്ഷകനായി ഗാന്ധിജിയെ ജനങ്ങൾ സ്വീകരിച്ചു.

19 ❖ ബ്രിട്ടീഷ് സർക്കാരിന്റെ നികുതി വരുമാനത്തിന്റെ അഞ്ചിൽ രണ്ടു ഭാഗവും ഉപ്പിനുമേൽ ചുമത്തുന്ന നികുതിയായിരുന്നു.

- ❖ ദരിദ്രർക്ക് ഈ നികുതി വലിയ ഭാരമായിരുന്നു.
- ❖ തദ്ദേശീയരായ ചെറുകിട ഉൽപ്പാദകർക്കുമേൽ ഉപ്പുണ്ടാക്കുന്നതിന് നിരോധനം ഏർപ്പെടുത്തി.
- ❖ ഉപ്പിന്റെ വില മൂന്നുമടങ്ങ് വർദ്ധിച്ചു.
- ❖ സാധാരണക്കാരെ ഉണർത്താൻ ഉതകുന്ന ഒരു മുദ്രാവാക്യമായിരുന്നു ഉപ്പ് നികുതി എടുത്തുകളയുക എന്നത്.

20 ❖ മുസ്ലീംങ്ങൾക്ക് ഭൂരിപക്ഷമുള്ള പ്രദേശത്ത് അവർ ആഗ്രഹിക്കുകയാണെങ്കിൽ പ്രത്യേകരാജ്യം അനുവദിക്കേണ്ടതാണ്.

- ❖ പഞ്ചാബും ബംഗാളും രണ്ടായിവിഭജിക്കേണ്ടതാണ്.
- ❖ വടക്കു പടിഞ്ഞാറൻ അതിർത്തി സംസ്ഥാനം പാകിസ്ഥാനിൽ ചേർക്കണമോ വേണ്ടയോ എന്ന് തീരുമാനിക്കുന്നതിന് ഒരു ഹിതപരിശോധന നടത്തുന്നതാണ്.
- ❖ ബംഗാളിലേയും പഞ്ചാബിലേയും ഹിന്ദു-മുസ്ലീം സംസ്ഥാനങ്ങളുടെ അതിർത്തി നിർണയിക്കാൻ കമ്മീഷനെ നിയമിക്കുന്നതാണ്.

21 ■ ഗാന്ധിയൻ സമരങ്ങളോട് പലഘട്ടങ്ങളിലും വിയോജിപ്പ് പ്രകടിപ്പിച്ച ആളായിരുന്നു സുഭാഷ്ചന്ദ്രബോസ്.

- ■ കോൺഗ്രസ് വിട്ട അദ്ദേഹം "ഫോർവേർഡ് ബ്ലോക്ക്" എന്ന രാഷ്ട്രീയ പാർട്ടിക്ക് രൂപം നൽകി.
- ■ ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനായി റാഷ് ബിഹാരിബോസ് രൂപീകരിച്ച ഇന്ത്യൻ നാഷണൽ ആർമിയുടെ നേതൃത്വം അദ്ദേഹം ഏറ്റെടുത്തു.
- ■ സിംഗപ്പൂരിൽവച്ച് സ്വാതന്ത്ര്യഭരണത്തിനായി ഒരു താൽക്കാലിക ഗവൺമെന്റ് അദ്ദേഹം രൂപീകരിച്ചു.
- ■ ജപ്പാൻ സൈന്യത്തിന്റെ സഹായത്തോടെ കിഴക്കൻ അതിർത്തി പിടിച്ചെടുക്കാൻ ഇന്ത്യൻ നാഷണൽ ആർമിയുമായി മാർച്ചു ചെയ്തു.
- ■ ഇംഫാലിൽ ദേശീയ പതാക ഉയർത്തി.

22 ■ റഷ്യൻ വിപ്ലവത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടുകൊണ്ട് 1930കളോടെ സോഷ്യലിസ്റ്റ് ആശയങ്ങൾ ഇന്ത്യയിൽ പ്രചരിക്കാൻ തുടങ്ങി.

- ■ ഈ ആശയങ്ങൾ കോൺഗ്രസ്സിനുള്ളിലെ ഒരു വിഭാഗത്തെയും സ്വാധീനിച്ചു.
- ■ ജവഹർലാൽ നെഹ്റു, സുഭാഷ് ചന്ദ്രബോസ്, ജയപ്രകാശ് നാരായൺ, അരുണാആസഫലി എന്നിവർ ചേർന്ന് കോൺഗ്രസ് പാർട്ടിക്കുള്ളിൽ കോൺഗ്രസ് സോഷ്യലിസ്റ്റ് വിഭാഗത്തിന് രൂപം നൽകി.

- 1934ൽ ബോംബെയിൽ ചേർന്ന സമ്മേളനത്തിൽ ജയപ്രകാശ് നാരായണന്റെ നേതൃത്വത്തിൽ കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി രൂപ കൊണ്ടു.

23 ■ ഇംഗ്ലീഷ് സർക്കാർ പാസാക്കിയ റൗലറ്റ് നിയമത്തിനെതിരേ പ്രതിഷേധിക്കാൻ സത്യാഗ്രഹസമരം ആരംഭിക്കാൻ ഗാന്ധിജി തീരുമാനിച്ചു.

- 1919 ഏപ്രിലിൽ അമൃത്സറിലെ ജാലിയൻ വാലാബാഗ് മൈതാനത്ത് പ്രതിഷേധത്തിനായി ജനങ്ങൾ തടിച്ചുകൂടി.
- പട്ടാള മേധാവിയായ ജനറൽ ഡയർ മുന്നറിയിപ്പു കൂടാതെ ജനങ്ങൾക്ക് നേരെ വെടിവയ്ക്കാൻ ഉത്തരവിട്ടു.
- ഇന്ത്യയിലെമ്പാടും ബ്രിട്ടീഷ് സർക്കാരിനെതിരെ ശക്തമായ പ്രതിഷേധം രൂപപ്പെടുന്നതിന് ജാലിയൻ വാലാബാഗ് സംഭവം കാരണമായി.
- "പ്ലാസ്സിയുദ്ധം ബ്രിട്ടീഷ് ഭരണത്തിന് അടിത്തറ ഇട്ടെങ്കിൽ ജാലിയൻ വാലാബാഗ് സംഭവം ബ്രിട്ടീഷ് ഭരണത്തിന്റെ അടിയത്തറയിളക്കി" എന്നാണ് ജാലിയൻ വാലാബാഗ് സംഭവത്തെക്കുറിച്ച് ഗാന്ധിജി അഭിപ്രായപ്പെട്ടത്.

24 ■ ഉപ്പുനികുതി എടുത്തുകളയുക

- കൃഷിക്കാർക്ക് 50% നികുതിയിളവ് നൽകുക.
- വിദേശവസ്ത്രങ്ങളുടെ ഇറക്കുമതിക്ക് ചുമത്തുന്ന നികുതി വർദ്ധിപ്പിക്കുക.
- രാഷ്ട്രീയ തടവുകാരെ വിട്ടയക്കുക.
- സൈനിക ചെലവും ഉയർന്ന ഉദ്യോഗസ്ഥരുടെ ശമ്പളവും വെട്ടിക്കുറക്കുക.
- ഇന്ത്യക്കാരെ നിരീക്ഷിക്കുന്നതിനായി നിയോഗിച്ചിട്ടുള്ള രഹസ്യാന്വേഷണ വിഭാഗത്തെ പിരിച്ചുവിടുക.
- തീരദേശ കപ്പൽ ഗതാഗതം ആരംഭിക്കുക.
- സമ്പൂർണ്ണ മദ്യനിരോധനം നടപ്പാക്കുക.

25 ■ ഗാന്ധിജിയുടെ ആഹ്വാനപ്രകാരം ഇന്ത്യയുടെ വിവിധഭാഗങ്ങളിൽ ബ്രിട്ടീഷ് സർക്കാരിന്റെ നിയമത്തെ ചോദ്യം ചെയ്തുകൊണ്ട് ഉപ്പുണ്ടാക്കാൻ തുടങ്ങി.

- കേരളത്തിലെ പയ്യന്നൂർ, തമിഴ്നാട്ടിലെ വേദാരണ്യം, ബോംബെയിലെ മഹാരാഷ്ട്ര, ബംഗാളിലെ നവഖാലി, വടക്കുകിഴക്കൻ അതിർത്തിപ്രദേശങ്ങൾ എന്നിവയായിരുന്നു സമരകേന്ദ്രങ്ങൾ.
- സമരവാളന്റിയർമാർ ഉപ്പുണ്ടാക്കി ജനങ്ങൾക്ക് വിതരണം ചെയ്തു.
- സരോജിനി നായിഡുവിന്റെ നേതൃത്വത്തിൽ പുറപ്പെട്ട സത്യാഗ്രഹികളെ ബ്രിട്ടീഷ്സർക്കാർ നിഷ്ഠൂരമായ രീതിയിൽ നേരിട്ടു.
- ഗാന്ധിജിയെ അറസ്റ്റുചെയ്യുകയും സമരം ക്രൂരമായി അടിച്ചമർത്തുകയും ചെയ്തെങ്കിലും ദേശീയ സമരചരിത്രത്തിലെ നാഴിക കല്ലായി മാറി.

26 ■ അവധിലെ കർഷകർ നികുതി നൽകാൻ വിസമ്മതിച്ചു.

- വടക്കൻ ആന്ധ്രയിലെ ഗിരിവർഗ്ഗക്കാർ വനനിയമം ലംഘിച്ച് വനത്തിനുള്ളിൽ പ്രവേശിക്കുകയും ഉൽപ്പന്നങ്ങൾ ശേഖരിക്കുകയും ചെയ്തു.

- ഉത്തർ പ്രദേശിലെ കർഷകർ കോളനി ഉദ്യോഗസ്ഥരുടെ ചുമടുകൾ എടുക്കാൻ വിസമ്മതിച്ചു.
- തൊഴിലാളികൾ പണിമുടക്കി
- വക്കീലൻമാർ കോടതിയിൽ പോകാൻ വിസമ്മതിച്ചു.
- വിദ്യാർത്ഥികൾ ബ്രിട്ടീഷ് സർക്കാരിന്റെ സ്കൂളുകളും കോളേജുകളും ഉപേക്ഷിച്ചു.
- സ്ത്രീകളടക്കമുള്ള ജനങ്ങൾ വിദേശവസ്ത്രങ്ങൾ പൊതുനിരത്തുകളിൽ കൂട്ടിയിട്ട് കത്തിച്ചു.

27
- നാട്ടുരാജാക്കൻമാർ സ്വന്തം ജനങ്ങളുടെ പരമാധികാരം അംഗീകരിക്കണം
- കർഷകർ ഭൂനികുതി കൊടുക്കാൻ കൂട്ടാക്കരുത്
- സർക്കാർ ജീവനക്കാർ രാജിവയ്ക്കാതെ ദേശീയ പ്രസ്ഥാനത്തോടുള്ള കൂറ് പരസ്യമാക്കണം.
- പട്ടാളക്കാർ സ്ഥാനങ്ങൾ വെടിയാതെ സ്വന്തം ആൾക്കാർക്കുനേരെ വെടിവയ്ക്കാൻ വിസമ്മതിക്കണം.
- സ്വാതന്ത്ര്യ പ്രാപ്തിവരെ പിടിച്ചു നിൽക്കാൻ കഴിയുമെങ്കിൽ വിദ്യാർത്ഥികൾ പഠനം ഉപേക്ഷിക്കണം.

28
- ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം നേടിക്കൊടുക്കുക എന്ന ലക്ഷ്യത്തോടെ റാഷ് ബിഹാരിബോസ് ഇന്ത്യൻ നാഷണൽ ആർമി രൂപീകരിച്ചു.
- പിന്നീട് സുഭാഷ്ചന്ദ്രബോസ് പിന്നീട് നേതൃത്വം ഏറ്റെടുത്തു.
- ഇന്ത്യൻ നാഷണൽ ആർമിയുടെ വനിതാ വിഭാഗമായിരുന്നു ഝാൻസി റെജിമെന്റ്.
- ജപ്പാൻ സേനയുടെ സഹായത്തോടെ സൈന്യം വടക്കുകിഴക്കൻ അതിർത്തിയിലേക്ക് മാർച്ച് ചെയ്തു.
- ഇംഫാലിൽ ദേശീയ പതാക ഉയർത്തുകയും ചെയ്തു.

29
- രണ്ടാംലോക മഹായുദ്ധത്തെതുടർന്ന് ലോകവ്യാപകമായി സാമ്രാജ്യത്വം തകർക്കപ്പെട്ടു.
- തുടർന്നുണ്ടായ സാമ്പത്തിക പ്രതിസന്ധിയെതുടർന്ന് ബ്രിട്ടന് കോളനികൾ നിലനിർത്താൻ കഴിയാതെ വന്നു.
- ഏഷ്യയിലും ആഫ്രിക്കയിലും സ്വാതന്ത്ര്യസമരങ്ങൾ ശക്തിയാർജ്ജിച്ചു.
- ബ്രിട്ടനിൽ ലേബർപാർട്ടി അധികാരത്തിൽ വന്നു.
- ഇന്ത്യയോട് മൃദു സമീപനം പുലർത്തിയിരുന്ന ക്ലമന്റ് ആറ്റ്ലി ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം നൽകാൻ തീരുമാനിച്ചു.

30
- തൊഴിലാളി വർഗമെന്നനിലയിൽ സംഘടിക്കുകയും പ്രവർത്തിക്കുകയും ചെയ്യുക.
- ഇന്ത്യൻ തൊഴിലാളിവർഗം രാജ്യത്തിനു പുറത്തുള്ള തൊഴിലാളിവർഗവുമായി ചേർന്നു പ്രവർത്തിക്കുക എന്നീ ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതൊടൊപ്പം സ്വാതന്ത്ര്യത്തിനു വേണ്ടി പോരാടാനും തൊഴിലാളി സംഘടനകൾ തീരുമാനിച്ചു.
- സംഘടിത ശക്തിയായി മാറേണ്ടിതിന്റെ ആവശ്യകത കർഷകർ തിരിച്ചറിഞ്ഞു.
- കർഷകർ ഇന്ത്യയിൽ എമ്പാടും തൊഴിലാളി-കർഷക സമരങ്ങൾ കൊടുമ്പിരികൊണ്ടു.
- കർഷകർ ഇന്ത്യയിൽ നിലനിന്ന ജന്മി വ്യവസ്ഥക്കെതിരെയും ജാതിവ്യവസ്ഥക്കെതിരെയും പോരാടാൻ തീരുമാനിച്ചു

യൂണിറ്റ് 7

# സ്വാതന്ത്ര്യാനന്തര ഇന്ത്യ

## ആമുഖം

നൂറ്റാണ്ടുകളായുള്ള വൈദേശിക ഭരണത്തിനും ചൂഷണത്തിനും ശേഷം സ്വതന്ത്രയായ ഇന്ത്യ നേരിട്ട വെല്ലുവിളികൾ എന്തെല്ലാമെന്നും അവ എപ്രകാരം തരണം ചെയ്താണ് ആധുനിക ഇന്ത്യ സൃഷ്ടിക്കപ്പെട്ടതെന്നും ഈ അധ്യായം ചർച്ച ചെയ്യുന്നു. വിഭജനവും അഭയാർത്ഥി പ്രവാഹവും തുടങ്ങി സ്വതന്ത്ര ഇന്ത്യ നേരിട്ട നാട്ടുരാജ്യങ്ങളുടെ സംയോജനം. ഭാഷാ അടിസ്ഥാനത്തിലുള്ള സംസ്ഥാനങ്ങളുടെ രൂപീകരണം സാമ്പത്തിക മേഖലയിലെ മുന്നേറ്റങ്ങൾ, ശാസ്ത്രസാങ്കേതിക നേട്ടങ്ങൾ, വിദ്യാഭ്യാസ പുരോഗതി, സാംസ്കാരിക നേട്ടങ്ങൾ ഉന്നമനം, വിദേശനയം. എന്നിവയുടെ വിശദമായ വിശകലനത്തിലൂടെ കുട്ടികളെ ആധുനിക ഭാരതനിർമ്മാണത്തിൽ പങ്കാളികളാകുന്നതിനുള്ള പ്രാപ്തിയും പ്രേരണയും നല്കുക എന്നതാണ് പാഠഭാഗത്തിന്റെ വിനിമയം ലക്ഷ്യമിടുന്നത്.

## ആശയങ്ങൾ

1. വിഭജനം
2. അഭയാർത്ഥി പ്രവാഹം
3. നാട്ടു രാജ്യങ്ങളുടെ സംയോജനം
4. ഭരണഘടനാരൂപീകരണവും ആദ്യ പൊതുതെരഞ്ഞെടുപ്പും
5. ഭാഷാ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങളുടെ രൂപീകരണം
6. ശാസ്ത്ര സാങ്കേതിക നേട്ടങ്ങൾ
7. ഇന്ത്യയും ബഹിരാകാശ ഗവേഷണവും
8. വിദ്യാഭ്യാസ നേട്ടങ്ങൾ
9. സാംസ്കാരിക നേട്ടങ്ങൾ
10. വിദേശനയം, പഞ്ചശീലതത്വങ്ങൾ

# ചോദ്യങ്ങൾ

1. നമ്മുടെ ജീവിതത്തിൽ നിന്ന് പ്രകാശം മറഞ്ഞ് പോയിരിക്കുന്നു. എവിടെയും ഇരുട്ടാണ് ഗാന്ധിജിയുടെ മരണത്തെപ്പറ്റി ഇങ്ങനെ പറഞ്ഞ വ്യക്തി ആര്? (1)
2. സ്വാതന്ത്ര്യാനന്തര ഇന്ത്യ അഭിമുഖീകരിച്ച പ്രധാന വെല്ലുവിളികൾ എന്തെല്ലാമായിരുന്നു?
3. സ്വാതന്ത്ര്യാനന്തര ഇന്ത്യ നേരിടേണ്ടി വന്ന വെല്ലുവിളി വിഭജനവും അതേ തുടർന്നുണ്ടായ അഭയാർത്ഥി പ്രവാഹവുമായിരുന്നു. വിലയിരുത്തുക
4. സർദാർ വല്ലഭായി പട്ടേലിനും നെഹ്റുവിനുമൊപ്പം നാട്ടു രാജ്യങ്ങളുടെ സംയോജനത്തിൽ നിർണ്ണായക പങ്ക് വഹിച്ച മലയാളി ആര്
5. 1946 ൽ രൂപീകരിച്ച ഭരണഘടനാനിർമ്മാണ സഭയുടെ അധ്യക്ഷൻ ആരായിരുന്നു
6. നാട്ടു രാജ്യങ്ങളെ ഇന്ത്യൻ യൂണിയനിൽ ലയിപ്പിക്കുന്നതിന് വേണ്ടി സർദാർ പട്ടേലും വി.വി.മേനോനും വഹിച്ച പങ്ക് വിലയിരുത്തുക
7. 1946 ൽ രൂപീകരിച്ച ഭരണഘടനാ നിർമ്മാണ സഭയുടെ അധ്യക്ഷൻ ആരായിരുന്നു?
8. ഭരണഘടന രൂപീകരണത്തിലേക്ക് നയിച്ച വിവിധഘട്ടങ്ങൾ വിലയിരുത്തുക?
9. സംസ്ഥാന പുനസംഘടന കമ്മീഷനിലെ അംഗങ്ങൾ ആരെല്ലാം?
10. സ്വാതന്ത്ര്യനന്തര ഇന്ത്യൻ സംസ്ഥാനങ്ങളുടെ പുനഃസംഘടനക്ക് ഭാഷ ഒരു മാനദണ്ഡമായി എടുക്കാൻ കാരണം എന്താണ്
11. ഭാഷാ അടിസ്ഥാനത്തിൽ കോൺഗ്രസ് കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ച ആദ്യത്തെ കോൺഗ്രസ് സമ്മേളനം? (1)
12. തെലുങ്ക് സംസാരിക്കുന്നവർക്ക് വേണ്ടി ഒരു പ്രത്യേക സംസ്ഥാനം വേണമെന്ന ആവശ്യവുമായി നിരാഹാരം അനുഷ്ഠിച്ച് മരണം വരിച്ച സ്വാതന്ത്ര്യ സമരസേനാനി ആര് ? (1)
13. സംസ്ഥാന പുനസംഘടനാ നിയമം പാസാക്കിയ വർഷം (1)
14. സ്വാതന്ത്ര്യാനന്തര ഇന്ത്യയുടെ സാമ്പത്തിക പുരോഗതിയുടെ പ്രധാന സവിശേഷതകൾ എന്തെല്ലാം (3)
15. ഇന്ത്യയിൽ ആസൂത്രണ കമ്മീഷൻ നിലവിൽ വന്ന വർഷം?
16. പഞ്ചവത്സര പദ്ധതികൾ ഇന്ത്യയുടെ സാമ്പത്തിക വളർച്ചയെ സഹായിച്ചതെങ്ങനെ?
17. ഇന്ത്യയുടെ സാമ്പത്തിക അടിത്തറ ഭദ്രമാക്കുന്നതിൽ വൻകിട അണകെട്ടുകൾ പ്രധാന പങ്ക് വഹിച്ചു സമർത്ഥിക്കുക (4)
18. ചുവടെ നല്കിയിരിക്കുന്നവർക്ക് ഷീറ്റ് പൂർത്തിയാക്കുക

| ഇരുമ്പ് വ്യവസായങ്ങൾ | സഹായം നല്കിയ രാഷ്ട്രം |
|---|---|
| ഭിലായ് | .................................. |
| ........................ | സോവിയറ്റ് യൂണിയൻ |
| റൂർക്കേല | .................................... |
| ........................... | ബ്രിട്ടൺ |

19. ഇന്ത്യയിലെ ഏറ്റവും വലിയ വിവിധോദ്ദേശ്യ നദീതട പദ്ധതി ഏത്? (1)

20. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ ആദ്യമായി നിലവിൽ വന്ന ശാസ്ത്രസാങ്കേതിക ഗവേഷണ സമിതികൾ ഏതെല്ലാം?

21. സ്വാതന്ത്ര്യാനന്തര ഇന്ത്യയുടെ ശാസ്ത്രരംഗത്തെ നേട്ടങ്ങൾ വിലയിരുത്തുക?

22. ബഹിരാകാശരംഗത്ത് ഇന്ത്യ കൈവരിച്ച നേട്ടങ്ങൾ ശ്രദ്ധേയമായത് വിലയിരുത്തുക

23. ഇന്ത്യയുടെ ഭാവി നിർണ്ണയിക്കപ്പെടുന്നത് ക്ലാസ് റൂമുകളിലാണ് ഇങ്ങനെ പറഞ്ഞ വ്യക്തിയാര്

24. പുതിയ. സഹസ്രാബ്ദത്തിലേക്ക് ഇന്ത്യയെ നയിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയ വിദ്യാഭ്യാസ നയമേത്?

25. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ നിലവിൽ വന്ന വിദ്യാഭ്യാസ കമ്മീഷനുകളെപ്പറ്റി ലഘുവിവരണം തയ്യാറാക്കുക?

26. ഓപ്പറേഷൻ ബ്ലാക്ക് ബോർഡ് പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാം?

27. 1986 ലെ ദേശീയ വിദ്യാഭ്യാസനയത്തിന്റെ പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാം?

28. ഇന്ത്യയുടെ സാംസ്കാരിക മുന്നേറ്റത്തിന് പ്രോത്സാഹനം നൽകുവാനായി ആരംഭിച്ച സ്ഥാപനമാണ് സംഗീത നാടക അക്കാദമി മറ്റ് പ്രധാനപ്പെട്ട നാല് സ്ഥാപനങ്ങൾ രേഖപ്പെടുത്തുക

29. ഇന്ത്യൻ വിദേശനയത്തിന്റെ മുഖ്യ ശില്പി ആര്?

30. ഇന്ത്യൻ വിദേശ നയത്തിന്റെ തത്വങ്ങൾ എന്തെല്ലാം (4)

31. പദസൂര്യൻ പൂർത്തിയാക്കുക



32.

| |
|---|
| ബഹിരാകാശ ഗവേഷണം |
| |
| ചന്ദ്രയാൻ |
| ആര്യഭട്ട |
| മംഗൾയാൻ |

33.

| | |
|---|---|
| ഹോമി ജെ.ഭാഭ | പഞ്ചശീല തത്വങ്ങൾ |
| വി.പി.മേനോൻ | ഡ്രാഫ്റ്റിംഗ് കമ്മിറ്റി |
| ചൗഎൻലായി | ഇന്ത്യൻ ആണവോർജ്ജ കമ്മീഷൻ |
| ബി.ആർ. അംബ്ദേകർ | ലയനക്കരാർ |

34.

| A | B |
|---|---|
| നാട്ടു രാജ്യങ്ങളുടെ സംയോജനം | ഫസൽ അലി |
| സംസ്ഥാന പുനസംഘടന കമ്മീഷൻ | സർദാർവല്ലഭായ്പട്ടേൽ |
| ഭാഷാ സംസ്ഥാനം | ഐ.എസ്. ആർ.ഒ |
| വിക്രംസാരാഭായ് | പോറ്റി ശ്രീരമലും |

## ഉത്തരങ്ങൾ

1. ജവഹർലാൽ നെഹ്റു
2. ഇന്ത്യാവിഭജനം
   - അഭയാർത്ഥി പ്രവാഹം
   - നാട്ടു രാജ്യങ്ങളുടെ സംയോജനം
   - ഭരണഘടനയുടെ കരട് രൂപം തയ്യാറാക്കൽ
   - ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാനങ്ങളുടെ പുനസംഘടന
3. ഇന്ത്യാ പാക് വിഭജനത്തെ തുടർന്നുണ്ടായ വർഗ്ഗീയ രാഷ്ട്രീയ ലഹളകൾ
   - കൽക്കട്ട ബീഹാർ നവഖാലി ദില്ലി പഞ്ചാബ് കാശ്മീർ എന്നിവിടങ്ങളിലെ കലാപങ്ങൾ രക്തരൂക്ഷിതമായിരുന്നു ആയിരക്കണക്കിനാളുകൾ കൊല്ലപ്പെടുകയും സ്ത്രീകൾ ആക്രമിക്കപ്പെടുകയും ചെയ്തു.
   - സർവ്വതും നഷ്ടപ്പെട്ട് പത്ത് ലക്ഷത്തോളം പേർ ഇന്ത്യയിൽ നിന്നും പാകിസ്ഥാനിലോട്ടും തിരിച്ചും അഭയാർത്ഥികളായി മാറി
4. വി.പി മേനോൻ
5. നാട്ടു രാജ്യങ്ങളെ ഇന്ത്യൻ യൂണിയനിൽ ലയിപ്പിക്കുന്നതിന് സർദാർ പട്ടേലും വി.വി.മേനോനും ചേർന്ന് ഒരു ലയന കരാർ തയ്യാറാക്കി
   - കരാർ അനുസരിച്ച് പ്രതിരോധം, വിദേശകാര്യംവാർത്താവിനിമയം എന്നിവയുടെ നിയന്ത്രണം നാട്ടു രാജ്യങ്ങൾ കേന്ദ്ര സർക്കാരിന് കൈമാറണം
6. 
   - സ്വാതന്ത്ര്യത്തിന് മുൻപ് ഇന്ത്യയിൽ അറുനൂറിൽപരം നാട്ടു രാജ്യങ്ങൾ ഉണ്ടായിരുന്നു
   - കേന്ദ്ര മന്ത്രിസഭയിലെ സംസ്ഥാനങ്ങളുമായി ബന്ധപ്പെട്ട വകുപ്പിന്റെ ചുമതല സർദാർ പട്ടേലിനായിരുന്നു
   - സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റിന്റെ സെക്രട്ടറി മലയാളിയായ വി.പി.മേനോൻ ആയിരുന്നു
   - പട്ടേലും, വി.പി.മേനോനും ചേർന്ന് ലയന കരാർ തയ്യാറാക്കി
   - പ്രതിരോധം വിദേശരാജ്യം വാർത്താവിനിമയം എന്നിവയുടെ നിയന്ത്രണം നാട്ടു രാജ്യങ്ങൾ കേന്ദ്ര ഗവൺമെന്റിന് കൈമാറണം
   - ഹൈദ്രാബാദ്, ജുനഗഡ്, കാശ്മീർ എന്നീ നാട്ടു രാജ്യങ്ങൾ ഇന്ത്യൻ യൂണിയനിൽ ചേരാൻ വിസമ്മതിച്ചു
   - അനുരഞ്ജനത്തിലൂടെയും, സൈനിക നടപടികളിലൂടെയും ഇന്ത്യൻ യൂണിയനിൽ ലയിപ്പിച്ചു

7. ഡോ.രാജേന്ദ്രപ്രസാദ്

8. ക്യാബിനറ്റ്മിഷന്റെ നിർദ്ദേശപ്രകാരം 1946 ൽ രാജേന്ദ്ര പ്രസാദ് അധ്യക്ഷനായി ഭരണഘടനാ നിർമ്മാണസഭ രൂപവൽക്കരിച്ചു

- ഭരണഘടന എഴുതി തയ്യാറാക്കി ബി.ആർ. അംബേദ്കർ ചെയർമാനായി ഒരു ഡ്രാഫ്റ്റിംഗ് കമ്മിറ്റിയെ നിയമിച്ചു. നിരവധി ചർച്ചകളിലൂടെയും സംവാദങ്ങളിലൂടെയും ഭരണഘടനയ്ക്ക് രൂപം നല്കി
- ഇന്ത്യൻ സ്വാതന്ത്ര്യസമര ആശയങ്ങളുടെ പ്രതിഫലനമായിരുന്നു. ഇന്ത്യൻ ഭരണഘടന അനുസരിച്ച് 1950 ജനുവരി 26 ഇന്ത്യ ഒരു റിപ്പബ്ലിക്കായി മാറി.

9. ഫസൽ അലി, എച്ച്.എൻ.കുൻസ്രു, സർദാർ കെ.എം.പണിക്കർ

10. ഒരു നാട്ട് രാജ്യത്ത് തന്നെ വ്യത്യസ്ത ഭാഷകൾ സംസാരിക്കുന്നവർ ഉണ്ടായിരുന്നു. അതിനാൽ ഭാഷാ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപീകരിക്കണമെന്ന ആവശ്യം ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നും ഉയർന്നു വരുന്നു

- സ്വാതന്ത്ര്യാനന്തരം ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപീകരിക്കണമെന്ന ആവശ്യം ഉന്നയിച്ചു കൊണ്ട് ജനകീയ പ്രക്ഷോഭങ്ങൾ ആരംഭിച്ചു. പോറ്റി ശ്രീരാമലു നിരാഹാരസമരം നടത്തുകയും തുടർന്ന് മരണപ്പെടുകയും ചെയ്തത് പ്രക്ഷോഭം രൂക്ഷമാക്കുകയും തുടർന്ന് തെലുങ്ക് സംസാരിക്കുന്നവർക്ക് വേണ്ടി 1953 ൽ ആന്ധ്രാപ്രദേശ സംസ്ഥാനം രൂപീകരിച്ചു
- ഭാഷയുടെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങളെ പുനസംഘടിപ്പിക്കുന്നതിനായി സംസ്ഥാന പുനഃസംഘടനാ കമ്മീഷൻ രൂപീകരിച്ചു
- കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 1956 ൽ ഇന്ത്യൻ സംസ്ഥാന പുനഃസംഘടന നിയമം പാർലമെന്റ് പാസാക്കുകയും അതനുസരിച്ച് 14 സംസ്ഥാനങ്ങളും 6 കേന്ദ്രഭരണപ്രദേശങ്ങളും നിലവിൽ വരുകയും ചെയ്തു.

11. നാഗ്പൂർ സമ്മേളനം

12. പോറ്റി ശ്രീരാമലു

13. 1956

14. മിശ്ര സമ്പദ് വ്യവസ്ഥ

- കേന്ദ്രീകൃത സാമ്പത്തിക പദ്ധതി
- ആസൂത്രണകമ്മീഷന്റെ രൂപീകരണം
- പഞ്ചവൽസര പദ്ധതിയുടെ തുടക്കം
- കാർഷിക വ്യവസായ മേഖലയുടെ അഭിവൃദ്ധി
- ഇരുമ്പ് ഉരുക്ക് വ്യവസായ ശാലകൾക്കുള്ള വിദേശസഹായം

15. 1976

16. കാർഷിക വ്യവസായിക മേഖലയുടെ പുരോഗതി

- ദാരിദ്ര്യ നിർമ്മാജനം
- വിദ്യാഭ്യാസ മേഖലയിലെ പുരോഗതി
- ഇരുമ്പ് ഉരുക്ക് വ്യവസായശാലകളുടെ രൂപീകരണം
- ഡാമുകളുടെ നിർമ്മാണം

17. കൃഷിക്കാവശ്യമായ ജലത്തിന്റേയും വ്യവസായങ്ങൾക്കാവശ്യമായ വൈദ്യുത ഊർജ്ജത്തിന്റേയും ലഭ്യത

- ഇന്ത്യയിലെ ഏറ്റവും വലിയ വിവിധോദ്ദേശ്യ നദീതട പദ്ധതിയായ ഭക്രാനംഗൽ പദ്ധതിയുടെ ആരംഭം. മറ്റ് അണക്കെട്ടുകളുടെ നിർമ്മാണം
- ജലസേചന സൗകര്യങ്ങൾ ലഭ്യമായതോടെ ഇന്ത്യയിലെ കാർഷികോല്പാദന വർദ്ധനവ് ഊർജ്ജത്തിന്റെ ലഭ്യത വ്യവസായങ്ങളുടെ വളർച്ച

8.

| ഇരുമ്പ് ഉരുക്ക് വ്യവസായശാലകൾ | സഹായം നല്കിയ രാഷ്ട്രം |
|---|---|
| ഭിലായ് | സോവിയറ്റ് യൂണിയൻ |
| ബൊക്കാറൊ | സോവിയറ്റ് യൂണിയൻ |
| റൂർക്കേല | ജർമ്മനി |
| ദുർഗ്ഗാപ്പൂർ | ബ്രിട്ടൺ |

19. ഭക്രാനംഗൽ

20. ശാസ്ത്ര വ്യാവസായിക ഗവേഷണ സമിതി

- ഇന്ത്യൻ കാർഷിക ഗവേഷണ സമിതി
- ഇന്ത്യൻ മെഡിക്കൽ ഗവേഷണ സമിതി

21. ഗവേഷണസ്ഥാപനങ്ങൾ

- ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫണ്ടമെന്റൽ റിസർച്ച്
- ഇന്ത്യൻ ആണവോർജ്ജ് കമ്മീഷൻ
- ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി

22. സ്വാതന്ത്ര്യാനന്തര ഇന്ത്യ ബഹിരാകാശ ഗവേഷണ രംഗത്ത് നിരവധി പരീക്ഷണങ്ങൾ നടത്തി

- 1962 - ൽ ജവഹർലാൽ നെഹ്റുവിന്റേയും വിക്രം സാരാഭായിയുടേയും നേതൃത്വത്തിൽ രൂപം കൊണ്ട ദേശീയ ബഹിരാകാശ ഗവേഷണ സമിതി
- 969-ലെ ഐ.എസ്.ആർ.ഒ.യുടെ രൂപീകരണം
- തുമ്പ റോക്കറ്റ് വിക്ഷേപണ കേന്ദ്രം
- 1975 ൽ ഒന്നാമത്തെ ഉപഗ്രഹമായ ആര്യഭട്ടയുടെ വിക്ഷേപണം
- നാഷണൽ റിമോട്ട് സെൻസിങ് ഏജൻസി, ഫിസിക്കൽ റിസർച്ച് ലബോട്ടറി എന്നിവയുടെ രൂപീകരണം
- മിസൈൽ സാങ്കേതിക രംഗത്തെ മുന്നേറ്റം ഡോ.രാജാരാമണ്ണ, എ.പി.ജെ. അബ്ദുൽകലാം, അഗ്നി, പൃഥ്വി മിസൈലുകൾ, ചന്ദ്രയാൻ, മംഗൾയാൻ തുടങ്ങിയവ

23. ഡോ.ഡി.എസ്. കോത്താരി

24. 1986 ലെ ദേശീയ വിദ്യാഭ്യാസനയം

25.

| കമ്മീഷനുകൾ | ലക്ഷ്യങ്ങൾ | ശുപാർശകൾ |
|---|---|---|
| ഡോ: രാധാകൃഷ്ണൻ കമ്മീഷൻ | സർവ്വകലാശാലാ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള പഠനം | തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങുക.<br>സ്ത്രീ വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകണം.<br>യൂണിവേഴ്സിറ്റി ഗ്രാന്റ് കമ്മീഷൻ (YGC) രൂപീകരണം. |
| ഡോ: ലക്ഷ്മണസ്വാമി മുതലിയാർ കമ്മീഷൻ (1952) | സെക്കന്ററി വിദ്യാഭ്യാസം | ത്രിഭാഷ പദ്ധതി, അദ്ധ്യാപക പരിശീലന സമിതി |
| ഡോ: ഡി. എസ്. കോത്താരി | വിദ്യാഭ്യാസത്തിന്റെ ദേശീയ മാതൃകയെപ്പറ്റിയുള്ള നിർദ്ദേശം | 10 + 2 + 3 മാതൃകയിൽ വിദ്യാഭ്യാസം നടപ്പിലാക്കണം.<br>ധാർമ്മിക വിദ്യാഭ്യാസത്തിന് ഊന്നൽ നൽകണം |

26. പ്രാഥമിക വിദ്യാഭ്യാസത്തിനും തുടർ വിദ്യാഭ്യാസത്തിനും പ്രാധാന്യം നൽകണം
(പ്രൈമറിതലത്തിൽ വിദ്യാഭ്യാസം സാർവത്രികമാക്കാനും, സ്കൂളുകളിലെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്താനും ഓപ്പറേഷൻ ബ്ലാക്ക് ബോർഡ് പദ്ധതി നടപ്പിലാക്കണം

- ഓരോ ജില്ലയിലും നവോദയ വിദ്യാലയങ്ങൾ സ്ഥാപിക്കണം
- പെൺകുട്ടികൾക്ക് വിദ്യാഭ്യാസത്തിന് പ്രോത്സാഹനം നല്കണം

27. പ്രൈമറി തലത്തിൽ വിദ്യാഭ്യാസം സാർവത്രികമാക്കുക, സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക
28. സംഗീതനാടക അക്കാഡമി & ലളിതകലാ അക്കാദമി

- സാഹിത്യ അക്കാദമി
- നാഷണൽ അക്കാദമി
- നാഷണൽസ് ബുക്ക് ട്രസ്റ്റ് ഓഫ് ഇന്ത്യ

29. ജവഹർലാൽ നെഹ്റു
30. സാമ്രാജ്യത്തോടും കൊളോണിയൽ വ്യവസ്ഥയോടുമുള്ള എതിർപ്പ്

- വംശീയവാദത്തോടുള്ള വിദ്വേഷം
- ഐക്യ രാഷ്ട്രസഭയിലുള്ള വിശ്വാസം
- സമാധാനപരമായ സഹവർത്തിത്വം
- പഞ്ചശീല തത്വങ്ങൾ
- വിദേശസഹായത്തിന്റെ ആവശ്യകതയിലുള്ള ഊന്നൽ
- ചേരി ചേരായ്മ

31.



32.




33. ചുവടെതന്നിട്ടുള്ള പട്ടിക ക്രമപ്പെടുത്തുക

| | | |
|---|---|---|
| ഹോമി ജെ.ഭാഭ | – | ഇന്ത്യൻ ആണവോർജ്ജ കമ്മീഷൻ |
| വി.പി.മേനോൻ | – | ലയനക്കരാർ |
| ചൗഎൻലായി | – | പഞ്ചശീലതത്വങ്ങൾ |
| ബി.ആർ. അംബേദ്കർ | – | ഡ്രാഫ്റ്റിംങ് കമ്മിറ്റി |

34. എ. കോളത്തിനനുയോജ്യമായ ബി കോളത്തിൽ നിന്നും കണ്ടെത്തി രേഖപ്പെടുത്തുക

| എ | ബി | |
|---|---|---|
| നാട്ടു രാജ്യങ്ങളുടെ സംയോജനം | സർദാർവല്ലഭായ്പട്ടേൽ | |
| സംസ്ഥാന പുനസംഘടന കമ്മീഷൻ | ഫസൽ അലി | |
| ഭാഷാ സംസ്ഥാനം | പോറ്റി ശ്രീര | മലു |
| വിക്രംസാരാഭായ് | ഐ.എസ്. ആർ.ഒ | |

## യൂണിറ്റ് 8

# കേരളം ആധുനികതയിലേക്ക്

### ആമുഖം

കേരളം ആധുനികതയിലേക്ക് എന്ന പാഠഭാഗത്തിലൂടെ കേരളത്തിലെ വിദേശ ആധിപത്യം, ബ്രിട്ടീഷ് ചൂഷണങ്ങൾക്കെതിരെ കേരളത്തിൽ വിവിധ ഭാഗങ്ങളിൽ നടന്ന ചെറുത്ത് നിൽപ്പുകൾ, കൃഷിയിലെ വാണിജ്യ വൽക്കരണം, പത്തൊൻപത് - ഇരുപത് നൂറ്റാണ്ടിൽ ഉയർന്നുവന്ന സാമൂഹിക പരിഷ്കരണ പ്രശ്നങ്ങൾ, ദേശിയ പ്രസ്ഥാനത്തിലെ സ്ത്രീ സാന്നിധ്യം, ഐക്യകേരളത്തിന്റെ രൂപീകരണത്തിലേക്ക് നയിച്ച സാഹചര്യങ്ങൾ എന്നിവ വിശദമായി പ്രതിപാദിക്കുന്നു.

### ആശയങ്ങൾ

- യൂറോപ്യൻ ശക്തികൾ, പോർട്ടുഗീസുകാർ, ഡച്ചുകാർ, ബ്രിട്ടിഷുകാർ, ഫ്രഞ്ചുകാർ
- ആറ്റിങ്ങൽ കലാപം
- ആദ്യകാല ചെറുത്തുനിൽപുകൾ
- കൃഷിയുടെ വാണിജ്യവൽക്കരണം
- സാമൂഹികപരിഷ്കരണ പ്രാസ്ഥാനങ്ങൾ
- ഐക്യകേരള രൂപീകരണം

## ചോദ്യങ്ങൾ

1. കൃഷിയുടെ വാണിജ്യവൽക്കരണം കേരളത്തിന്റെ കാർഷിക മേഖലയിൽ വരുത്തിയ മാറ്റങ്ങൾ (2)
2. ബ്രിട്ടിഷുകാർക്കെതിരെ കേരളത്തിൽ നടന്ന ആദ്യത്തെ കലാപമാണ് ആറ്റിങ്ങൽ കലാപം സമർത്ഥിക്കുക. (3)
3. കേരള ചരിത്രത്തിൽ കുളച്ചൽ യുദ്ധത്തിന്റെ പ്രാധാന്യം വിലയിരുത്തുക. (3)
4. ബ്രിട്ടീഷ് ഭരണം കേരളത്തിലെ ഭൂബന്ധങ്ങളിൽ വരുത്തിയ മാറ്റങ്ങൾ വിശകലനം ചെയ്യുക. (4)
5. ബ്രിട്ടീഷ് ഭരണകാലത്തുണ്ടായ വിദ്യാഭ്യാസ പുരോഗതി വിലയിരുത്തുക. (3)

6. കേരളത്തിലെ നിയമരംഗത്തും ആരോഗ്യരംഗത്തും ബ്രിട്ടീഷ് ഭരണത്തിന്റെ സ്വാധീനഫലമായി ഉണ്ടായ മാറ്റങ്ങൾ പട്ടികപ്പെടുത്തുക. (4)

7. കേരളത്തിലെ സാമൂഹിക പരിഷ്കർത്താക്കൾ അവരുടെ പ്രവർത്തനങ്ങൾ പ്രസ്ഥാനങ്ങൾ എന്നിവ പട്ടികപ്പെടുത്തുക (4)

8. കുറിപ്പ് തയ്യാറാക്കുക (4)

ഈഴവ മെമ്മോറിയൽ

മലയാളിമെമ്മോറിയൽ

9. കേരളത്തിൽ മലബാർ, കൊച്ചി, തിരുവിതാംകൂർ എന്നിവിടങ്ങളിൽ നടന്ന രാഷ്ട്രീയ പ്രക്ഷോഭങ്ങളെക്കുറിച്ച് ഒരു വിവരണം തയ്യാറാക്കുക? (3)

10. കേരള ദേശീയ പ്രസ്ഥാനത്തിലെ സ്ത്രീ പങ്കാളിത്തത്തെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക. (3)

11. ഐക്യകേരള രൂപീകരണത്തിലേക്ക് നയിച്ച സാഹചര്യങ്ങൾ വിലയിരുത്തുക. (4)

12. പട്ടികപ്പെടുത്തുക (4)

കെ. കേളപ്പൻ, ഡോ.പൽപ്പു, പഴശ്ശിരാജ, ബാരിസ്റ്റർ ജി.പി. പിള്ള, ശ്രീനാരായണ ഗുരു, വേലുത്തമ്പി ദളവ, റ്റി. കെ മാധവൻ, കെ.സി മേനോൻ

| |
|---|
| കുണ്ടറ വിളംബരം |
| വൈക്കം സത്യഗ്രഹം |
| ഗുരുവായൂർ സത്യഗ്രഹം |

13. പട്ടിക പൂർത്തിയാക്കുക (4)

ബ്രിട്ടീഷുകാർക്കെതിരെ

| ബ്രിട്ടീഷുകാർക്കെതിരെ നടന്ന ചെറുത്തുനിൽപ്പുകൾ | നേതാക്കന്മാർ | കാരണങ്ങൾ | പ്രദേശം | വർഷം |
|---|---|---|---|---|
| പഴശ്ശികലാപം | a | b | മലബാർ | c |
| d | e | ആഭ്യന്തരകാര്യങ്ങളിലെ ഇടപെടൽ | കുണ്ടറ വിളംബരം | f |
| g | പാലിയത്തച്ചൻ | h | കൊച്ചി | i |

14. പട്ടികപൂർത്തിയാക്കുക (3)

| മിഷനറീസ് | പ്രവർത്തനമേഖല |
|---|---|
| a | തിരുവതാംകൂർ |
| ചർച്ച്മിഷൻ സൊസൈറ്റി | b |
| c | മലബാർ |

15. പട്ടികപൂർത്തിയാക്കുക (3)

| സാമൂഹികപരിഷ്കർത്താക്കൾ | പ്രസ്ഥാനങ്ങൾ |
|---|---|
| വൈകുണ്ഠസ്വാമികൾ | ശ്രീനാരായണ ഗുരു |
| b | c |
| അയ്യങ്കാളി | ആത്മവിദ്യാസംഘം |
| d | e |
| സഹോദരൻ അയ്യപ്പൻ | ആര്യസമാജം |
| f | |

16. ............. ക്രമത്തിലാക്കുക (4)

തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസിന്റെ രൂപീകരണം

ഐക്യകേരള കൺവെൻഷൻ

കൊച്ചി രാജ്യപ്രജാമണ്ഡലത്തിന്റെ രൂപീകരണം

ഒറ്റപ്പാലം സമ്മേളനം

# ഉത്തരങ്ങൾ

1. • കമ്പോളത്തെ ലക്ഷ്യമാക്കിയുള്ള കൃഷി
   • നെല്ലിന് പകരം കാപ്പി, തെങ്ങ്, തേയില, ഏലം എന്നിവ കൃഷിചെയ്യാൻ തുടങ്ങി
2. • ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ പ്രതിനിധിയായി 1615-ൽ വില്യംകീലിംഗ് കേരളത്തിലെത്തി.
   • സാമൂതിരിയെ സന്ദർശിച്ച് വ്യാപാര ഉടമ്പടി ഒപ്പുവെച്ചു.
   • ആറ്റിങ്ങലിൽ കോട്ടപണിയാനുള്ള അനുവാദം നേടിയെടുത്തു.
   • അഞ്ചു തെങ്ങിനെ സൈനിക കേന്ദ്രമാക്കി മാറ്റിയതിൽ നാട്ടുകാർ ശക്തമായി പ്രതിഷേധിച്ചു.
   • 1721-ൽ ആറ്റിങ്ങൽ റാണിക്ക് സമ്മാനവുമായി പോയ 150-ഓളം ഇംഗ്ലീഷ് സംഘത്തെ നാട്ടുകാർ വധിച്ചു.
   • ആറ്റിങ്ങൽ കലാപം ബ്രിട്ടീഷുകാർക്കെതിരെ നടന്ന ആദ്യകലാപമാണ്.
3. • ഡച്ചുകാരുടെ ആയുധബലത്തിനേറ്റ ആദ്യത്തെ ശക്തിയേറിയ പ്രഹരം.
   • തിരുവിതാംകൂർ ഭരണാധികാരിയായ മാർത്താണ്ഡ വർമ്മ 1741-ൽ ഡച്ചുകാരെ പരാജയപ്പെടുത്തിയ യുദ്ധം.
4. • കർഷകർക്ക് ഭൂമിയുടെ മേൽ അവകാശം ഉണ്ടായിരുന്നില്ല.
   • ബ്രിട്ടീഷുകാർ, ജന്മി എന്നിവരുടെ അമിത നികുതി കർഷകരെ വലച്ചു.
   • കർഷകർ ഇതിനെതിരെ കലാപങ്ങൾ സംഘടിപ്പിച്ചു.
   • കലാപത്തിന് ശേഷം ഭൂമിയുടെ മേൽ കർഷകർക്ക് അവകാശം ലഭിച്ചു.
   • പണ്ടാരപ്പാട്ട വിളംബരം, ജന്മി-കുടിയാൻ വിളംബരം എന്നിവയിലൂടെയാണ് കുടിയാന്മാർക്ക് ഭൂമിയുടെമേൽ അവകാശം ലഭിച്ചത്.
5. • അച്ചടി ആരംഭിച്ചു
   • മലയാളത്തിൽ വ്യാകരണ ഗ്രന്ഥങ്ങളും നിഘണ്ടുവും തയ്യാറാക്കി.
   • എല്ലാവർക്കും വിദ്യാഭ്യാസം നൽകി.
   • സ്കൂളുകളും കോളേജുകളും ആരംഭിച്ചു.
   • 1817-ൽ ഗൗരി പാർവ്വതിഭായി പ്രൈമറി വിദ്യാഭ്യാസം സൗജന്യമാക്കി അപേക്ഷ ക്ഷണിച്ചു.
6. **നിയമരംഗം**
   • നിതീന്യായ വ്യവസ്ഥ പരിഷ്കരിച്ചു.
   • ഏകീകൃത ശിക്ഷാ നടപടികൾ നടപ്പിലാക്കി.

- നിയമത്തിന് മുമ്പിൽ എല്ലാവരും സമൻമാരായി
- വിവിധ സ്ഥലങ്ങളിൽ കോടതികൾ സ്ഥാപിച്ചു.

**ആരോഗ്യരംഗം**

- അലോപ്പതി ചികിത്സാ ആരംഭിച്ചു.
- വസൂരി തടയാനുള്ള കുത്തിവെയ്പ്പ്
- തിരുവതാംകൂറിൽ ഇംഗ്ലണ്ടിൽ നിന്ന് മരുന്നു വരുത്താൻ ഒരു കമ്പനിയെ നിയമിച്ചു.

7.

| സാമൂഹ്യപരിഷ്കർത്താക്കൾ | പ്രസ്ഥാനങ്ങൾ/പ്രവർത്തനങ്ങൾ |
|---|---|
| • വൈകുണ്ഠസ്വാമികൾ | സമത്വസമാജം |
| • ചട്ടമ്പിസ്വാമികൾ | കൂട്ടുകുടുംബവ്യവസ്ഥ, മരുമക്കത്തായം എന്നിവയ്ക്കെതിരെ പോരാടി |
| • ശ്രീനാരായണ ഗുരു | ശ്രീനാരായണ ധർമ്മപരിപാലനസംഘം |
| • അയ്യങ്കാളി | സാധുജനപരിപാലനസംഘം |
| • വക്കം അബ്ദുൾഖാദർ മൗലവി | തിരുവതാംകൂർ മുസ്ലീം മഹാജനസഭ |
| • വാഗ്ഭടാനന്ദൻ | ആത്മവിദ്യാസംഘം |
| • സഹോദരൻ അയ്യപ്പൻ | സഹോദര പ്രസ്ഥാനം |
| • പണ്ഡിറ്റ് കെ.പി കറുപ്പൻ | അരയസമാജം |
| • മന്നത്ത്പത്മനാഭൻ | നായർ സർവ്വീസ് സൊസൈറ്റി |
| • വി.ടി ഭട്ടതിരിപ്പാട് | യോഗക്ഷേമ സഭ |
| • കുമാരഗുരുദേവൻ | പ്രത്യക്ഷരക്ഷാദൈവ സഭ |

8. മലയാളി മെമ്മോറിയൽ (1891)

- സർക്കാർ ജോലികളിൽ തിരുവിതാംകൂറുകാർക്ക് മതിയായ പ്രാതിനിധ്യം ആവശ്യപ്പെട്ടുകൊണ്ട് പതിനായിരത്തിൽ അധികംപേർ ഒപ്പിട്ട മെമ്മോറാണ്ടം തിരുവിതാംകൂർ രാജാവിന് സമർപ്പിച്ചു.
- ബാരിസ്റ്റർ ജി.പി പിള്ള നേതൃത്വം നൽകി ഈഴവ മെമ്മോറിയൽ
- ഡോ. പൽപ്പു ഈഴവർ അനുഭവിക്കുന്ന പ്രയാസങ്ങൾ ചൂണ്ടിക്കാണിച്ച് തിരുവിതാംകൂർ മഹാരാജാവിന് സമർപ്പിച്ച മെമ്മോറാണ്ടം.

9. **മലബാർ**

- 1961-ൽ ആനിബസന്റിന്റെ നേതൃത്വത്തിൽ മലബാർ ജില്ലാകോൺഗ്രസിന്റെ പ്രഥമ സമ്മേളനം
- 1920 മഞ്ചേരിയിൽ അവസാനത്തെ മലബാർ രാഷ്ട്രീയ സമ്മേളനം
- 1920 ഖിലാഫത്ത് കമ്മിറ്റി രൂപീകരണം
- 1921-ൽ മലബാർ കലാപം

**തിരുവിതാംകൂർ**

- 1891 മലയാളി മെമ്മോറിയൽ ജി.പി. പിള്ള
- 1896-ൽ ഈഴവ മെമ്മോറിയൽ ഡോ. പൽപ്പു
- സ്വദേശാഭിമാനി, രാമകൃഷ്ണപിള്ളയെ നാടുകടത്തൽ, രാഷ്ട്രീയപ്രക്ഷോഭങ്ങൾ
- 1932-ൽ നിവർത്തനപ്രക്ഷോഭം

**കൊച്ചി**

- 1931-ൽ ഇലക്ട്രിസിറ്റി സമരം
- വൈദ്യുതി വിതരണം സ്വകാര്യ കമ്പനിയിൽ ഏൽപ്പിച്ചത്
- 1941-ൽ കൊച്ചി രാജ്യപ്രജാമണ്ഡലം രൂപീകരിച്ചു.
- ഇക്കണ്ടവാര്യർ, പനമ്പള്ളി ഗോവിന്ദമേനോൻ, കെ. അയ്യപ്പൻ

10. • രാഷ്ട്രീയ പ്രക്ഷോഭങ്ങളിൽ സ്ത്രീകൾ സജീവമായി പങ്കെടുത്ത് അവരുടെ രാഷ്ട്രീയ അവബോധം പ്രകടിപ്പിച്ചു.

- ഗാന്ധിജിയുടെ രംഗപ്രവേശം കൂടുതൽ സ്ത്രീകളെ ആകർഷിച്ചു.
- മലബാർ കലാപം, വിദേശ വസ്ത്ര ബഹിഷ്കരണം, അയിത്തോച്ചാടനം, ഹരിജനോദ്ധാരണം , ഖാദി പ്രചാരണം എന്നിവ സ്ത്രീപങ്കാളിത്തംകൊണ്ട് ശ്രദ്ധനേടി.
- 1931-ൽ കോൺഗ്രസിന്റെ വടകരസമ്മേളനത്തിന്റെ ഭാഗമായി ആദ്യത്തെ മഹിളാ സമ്മേളനം ചേർന്നു.

നേതൃത്വം നൽകിയവർ

മലബാർ - എ.വി കുട്ടിമാളു അമ്മ

തിരുവിതാംകൂർ - അക്കാമ്മ ചെറിയാൻ, ആനിമസ് ക്രീൻ

11. • 1921-ൽ ഒന്നാം കേരള സംസ്ഥാന രാഷ്ട്രീയ സമ്മേളനം നടന്നു.

- തിരുവിതാംകൂർ, കൊച്ചി, മലബാർ പ്രദേശങ്ങളെ ഉൾപ്പെടുത്തി കേരളപ്രദേശ് കോൺഗ്രസ് കമ്മറ്റി നിലവിൽവന്നു.

- ജവഹർലാൽ നെഹ്റുവിന്റെ അധ്യക്ഷതയിൽ ചേർന്ന പയ്യന്നൂർ കോൺഗ്രസ് സമ്മേളനം കേരളത്തെ ഒരു പ്രത്യേക സ്ഥലമാക്കി പുനഃസംഘടിപ്പിക്കണമെന്ന പ്രമേയം അവതരിപ്പിച്ചു.
- ഐക്യകേരള പ്രമേയം പാസാക്കി.
- 1949-ൽ തിരുവിതാംകൂർ-കൊച്ചി സംയോജിപ്പിച്ച് തിരുകൊച്ചി സംസ്ഥാനം രൂപീകരിച്ചു.
- ഇ.എം.എസ് നമ്പൂതിരിപ്പാടിന്റെ ഒന്നേകാൽകോടി മലയാളികൾ എന്ന ഗ്രന്ഥത്തിലൂടെ മലയാളം സംസാരിക്കുന്ന പ്രദേശങ്ങൾ ഉൾപ്പെടുത്തി കേരളം രൂപീകരിക്കണമെന്ന് സൂചിപ്പിച്ചു.
- സംസ്ഥാന പുനഃസംഘടനാ കമ്മീഷൻ രൂപീകരിച്ചു.
- 1956 നവംബറിൽ മലബാർ, തിരുവിതാംകൂർ കൊച്ചി എന്നീ പ്രദേശങ്ങൾ ഉൾപ്പെടുത്തി കേരള സംസ്ഥാനം രൂപീകൃതമായി.

12.

| സംഭവങ്ങൾ | വ്യക്തികൾ |
|---|---|
| • കുണ്ടറ വിളംബരം | വേലുത്തമ്പി ദളവ |
| • വൈക്കം സത്യഗ്രഹം | ടി.കെ മാധവൻ |
| • ഗുരുവായൂർ സത്യാഗ്രഹം | കെ.കേളപ്പൻ |
| • കീഴരിയൂർ ബോംബ്കേസ് | കെ.ബി മേനോൻ |
| • മലയാളി മെമ്മോറിയൽ | ജി.പി. പിള്ള |
| • ഈഴവ മെമ്മോറിയൽ | ഡോ. പൽപ്പു |

13 a കേരളവർമ്മ പഴശ്ശിരാജ

b വയനാട് മേഖലയിലെ ബ്രിട്ടീഷ് ആധിപത്യം

c 1800–1805

d വേലുത്തമ്പി കുണ്ടറവിളംബരം

e വേലുത്തമ്പിദളവ

f 1809

g പാലിയത്തച്ചൻ

h ബ്രിട്ടീഷുകാരുടെ അമിതമായ ഇടപെടൽ

i 1809

14. • ലണ്ടൻ മിഷൻ സൊസൈറ്റി

• കൊച്ചി

• ബാസൽ ഇവാഞ്ചലിക്കൽ മിഷൻ

15. സമത്വസമാജം

ശ്രീനാരായണ ഗുരു

സാധുജന പരിപാലന സംഘം

വാഗ്ഭടാനന്ദൻ

സഹോദര പ്രസ്ഥാനം

പണ്ഡിറ്റ് കെ.പി കറുപ്പൻ

16. ഒറ്റപ്പാലം സമ്മേളനം – 1921

തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ് രൂപീകരണം – 1938

കൊച്ചി രാജ്യപ്രജാമണ്ഡലത്തിന്റെ രൂപീകരണം – 1941

ഐക്യകേരള കൺവെൻഷൻ – 1947

## യൂണിറ്റ് 9

# രാഷ്ട്രവും രാഷ്ട്രതന്ത്രവും

## ആമുഖം

വളരെ പ്രാധാന്യം ഉൾക്കൊള്ളുന്ന ഒരു പഠന ശാഖയാണ് രാഷ്ട്രതന്ത്ര ശസ്ത്രം. സമൂഹത്തിന്റെ വളർച്ചയ്ക്കും വികാസത്തിനും മനുഷ്യന്റെ സമസ്ത ജീവിത മേഖലകളിലും രാഷ്ട്രതന്ത്ര ശാസ്ത്രം ചെലുത്തുന്ന സ്വാധീനം വലുതാണ്. സാമൂഹ്യ വ്യവസ്ഥയിലെ പ്രധാന സ്ഥാപനം എന്ന നിലയിൽ രാഷ്ട്രത്തെ വിശകലനം ചെയ്യുകയും രാഷ്ട്രത്തിന്റെ ചുമതലകളുടെ രാഷ്ട്രവും പൗരനും തമ്മിലുള്ള പരസ്പര ബന്ധം തിരിച്ചറിയലുമാണ് ഈ അധ്യായത്തിന്റെ പ്രധാന ലക്ഷ്യം. ഏത് വിഷയത്തേയും വിമർശനാത്മകമായി വിശകലനം ചെയ്യാനും ക്രിയാത്മകമായി അതിൽ ഇടപെടുന്നതിനും രാഷ്ടതന്ത്രപഠനം സഹായിക്കുന്നു.

## ആശയങ്ങൾ

- രാഷ്ട്രം എന്തെന്ന് തിരിച്ചറിയുന്നതിന്.
- രാഷ്ട്രത്തിന്റെ വിവിധ ഘടകങ്ങൾ മനസിലാക്കുന്നത്.
- രാഷ്ട്രരൂപീകര സിദ്ധാന്തങ്ങൾ
- രാഷ്ട്രത്തിന്റെ നിർബന്ധിതവും വിവേചനപരവുമായ ചുമതലകൾ
- പരമാധികാരം അതിന്റെ ആഭ്യന്തരബാഹ്യതലങ്ങൾ
- പൗരത്വം
- ആർജ്ജിതപൗരത്വം സ്വാഭാവിക പൗരത്വം.

## ചോദ്യങ്ങൾ

1. രാഷ്ട്രം എന്നാൽ എന്ത്? (2)
2. ഒരു രാഷ്ട്രത്തിന്റെ പ്രധാനപ്പെട്ട ഘടകങ്ങൾ ഏതെല്ലാം?(4)
3. രാഷ്ട്രത്തിന്റെ ചുമതലകൾ പട്ടികപ്പെടുത്തുക (2)
4. രാഷ്ട്രരൂപീകരണവുമായി ബന്ധപ്പെട്ട സിദ്ധാന്തങ്ങൾ ഏതെല്ലാം (4)

5. രാഷ്ട്രത്തിന്റെ നിർബന്ധിതവും വിവേചനപരവുമായ ചുമതലകൾ വിശകലനം ചെയ്യുക (4)
6. പരമാധികാരത്തിന്റെ ആഭ്യന്തര ബാഹ്യതലങ്ങൾ വിലയിരുത്തുക (2)
7. പൗരത്വം എന്നാൽ എന്ത്? എത്രയായി തരംതിരിച്ചിരിക്കുന്നു, പട്ടികപ്പെടുത്തുക. (4)
8. രാഷ്ട്രതന്ത്രപഠന ശാസ്ത്രത്തിന്റെ ആവശ്യകതയെക്കുറിച്ച് വിലയിരുത്തുക (2)

## ഉത്തരങ്ങൾ

1. ഒരു നിശ്ചിത ഭൂപ്രദേശത്ത് സ്ഥിരമായി അധിവസിക്കുന്നവരും പരമാധികാരവുമുള്ള ഗവൺമെന്റോടു കൂടിയതുമായ ഒരു ജനതയാണ് രാഷ്ട്രം.

2. 
- ജനങ്ങൾ
- ഭൂപ്രദേശം
- ഗവൺമെന്റ്
- പരമാധികാരം

3. 
- ക്രമസമാധാനം ഉറപ്പുവരുത്തുക.
- തൊഴിലവസരങ്ങൾ സൃഷ്ടിക്കുക
- വികസനപദ്ധതികൾ നടപ്പാക്കുക
- നിയമങ്ങൾ നടപ്പിലാക്കുക.
- നീതി ഉറപ്പുവരുത്തുക.

4. 
- ദൈവദത്തസിദ്ധാന്തം
- പരിണാമസിദ്ധാന്തം
- സാമൂഹ്യ ഉടമ്പടി സിദ്ധാന്തം
- ശക്തി സിദ്ധാന്തം

5. **നിർബന്ധിത ചുമതല**
- അതിർത്തി സംരക്ഷണം
- ആഭ്യന്തര സമാധാനം
- അവകാശ സംരക്ഷണം
- നീതിനടപ്പാക്കൽ

**വിവേചനപരമായ ചുമതല**

- ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുക.
- വിദ്യാഭ്യാസ സൗകര്യം ഒരുക്കുക
- ക്ഷേമപദ്ധതികൾ നടപ്പിലാക്കുക
- ഗതാഗതസൗകര്യം ഒരുക്കുക.

6. **ആഭ്യന്തരതലം**

ഭൂപ്രദേശ പരിധിക്കുള്ളിൽ എല്ലാവിഷയത്തിലും തീരുമാനമെടുക്കാനുള്ള അധികാരം.

**ബാഹ്യതലം**

അന്തർദേശീയ വിഷയങ്ങളിൽ തീരുമാനമെടുക്കാനുള്ള അധികാരം.

7. 
- ഒരു രാജ്യത്തെ പൂർണ്ണവും തുല്യവുമായ അംഗത്വമാണ് പൗരത്വം
- പൗരത്വം രണ്ടു തലത്തിൽ ഉണ്ട്
- ആർജിത പൗരത്വം
- സ്വാഭാവിക പൗരത്വം
- ജന്മനാ ലഭിക്കുന്ന പൗരത്വം
- ഒരു രാജ്യത്ത് നിലവിലുള്ള നിയമനുസൃത നടപടികൾ പാലിച്ചുകൊണ്ട് ഒരാൾ നേടുന്ന പൗരത്വം.

8. പ്രതിനിധാനം ചെയ്യുന്ന സമൂഹത്തിന്റെ മേന്മയും മികവും നമ്മൾ എങ്ങനെ സമൂഹത്തിലെ രാഷ്ട്രീയ പ്രക്രിയയായി ഇടപെടുന്നു എന്നും പൊതുവായ വിഷയത്തിൽ യുക്തിപൂർവ്വം എങ്ങനെ ഇടപെടണമെന്ന മനസിലാക്കുന്നതിന് രാഷ്ട്രതന്ത്രപഠനശാസ്ത്രം നമ്മെ സഹായിക്കുന്നു.

# യൂണിറ്റ് 10

# പൗരബോധം

## ആമുഖം

ഒരു സമൂഹത്തിന്റെ വളർച്ചയ്ക്കും വികാസത്തിനും സുസ്ഥിരമായ നിലനിൽപ്പിനും പൗരബോധം അത്യാവശ്യമാണ് ജനാധിപത്യത്തിന്റെയും രാഷ്ട്രനിർമ്മാണത്തിന്റെയും പൂർണ്ണതയ്ക്ക് പൗരബോധം അത്യാവശ്യമാണ്. ഒരു പൗരന്റെ സാമൂഹ്യബോധതലത്തിലുള്ള വികാസമാണ് പൗരബോധം. ഇതിന്റെ പശ്ചാത്തലങ്ങൾ വിനിമയം ചെയ്യുകയാണ് ഈ പാഠഭാഗത്തിലൂടെ

## ആശയങ്ങൾ

1. പൗരബോധം
2. പൗരബോധത്തിന്റെ പ്രാധാന്യം
3. പൗരബോധത്തെ നിർണയിക്കുന്ന ഘടകങ്ങൾ
4. പൗരബോധവും ധാർമികതയും
5. പൗരബോധം നേരിടുന്ന വെല്ലുവിളികൾ
6. സാമൂഹ്യശാസ്ത്ര പഠനവും പൗരബോധവും.

## ചോദ്യങ്ങൾ

1. പൗരബോധം എന്നാൽ എന്ത്? (2)
2. ധാർമികത എന്നാൽ എന്ത്? (2)
3. പൗരബോധം രൂപപ്പെടുത്തുന്ന പ്രധാന ഘടകങ്ങൾ ഏവ? (2)
4. പൗരബോധം വളർത്തിയെടുക്കുന്നതിൽ ധാർമികത വഹിക്കുന്ന പങ്ക് വിശദമാക്കുക? (2)
5. ഉത്തമ പൗരബോധമുള്ള വ്യക്തിത്വങ്ങൾ സമൂഹത്തിന് വലിയ സംഭാവനകൾ നൽകുന്നു ഉദാഹരണങ്ങൾ നൽകുക. (2)
6. പൗരബോധത്തിന്റെ പ്രാധാന്യം വിശദമാക്കുക? (3)

7. കുടുംബം പൗരബോധം വളർത്തുന്നതിൽ നിർണായക പങ്ക് വഹിക്കുന്നു വിശദമാക്കുക? (4)

8. മാധ്യമങ്ങൾ, ജനാധിപത്യവ്യവസ്ഥ എന്നിവ പൗരബോധരൂപീകരണത്തിന് സഹായകമാകുന്നതെങ്ങനെ? (4)

9. പൗരബോധം നേരിടുന്ന വെല്ലുവിളികൾ പരിഹാരമാർഗങ്ങൾ എന്നിവ വിശദമാക്കുക?

10. പൗരബോധ രൂപീകരണത്തിന് സാമൂഹ്യശാസ്ത്രത്തെ എങ്ങനെ പ്രയോജനപ്പെടുത്താം? (4)

## ഉത്തരങ്ങൾ

1. ഓരോ പൗരനും സമൂഹത്തിന് വേണ്ടിയുള്ളതാണെന്നും സമൂഹത്തിന്റെ ഉത്തമതാൽപര്യങ്ങളാണ് പൗരന്റേതുമെന്നുള്ള തിരിച്ചറിവാണ് പൗരബോധം

2. നന്മ തിന്മകൾ തിരിച്ചറിഞ്ഞ് നന്മയെ സ്വീകരിക്കുകയും കടമകൾ ഉത്തരവാദിത്വത്തോട് നിർവ്വഹികകുകയുമാണ് ധാർമികത എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.

3. കുടുംബം

   വിദ്യാഭ്യാസം

   സംഘടനകൾ

   സാമൂഹിക വ്യവസ്ഥ

   രാഷ്ട്രീയ വ്യവസ്ഥ

4. നന്മ തിന്മകൾ തിരിച്ചറിഞ്ഞ് നന്മയെ സ്വീകരിക്കുകയും കടമകൾ ഉത്തരവാദിത്വത്തോട് നിർവ്വഹികകുകയുംമാണ് ധാർമികത. ധാർമികത പൗരബോധത്തെ സഹായിക്കുന്നു. ജീവിതത്തിന്റെ എല്ലാ മേഖലകളിലും ധാർമികത സൃഷ്ടിക്കലാണ് പൗരബോധം വളർത്തിയെടുക്കാനുള്ള ഏറ്റവും ഫലപ്രദമായ മാർഗം

5. എ.പി.ജെ അബ്ദുൽകലാം

   മദർ തെരേസ

   മയിലമ്മ

   ദശരഥ്മാഞ്ചി

6. സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും പുരോഗതിയെ പൗരബോധം വളരെയധികം സ്വാധീനിക്കുന്നു. പൗരബോധമില്ലെങ്കിൽ മനുഷ്യൻ സ്വാർത്ഥനാവുകയും എല്ലാ പ്രവർത്തനങ്ങളും സ്വന്തം നേട്ടങ്ങൾക്കുവേണ്ടി മാത്രമാവുകയും ചെയ്യും. ഇത് സാമൂഹിക ജീവിതത്തെ പ്രതികൂലമായി ബാധിക്കും.

7. സാമൂഹിക സ്ഥാപനം എന്ന നിലയിൽ കുടുംബം വ്യക്തിത്വരൂപീകരണത്തിൽ വലിയ പങ്ക് വഹിക്കുന്നു, മുതിർന്നവരെ ബഹുമാനിക്കാനും സാമൂഹസേവനത്തിൽ ഏർപ്പെടാനും നാം പഠിക്കുന്നത് പ്രാഥമിക സ്ഥാപനമായ കുടുംബത്തിൽ നിന്നാണ് ഓരോ വ്യക്തിയും കുടുംബത്തിന് വേണ്ടിയും കുടുംബം സമൂഹത്തിന് വേണ്ടിയുമാണെന്ന ബോധം കുടുംബാന്തരീക്ഷത്തിൽ വളർത്തി എടുക്കാൻ കഴിയണം.

8. **മാധ്യമങ്ങൾ**

- പൗരബോധ രൂപീകരണത്തിന് മാധ്യമങ്ങൾക്ക് വലിയ സ്ഥനമാണുള്ളത്
- ശരിയായതും വസ്തുനിഷ്ഠവുമായ വിവരങ്ങൾ ക്രിയാത്മകമായ ആശയരൂപീകരണത്തിലേക്ക് നയിക്കും.
- മാധ്യമങ്ങൾ നിഷ്പക്ഷവും സ്വതന്ത്രവുമായിരിക്കണം

മാധ്യമങ്ങളിൽ നിന്നുലഭിക്കുന്ന അറിവുകൾ വിമർശനാത്മകമായി വിലയിരുത്തണം.

**ജനാധിപത്യം**

- പൗരബോധത്തിന് അനിവാര്യമായ ഒരു ഘടകമാണ് ജനാധിപത്യം
- പൗരബോധം വളർത്തിയെടുക്കുന്നതിന് സഹായിക്കുന്ന എല്ലാ ഘടകങ്ങളുടെയും അടിസ്ഥാന ജനാധിപത്യമാണ്.
- ജനാധിപത്യം സഹജീവികളെ ക്കുറിച്ച് ചിന്തിക്കാനും അവരുടെ സ്വാതന്ത്ര്യം, സമത്വം, അവകാശങ്ങൾ എന്നിവ സംരക്ഷിക്കുന്നതിനുവേണ്ടി പ്രവർത്തിക്കാനും പ്രേരിപ്പിക്കും.

9.
- പൊതു താല്പര്യങ്ങളെ അവഗണിച്ചു സ്വന്തം താല്പര്യങ്ങൾക്ക് വേണ്ടി എന്തും ചെയ്യാൻ തയ്യാറാവുന്നതാണ് പൗരബോധം നേരിടുന്ന പ്രധാന വെല്ലുവിളികൾ.
- ഓരോരുത്തരും അവരവരുടെ പ്രവർത്തനങ്ങളെ വിമർശനാത്മകമായി വിലയിരുത്തുക.
- പൊതുതാൽപര്യങ്ങൾ ഹനിക്കാതെ സ്വന്തം താല്പര്യങ്ങൾക്കുവേണ്ടി പരിശ്രമിക്കുക.
- മറ്റുള്ളവരിൽ നിന്ന് പ്രതീക്ഷിക്കുന്ന മാറ്റങ്ങൾ നമ്മളിൽ നിന്ന് തുടങ്ങുക.

10.
- വൈവിധ്യങ്ങളെ ബഹുമാനിക്കാനും സഹിഷ്ണുതയോടെ പെരുമാറാനും വ്യക്തികളെ പ്രാപ്തരാക്കുന്നു.
- സമാധാനത്തിന്റെയും സഹവർത്തിത്വത്തിന്റെയും സന്ദേശം ജനങ്ങളിലെത്തിക്കുന്നു.
- രാഷ്ട്രീയ സാമൂഹിക സാമ്പത്തിക പാരിസ്ഥിതിക പ്രശ്നങ്ങളുടെ പശ്ചാത്തലങ്ങൾ മനസ്സിലാക്കാൻ സഹായിക്കുന്നു.